

www.keralapravasisangham.com

# പ്രവാസലോകം

വാല്യം 4 ലക്കം 2 2019 ജൂലൈ ത്രൈമാസിക

**കേരളാ പ്രവാസിസംഘം**
**സംസ്ഥാന പഠന ക്യാമ്പ്**
ജൂലൈ 15,16
ഇ.എം.എസ്. അക്കാഡമി,
തിരുവനന്തപുരം


**08**
പ്രേംനസീറിന് മരണമില്ല
സുബ്രഹ്മണ്യൻ അമ്പാടി

**09**
ലോക കേരള സഭയുടെ ദുബായ് സമ്മേളനം
ഡോ. മുബാരക്ക് സാനി

**28**
മയാമി സഞ്ചാരികളുടെ പറുദീസ
അജിത്ത് നാട്ടകം

# In this Issue




03 **എഡിറ്റോറിയൽ**
*പി.റ്റി. കുഞ്ഞുമുഹമ്മദ് Ex. MLA*
04 **ജനറൽ സെക്രട്ടറിയുടെ കുറിപ്പ്**
*കെ.വി. അബ്ദുൾഖാദർ MLA*
06 **പ്രവാസികളെ തഴഞ്ഞ ബജറ്റ്**
*പി. സെയ്താലിക്കുട്ടി*
08 **പ്രേംനസീറിന് മരണമില്ല**
*സുബ്രഹ്മണ്യൻ അമ്പാടി*
09 **ലോക കേരള സഭ**
*ഡോ. മുബാറക്ക് സാനി*
13 **അദ്ദേഹം തിരക്കിലാണ്**
*വിലാസിനി ടീച്ചർ അയ്യന്തോൾ*
17 **നിതാന്ത ദുഃഖം**
*എസ്. വിജയചന്ദ്രൻ നായർ*
26 **ഹരിത മിഷൻ**
*മഞ്ഞക്കുളം നാരായണൻ*
27 **കട്ടൻചായ നിസ്സാരക്കാരനല്ല**
28 **മയാമി സഞ്ചാരികളുടെ പറുദീസ**
*അജിത്ത് നാട്ടകം*
38 **ഒരു കാർട്ടൂൺ വിചാരം**
*പ്രൊഫ. എ.റ്റി. ളാത്തറ*
39 **അമ്മമൊഴി**
*ഡോ. വറുഗീസ് പി. പീറ്റർ*
40 **കൂട്ടായ്മകളുടെ വേറിട്ട വഴികൾ**
*കെ. വിജയകുമാർ*
42 **സൈകതത്തിലെ കാക്കകൾ**
*സുലേഖ ജമാൽ*
44 **പ്രവാസി സംഘം പഠനക്യാമ്പ്**
*പി. കെ അബ്ദുള്ള*
45 **വേണം നമുക്കും ഒരു പ്രവാസി അക്കാദമി**
എം.എം. നഈം
46 **ഇന്ത്യൻ ഭരണഘടനയിലെ മതനിരപേക്ഷത**
*പ്രൊഫ. ഡോ. ഓമന റസ്സൽ*
48 **പതിനേഴാം ലോകസഭ തിരഞ്ഞെടുപ്പിന്റെ ബാക്കി പത്രം**
*സുരേഷ് പരുമല*
50 **അരക്ഷിത ബാല്യം:***എ.സി. ആനന്ദൻ*
51 **വാർത്തകൾ**
56 **വീട് മലയാളിയുടെ വികാരം**
*എം. മുകേഷ് എം.എൽ.എ*
57 **സൗന്ദര്യത്തിനായി അഞ്ച് സൂത്രവിദ്യകൾ**
*ഡോ. എലിസബത്ത് ചാക്കോ*
58 **പാചകം:** *രാജം റെയ്ചൽ മാത്യു*

05 **സാജനെ മാപ്പ്**
പീറ്റർ മാത്യു തിരുവല്ല
07 **അബ്ദുള്ളക്കുട്ടിമാർ അറിഞ്ഞിരിക്കേണ്ടത്**
അനിൽ കൊടിത്തോട്ടം
15 **അധികാരം എന്ന തിന്മ**
പ്രൊഫ. തോമസ് മാത്യു
19 **സലീൽ ചൗധരിയുടെ സംഗീത സപര്യ**
ഡോ. സിബി മാത്യൂസ് IPS
21 **പ്രവാസം**
ഡോ. കെ.എൻ ഹരിലാൽ
32 **നളന്ദ**
ഡോ. കെ. എം. ജോർജ്ജ്
34 **മാർക്സിയൻ സൗന്ദര്യശാസ്ത്രം**
പ്രൊഫ. ജി.രാജശേഖരൻ നായർ
37 **ഇറച്ചിയേറ്**
ബന്യാമിൻ




# editorial

*ചീഫ് എഡിറ്റർ*
**പി.റ്റി. കുഞ്ഞുമുഹമ്മദ്**
**Ex. MLA**

*മാനേജിംഗ് എഡിറ്റർ*
**കെ. വി. അബ്ദുൾഖാദർ**
**MLA**

*എഡിറ്റർ*
**പിറ്റർ മാത്യു തിരുവല്ല**

*പ്രിന്റർ & പബ്ലിഷർ*
**എം.സി. അബു**

**PRAVASALOKAM**
TC. 25/1955 (4) 2nd Floor,
Manjalikulam Road,
Thampanoor, Trivandrum.
Tel: 0471-2333366.
Mob: 9526047177
pravasalokam1@gmail.com

*Layout and Design*
Global, Tiruvalla
Ph: 0469-2634355



പ്രവാസത്തിന്റെ ദർശനവും അത് മനുഷ്യരിലുണ്ടാക്കിയ മാറ്റങ്ങളും വലിയ പഠനത്തിന് വിധേയമാകേണ്ടതാണ്. ലോക ചരിത്രത്തിന്റെ ഭാഗം തന്നെയാണ് കുടിയേറ്റങ്ങളുംഅവയുണ്ടാക്കിയ സംഭാവനകളും. എന്നാൽ കേരളീയ സമൂഹം ഈ വിഷയത്തെ ഗൗരവമായി എടുത്തിട്ടില്ല എന്നാണ് എന്റെ അഭിപ്രായം. ഉപരി വിപ്ലവമായ പഠനങ്ങളും നിരീക്ഷണങ്ങളും മാത്രമായി അത് നിലനിൽക്കുന്നു. മലയാളി ജീവിതത്തിന് അതുണ്ടാക്കിയമാറ്റങ്ങൾ ചിന്തയിലും, രാഷ്ട്രീയത്തിലും, ഭാഷയിലും, സംസ്കാരത്തിലും, ഭരണത്തിലും, വസ്ത്രത്തിലും, ആവാസ വ്യവസ്ഥയിലുമെല്ലാം നമ്മൾ പഠിക്കേണ്ടതുണ്ട്.

എല്ലാ സമൂഹങ്ങളും തങ്ങളുടെ മതത്തിലും ജാതിക്കുള്ളിലുമുള്ള നിരവധി സമ്പ്രദായങ്ങൾ മാറ്റുന്ന കാഴ്ചകൾക്ക് നമ്മൾ സാക്ഷിയായി. ഈ സമൂഹങ്ങളിലെ ജീവിത വ്യവഹാരങ്ങളിൽ പരസ്പരം കൊള്ളകൊടുപ്പുകൾക്ക് ഇടം ഉണ്ടായി.

ഭക്ഷണം, വസ്ത്രം,വിവാഹം മുതലായവ ജീവിതത്തിന്റെ പ്രധാന വിഷയങ്ങളിൽ കൊള്ളകൊടുക്കുന്നത് വലിയ നിലയിൽ സമൂഹ ജീവതത്തിൽ പ്രകടമായി. എന്നാൽ ഫ്യൂഡലിസത്തിന്റേയും യാഥാസ്ഥിതിക ത്വത്തിന്റെയും പൊതു ചടങ്ങിൽ നിന്ന് കേരളം മോചിതമായില്ല. അതിന് പ്രധാന കാരണം കേരളത്തിലെ വിദ്യാഭ്യാസവും ഭരണ സംവിധാനവും എല്ലാം പഴയ ആശയ ലോകത്ത് തന്നെ നിൽക്കുന്നു എന്നുള്ളതാണ്. കേരളത്തിലെ ചില ഭൗതികമണ്ഡലം കാര്യമായ മാറ്റത്തിന് വിധേയമാകുന്നില്ല. ചുറ്റും നടക്കുന്ന മാറ്റങ്ങളെ സ്വീകരിക്കുന്നതും അതിനോടൊപ്പം ഉയരുവാനും നമുക്കാവുന്നില്ല. കൊളോണിയൽ ഭരണസമ്പ്രദായം അതിന്റെ തോട് പൊട്ടിച്ചെറിയാൻ ഇനിയും കാലങ്ങളെടുക്കും എന്നാണ് നാമിപ്പോൾ കാണുന്ന കേരളത്തെക്കുറിച്ച് ചിന്തിക്കുന്നവരും ഭൗതിക മണ്ഡലത്തിൽ പ്രവർത്തിക്കുന്നവരും നിഷ്ക്രീയരും യാഥാസ്തികരുമാണ്. നമ്മുടെ സാംസ്കാരിക മണ്ഡലത്തിലെ പൊതുബോധം ബഹു ഭൂരിപക്ഷം സമൂഹത്തിന്റെ പൊതുബോധമാണ്.

ഇടതു പക്ഷ സാംസ്കാരിക മണ്ഡലത്തിലും ഇത് പ്രകടമായ കാഴ്ചയാണ്. നമ്മുടെ ജീവിതത്തിലുായ വമ്പൻ മാറ്റങ്ങളും മേൽപ്പറഞ്ഞ രീതിയിലുള്ള വിദ്യാഭ്യാസഭരണ സാംസ്കാരിക നിശ്ചലതയും മോരും മുതിരയും പോലെ വേറിട്ട് നിൽക്കുന്നു. ഈ ദൗർഭാഗ്യകരമായ അവസ്ഥയെ മറികടക്കാൻ പ്രവാസികൾക്കേ കഴിയൂ. ഭയന്ന് മാറി നിൽക്കേണ്ട വരല്ല പ്രവാസികൾ. സത്യം ആരുടെ മുൻപിലും ഉച്ചത്തിൽ പറയാൻ ആത്മധൈര്യമുള്ളവരാണ് നമ്മൾ. അതിന് പ്രവാസി സമൂഹം തയ്യാറാവണം.

അഭിവാദനങ്ങളോടെ,

**പി.റ്റി. കുഞ്ഞുമുഹമ്മദ് Ex. MLA**



## ജനറൽ സെക്രട്ടറിയുടെ കുറിപ്പ്

സുഹൃത്തുക്കളെ,

പ്രവാസികൾക്ക് ആശയും ആവേശവും പകർന്ന കേരളത്തിലെ എൽഡിഎഫ് സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ഗൂഢശ്രമങ്ങൾക്കെതിരെ പ്രവാസി സമൂഹം ജാഗ്രതപാലിക്കേണ്ട സന്ദർഭമാണിത്. ആന്തൂരിലെ പ്രവാസി സംരഭകൻ സാജൻ ആത്മഹത്യ ചെയ്ത സംഭവം ചൂണ്ടിക്കാട്ടി വ്യാപകമായ അപവാദ പ്രചരണമാണ് ഒരു വിഭാഗം മാധ്യമങ്ങളും യുഡിഎഫ് പ്രതിപക്ഷവും നടത്തിയത്. സംഭവത്തിൻറെ സത്യാവസ്ഥ പുറത്തു കൊണ്ടുവരുവാൻ സമഗ്രമായ അന്വേഷണമാണ് സർക്കാർ നടത്തുന്നത്. അത് പൂർത്തിയാകട്ടെ.അന്വേഷണ വിവരത്തിൻറെ അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ പിണറായി വിജയൻ സർക്കാർ സ്വീകരിക്കും.അന്വേഷണങ്ങൾക്കു മുമ്പേ വിചാരണയും ശിക്ഷയും വിധിച്ച മാധ്യമ നിലപാടുകൾ സാമാന്യ നീതിയുടെ ലംഘനമായിരുന്നു. പ്രവാസികൾക്ക് വേണ്ടി പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന എൽഡിഎഫ് സർക്കാരിനെതിരെ അപവാദങ്ങൾ അഴിച്ചു വിട്ടത് യുഡിഎഫ്. അധികാരമുണ്ടായ അഞ്ചു വർഷക്കാലം പ്രവാസികൾക്ക് ഗുണകരമായതൊന്നും ചെയ്യാതിരുന്ന യുഡിഎഫ്. അവർ ചില മാധ്യമങ്ങളുടെ പിന്തുണയോടെ കെട്ടിയാടിയ വേഷം അപഹാസ്യമായിരുന്നു. ലോക കേരള സഭയെന്നത് പ്രവാസികളുടെ ആത്മാഭിമാനം വാനോളം ഉയർത്തിയ സർക്കാർ ഇടപെടലായിരുന്നു. സർക്കാരിനുള്ള നിർദ്ദേശങ്ങൾ രണാധികാരികളുടെ മുന്നിൽ അവതരിപ്പിക്കുവാനുള്ള വേദി..വിമർശനങ്ങൾ നടത്താനുള്ള അവസരം നൽകുന്ന വലിയ ജനാധിപത്യ സദസ്സ്. ലോക കേരള സഭയെ തകർക്കുവാനാണ് ഇപ്പോൾ പ്രതിപക്ഷം ശ്രമിക്കുന്നത്. പ്രതിപക്ഷ നേതാവും അവരുടെ എംഎൽഎമാരും ലോക കേരള സ യിൽ നിന്ന് രാജിവച്ചത് ഇതിൻറെ ഭാഗമാണ്.തങ്ങളുടെ കാലത്ത് നടക്കാതിരുന്ന പ്രവാസി ക്ഷേമ പദ്ധതികൾ ഇപ്പോൾ നടക്കുന്നതിലെ കണ്ണുകടിയല്ലാതെ മറ്റെന്താണിത്.? എന്തു കൊണ്ട് യുഡിഎഫ് കാലത്ത് പ്രവാസി പെൻഷൻ ഒരു രൂപ പോലും വർദ്ധിപ്പിച്ചില്ല എന്ന ചോദ്യത്തിന് ഇനിയും മറുപടി നൽകാനാകാത്തവരാണ് എൽഡിഎഫ് സർക്കാരിനെ പ്രവാസി വിരുദ്ധമെന്ന് മുദ്രകുത്താൻ ശ്രമിക്കുന്നത്.ഇത് ജനങ്ങൾക്കിടയിൽ നല്ലതുപോലെ പ്രചരിപ്പിക്കുവാൻ പ്രവാസി സംഘം പ്രവർത്തകർക്ക് കഴിയണം.സത്യസ്ഥിതി ജനങ്ങളോടും പ്രവാസികളോടും വിശദീകരിക്കുവാൻ സംഘം പ്രവർത്തകർ മുന്നിട്ടിറങ്ങണം

കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാണിന്ന്.കേരളത്തിൽ സംരഭകർക്ക് സൗകര്യമൊരുക്കുന്നതിന് ഏഴു നിയമങ്ങൾ പരിഷ്ക്കരിച്ച സർക്കാരാണ് എൽഡിഎഫിൻറെത്. എല്ലാതരത്തിലും പ്രവാസി സംരഭകർക്ക് അനുകൂലമായ സാമൂഹ സാഹചര്യം ഇന്നുണ്ട്. അനാവശ്യ തൊഴിൽ സമരങ്ങൾ കേരളത്തിലിപ്പോളുണ്ടെന്ന് മനോരമയ്ക്ക് പോലും കണ്ടെത്താനായിട്ടില്ല. അവരുടെ ലേഖകർ അരിച്ചു പെറുക്കിയിട്ടും അങ്ങിനെയൊന്ന് കണ്ടെത്താൻ ആയില്ല.കാസർകോഡു മുതൽ കന്യാകുമാരി വരെ കേരളത്തിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും അനേകം പ്രവാസി സംരഭങ്ങൾ തല ഉയർത്തി നിൽക്കുമ്പോൾ ഇവിടെയെന്തോ പ്രവാസി ദ്രോഹം നടക്കുന്നു എന്ന് പ്രചരിപ്പിക്കുന്നത് രാഷ്ട്രീയ ദുഷ്ടലാക്കോടെ മാത്രമാണ്.

പ്രവാസി ക്ഷേമത്തെ കുറിച്ച് ഘോര ഘോരം പ്രസംഗിക്കുന്നവർ കേന്ദ്ര നിലപാടിനെ കുറിച്ച് മിണ്ടുന്നില്ല എന്നതും ശ്രദ്ധിക്കണം. ഏറ്റവുമൊടുവിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻറെ ബജറ്റും പ്രവാസി ക്ഷേമത്തെ പുറംകാൽകൊണ്ട് തൊഴിച്ചു. ഒന്നുമില്ല പ്രവാസികൾക്ക്. ആധാർകാർഡ് കേരളീയരായ പ്രവാസികൾക്ക് ഇപ്പോൾ തന്നെ ലഭ്യമാണ്. കേന്ദ്ര ബജറ്റിൽ ആധാർകാർഡ് വാഗ്ദാനമല്ലാതെ മറ്റൊന്നും പറയുന്നില്ല.പ്രവാസികൾക്ക് ക്ഷേമ പദ്ധതിയായി ഇത്തവണയും യാതൊന്നുമില്ല. കേന്ദ്ര ഖജനാവിൽ വിദേശ നാണ്യ ശേഖരം നിറച്ചുകൊടുക്കുന്നത് പ്രവാസികൾ.എന്നാൽ തിരിച്ച് രാജ്യത്ത് എത്തുന്ന പ്രവാസികളെ പരിഗണിക്കുന്ന കാര്യം വരുമ്പോൾ കേന്ദ്രം കൈമലർത്തുകയും ചെയ്യും.ഈ ഇരട്ടത്താപ്പ് ചോദ്യം ചെയ്യപ്പെടണം. മാധ്യമങ്ങളാകട്ടെ കേരള സർക്കാരിനെ പ്രവാസി ദ്രോഹികൾ എന്ന് അലറി വിളിച്ച് ആക്ഷേപിക്കുമ്പോൾ കേന്ദ്രത്തിന് മുന്നിൽ പഞ്ച പുഛമടക്കി നിൽക്കുന്നു.

പ്രാദേശിക തലംമുതൽ പ്രവാസി സംഘടനാ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം. യൂണിറ്റു തലത്തിൽ പ്രവാസികളെ സംഘടിപ്പിച്ച് അവർക്ക് ആനുകൂല്യങ്ങൾ നേടികൊടുക്കണം. പഞ്ചായത്ത് ഏരിയാ കമ്മിറ്റികൾ ശക്തിപ്പെടുത്തണം. അതിനായുള്ള കർമ്മപദ്ധതികൾക്ക് കേരള പ്രവാസി സംഘം രൂപം നൽകും.

അഭിവാദനങ്ങളോടെ,

**കെ.വി. അബ്ദുൾഖാദർ എം.എൽ.എ.**



സമകാലികം



പീറ്റർ മാത്യു തിരുവല്ല
*എഡിറ്റർ*



# സാജനെ മാപ്പ്

ആന്തൂർ മുൻസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥവൃന്ദങ്ങൾ നടത്തിയ മെല്ലെപ്പോക്കും മുട്ടാത്തർക്ക നയങ്ങളും ഒരു പ്രവാസിയുടെ കൂടെ ജീവനെടുക്കാൻ കാരണമായി. മണൽക്കാടുകളിൽ ചോരനീരാക്കി ശേഖരിച്ചെടുത്ത നാണയത്തുട്ടുകൾ നമ്മുടെ നാടിന്റെ വികസനത്തിനു കൂടി പ്രയോജനപ്പെടണമെന്നും തന്റെ സ്വകാര്യ അഭിവൃദ്ധി സമൂഹത്തിന് നേരിയ അളവിലെങ്കിലും ഗുണം ചെയ്യണമെന്നും ആഗ്രഹിക്കുന്ന പ്രവാസി സംരംഭകർക്ക് സാജൻ ഒരു പാഠമായി മാറുകയാണ്.

ഇരുണ്ട ഭൂഖണ്ഡത്തിൽ രാപ്പകൽ അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പത്തുകൊണ്ട് സ്വദേശത്ത് ഒരു കൺവൻഷൻ സെന്റർ നിർമ്മിച്ചതാണ് ശ്രീ. സാജൻ ചെയ്ത അപരാധം. ഉദ്യോഗസ്ഥരുടെ ഇംഗിതങ്ങൾക്കും സ്വകാര്യ താല്പര്യങ്ങൾക്കും ധന ആർത്തിക്കും മുമ്പിൽ പരിധിവിട്ട് വഴങ്ങാൻ കൂട്ടാക്കാത്തവർ കൊലക്കയറിൽ കുരുങ്ങുകയേ നിർവ്വാഹമുള്ളൂ എന്ന തോന്നൽ നിരാശാജനകമാണ്. ഇത്തരം സംഭവങ്ങൾ ആന്തൂരിൽ മാത്രമല്ല. കേരളമാസകലം ഒരു പൊതു പ്രശ്നമായി ഭവിക്കുന്നു. അംബാനിക്കും അദാനിക്കും അംബരചുംബികൾ കെട്ടിപ്പൊക്കാൻ നിയമത്തിന്റെ നൂലാമാലകളെ അങ്ങേയറ്റം ഉദാരമാക്കി തലകുനിച്ചു നിൽക്കുന്ന വീനിതവിധേയരായ ഉദ്യോഗസ്ഥർ തന്നെയാണ് ഇവിടെ സാജൻ എന്ന സാധാരണ ചെറുകിട സംരംഭകനോട് തീണ്ടാപ്പാട് അകലം സൂക്ഷിച്ച് ഭ്രഷ്ട് കല്പിച്ച് മാറ്റിയത് എന്നോർക്കണം.

സംഭവത്തെ രാഷ്ട്രീയവത്ക്കരിക്കുന്നതിൽ പതിവുപോലെ പ്രതിപക്ഷം മിടുക്ക് കാട്ടി. ലോക കേരള സഭയുടെ ഉപാദ്ധ്യക്ഷ സ്ഥാനം നിരുത്തവരവാദപരമായി ഒഴിഞ്ഞുകൊണ്ട് ചെന്നിത്തല കഴിവു തെളിയിച്ചു. (പ്രതിപക്ഷ നേതൃസ്ഥാനം എന്ന പദവിയല്ല അദ്ദേഹം ഒഴിഞ്ഞത് എന്നതുകൂടി ഓർക്കുക) കോൺഗ്രസ് ഭരിക്കുന്ന തദ്ദേശസ്വയം ഭരണം സ്ഥാപനങ്ങളിലും വൻതോതിൽ ഉദ്യോഗസ്ഥ അഴിഞ്ഞാട്ടം നടക്കുന്നുണ്ട്. ഇവയൊക്കെ രാഷ്ട്രീയവത്ക്കരിക്കുന്നത് വസ്തുതകൾക്ക് നേരെയുള്ള കണ്ണടയ്ക്കലാണ്. ഇവിടെ ബഹു. മുഖ്യമന്ത്രി മുമ്പോട്ടു വച്ച നിർദ്ദേശം സ്വാഗതാർഹമാണ്. ഉദ്യോഗസ്ഥർ കൈയ്യാളിവച്ചിരിക്കുന്ന അനിയന്ത്രിയ അധികാരങ്ങളെ നിയമം വഴി ചെറുത്തുകൊണ്ട് അധികാരം ജനങ്ങളിലേക്ക് എന്ന ഗ്രാമസ്വരാജ് സങ്കല്പം കുറെക്കൂടി കാര്യക്ഷമമാക്കാൻ നിയമസഭാ സംവിധാനത്തെ പ്രയോജനപ്പെടുത്തുക എന്നതാണ് അത്.


ജനപ്രതിനിധികൾ ഉള്ളപ്പോൾതന്നെ അവരെ നോക്കുകുത്തികളാക്കി മാറ്റി ബ്യൂറോക്രാറ്റുകളാണ് ഇന്ന് നാടു ഭരിക്കുന്നത്. ബ്രിട്ടീഷ് ഇന്ത്യയിൽ നിന്ന് നമ്മൾ ഇനിയും സ്വതന്ത്ര ഇന്ത്യയിലേക്ക് ഒട്ടേറെ സഞ്ചരിക്കാൻ ഇരിക്കുന്നു എന്നർത്ഥം. പൊതുസമൂഹം ജനാധിപത്യപരമായി തിരഞ്ഞെടുത്ത പ്രതിനിധികൾ ജനസേവകരാണ്. അവർ പ്രതിനിധീകരിക്കുന്നത് ജനങ്ങളുടെ ശബ്ദമാണ്. അവരുടെ നിർദ്ദേശം പൊതുതാല്പര്യ പ്രതിഫലനമാണ്.

*(ശേഷം പേജ 14-ൽ)*



പ്രവാസം

# പ്രവാസികളെ തഴഞ്ഞ ബജറ്റ്



**പി. സെയ്താലിക്കുട്ടി**

രണ്ടാം മോഡി സർക്കാരിന്റെ പ്രഥമ ബജറ്റിൽ പ്രവാസികളെ അവഗണിച്ച് കോർപ്പറേറ്റുകളെ പരിപോഷിക്കുന്ന പ്രഖ്യാപനമാണ് കാണുന്നത്. ആഗോളതല സാമ്പത്തികമാന്ദ്യം നേരിട്ടപ്പോഴും ഇന്ത്യാ രാജ്യത്തെ പിടിച്ചു നിറുത്തിയത് പ്രവാസികളുടെ വിയർപ്പിന്റെ വിലയായ ശതകോടി ഡോളറുകളാണ്. എന്നാൽ ബജറ്റിൽ പ്രവാസികളെ തീർത്തും അവഗണിച്ചെന്നും പറയാനൊക്കില്ല. 182 ദിവസം ഒരു വർഷം നാട്ടിൽ തങ്ങിയെങ്കിലെ ആദ്ദാർ കാർഡ് ലഭിക്കു എന്ന വ്യവസ്ഥക്കു മാറ്റം വരുത്തുന്നു. വർഷം തോറും പ്രവാസി സംഗമം നടത്തി നിക്ഷേപ സമാഹരണം നടത്തുമെന്നും പ്രഖ്യാപനം!

പ്രവാസികളെ സംബന്ധിച്ചിടത്തോളം ഏറ്റം ഗുരുതരമായ സാഹചര്യമാണ് നേരിടുന്നത്. ആയിരക്കണക്കിന് വ്യക്തികൾ തൊഴിൽ നഷ്ടമായി ദിവസേന നാട്ടിൽ മടങ്ങി വരികയാണ്. ഇവരുടെ പുനരദിവാസം എന്നത് സംസ്ഥാന സർക്കാരുകൾക്ക് മാത്രം കൈകാര്യം ചെയ്യാൻ പറ്റുന്ന കാര്യമല്ല. കേന്ദ്ര സർക്കാരിന്റെ നല്ല നിലയിലുള്ള സഹായം കൂടിയേതീരു. കേന്ദ്രമന്ത്രി വി. മുരളീധരൻ അടക്കം ബിജെപി നേതാക്കൾ കേന്ദ്രത്തിൽ തങ്ങൾക്കുള്ള സ്വാധീനം ചെലുത്തണം.

30 ലക്ഷത്തോളം ഇന്ത്യക്കാർ ജോലി ചെയ്തിരുന്ന സൗദി അറേബ്യയിൽ നിന്നാണ് സാമ്പത്തിക മാന്ദ്യവും, സ്വദേശീവത്കരണവും മൂലം ഏറ്റവും അധികം ഇന്ത്യക്കാർ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങേണ്ടിവരുന്നത്. മൊബൈൽ ഷോപ്പു മുതൽ അലക്കുകടവരെ സ്വദേശികൾ ജോലിക്കു കയറി തുടങ്ങി. മറ്റു രാജ്യങ്ങളിലെ കാര്യവും വ്യത്യസ്തമല്ല.

ഇങ്ങനെ ഗൾഫ് രാജ്യങ്ങളിൽ ഉടലെടുത്തിരിക്കുന്ന പ്രതിസന്ധി മൂലം മടങ്ങിയെത്തുന്ന ഇന്ത്യക്കാരെ പുനരധിവസിപ്പിക്കേണ്ട ഉത്തരവാദിത്തം ഏറ്റെടുക്കില്ലന്നാണ് കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നിലപാടിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

2004 മുതൽ നാളിതുവരെയുള്ള കണക്കുപരിശോദിച്ചാൽ ലോകത്തിൽ ഏറ്റവും കൂടുതൽ പ്രവാസി പണം ലഭിച്ചത് ഇന്ത്യക്കാണ്. ഇന്ത്യൻ വിദേശ നാണയ ശേഖരം വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്കാണ് പ്രവാസികൾ വഹിച്ചത്. അവരിൽ മഹാഭൂരിഭാഗവും മലയാളികളാണ്.

25 ലക്ഷത്തോളം പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെ എത്തിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിലധികവും 60 വയസ്സു കഴിഞ്ഞവരും രോഗികളുമാണ്. വിദേശനാണ്യം നേടാനായി കയറ്റുമതി വ്യവസായികൾക്ക് കൈയയച്ച് സബ്സീഡി നല്കുന്ന കേന്ദ്ര സർക്കാർ കോർപ്പറ്റേുകളുടെ നികുതിയിളവിനായി 108785 കോടി രൂപയാണ് ബജറ്റിൽ വകയിരിത്തിരിക്കുന്നത്. പക്ഷെ പാവപ്പെട്ട പ്രവാസികളുടെ കാര്യത്തിൽ മൗനം പാലിക്കയാണ്.

ആണ്ടുതോറും പ്രവാസി ഭാരതിയ ദിവാസ് എന്ന പേരിൽ കോടികൾ മുടങ്ങി സമ്പന്നരായ പ്രവാസികളുടെ മാമാങ്കം നടത്തി ഞങ്ങൾ പ്രവാസികൾക്ക് ഒപ്പമാണെന്ന് ഈ സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്ന കേന്ദ്രസർക്കാർ നിലപാടിൽ മാറ്റം വരുത്തി ലോക കേരള സഭയുടെ സഹകരണത്തോടെ പുതിയ പദ്ധതികൾക്ക് രൂപം നല്കി വരുവാൻ പോകുന്ന വലിയ പ്രതിസന്ധിക്ക് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു. ■

കാലികം

# അബ്ദുള്ളക്കുട്ടിമാർ അറിഞ്ഞിരിക്കേണ്ടത്

**മതേതര പാർട്ടികളെ ഏകോപിപ്പിച്ച് നിർത്തേണ്ട കോൺഗ്രസ് അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലേക്ക് കവിണ്ണുവീഴുന്ന കാഴ്ചകണ്ടു. പുതുതലമുറ രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ ഇനിയും പഠിക്കാത്ത വൃദ്ധനേതാക്കൾ കളമൊഴിയേണ്ട കാലഘട്ടം കഴിഞ്ഞു.**



**അനിൽ കൊടിത്തോട്ടം**

ഇന്ത്യയിൽ ഇന്ന് പ്രതിപക്ഷം എന്നത് കേവലം ഒരു സാങ്കേതിക സംജ്ഞ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. നോട്ട് നിരോധനം മുതൽ ബീഫ് നിരോധനം വരെ നീണ്ടുകിടന്ന ജനദ്രോഹ നയങ്ങളിലെ ഭരണവിരുദ്ധവികാരം ഒന്നും ഒട്ടുംതന്നെ ഗൗനിക്കാതെ മോദി–അമിത്ഷാ കൂട്ടുകെട്ട് അത്യധികം ആത്മവിശ്വാസത്തോടെ തിരഞ്ഞെടുപ്പിനെ നേരിട്ടു. ചില സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങളൊഴിച്ച് ഇന്ത്യയെ ഒറ്റക്കെട്ടായി തങ്ങളുടെ ചൊൽപ്പടിക്കു നിർത്താൻ ബി. ജെ. പി.ക്കു സാധിച്ചു. നിരക്ഷരത, ഭയം, ജീവിതദാരിദ്ര്യം തുടങ്ങിയ അങ്ങേയറ്റം വേദനാജനകമായ പരിതസ്ഥിതിയിൽ കഴിയുന്ന ഉത്തരേന്ത്യൻ സമൂഹത്തിലെ സാധുകൾക്ക് ബി. ജെ. പി. സ്വീകാര്യമായി മാറുന്നത് എങ്ങനെയെന്ന് രാഷ്ട്രീയ ചർച്ച സജീവമാകുന്നിടത്ത് അത് തങ്ങളുടെ മാനുഷിക മുഖമെന്ന് ബി.ജെ. പി. നേതൃത്വം പതിവായി സ്ഥാപിച്ചെടുക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ ഇവിടങ്ങളിലൊക്കെ സംഭവിക്കുന്നത് വോട്ടർ ഏതെങ്കിലും രാഷ്ട്രീയത്തിന്റെ ഭാഗമായി സമ്മതിദാനവകാശം വിനിയോഗിക്കുക എന്നതിലുപരി ഫാസിസ്റ്റ് ശക്തികളുടെ സമ്മർദ്ദത്തെ അപ്പാടെ നടപ്പിലാക്കി കൊടുക്കുക എന്ന അടിമപ്പണിയുടെ നിർവ്വഹണം മാത്രമാണ് സംഭവിക്കുന്നത്.

മറുവശത്ത് മതേതര പാർട്ടികളെ ഏകോപിപ്പിച്ച് നിർത്തേണ്ട കോൺഗ്രസ് അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലേക്ക് കവിണ്ണുവീഴുന്ന കാഴ്ചകണ്ടു. പുതുതലമുറ രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ ഇനിയും പഠിക്കാത്ത വൃദ്ധനേതാക്കൾ കളമൊഴിയേണ്ട കാലഘട്ടം കഴിഞ്ഞു. രാഹുൽഗാന്ധി എന്ന രാഷ്ട്രീയഗോഥയിലെ തുടക്കക്കാരനെ വഴിതിരിച്ചുവിട്ട് കുഴിയിൽ ചാടിച്ചതിൽ ഷീലാദീക്ഷിതിനും എ. കെ. ആന്റണിക്കുമൊക്കെ വലിയ പങ്കുണ്ടെന്ന വാർത്ത നമുക്ക് അവഗണിക്കാനാവില്ല. സീറ്റുകളുടെ എണ്ണത്തിൽ വിലപേശൽ നടത്തി ദില്ലിയിലും യു. പി.യിലും കോൺഗ്രസ് നടത്തിയ നീക്കങ്ങൾ ആത്യന്തികമായി ദോഷം ചെയ്തത് കോൺഗ്രസിനു മാത്രമല്ല മതേതര ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഭാരതീയമായ സാധ്യതകൾക്കു കൂടിയാണ്.


ഉത്തരേന്ത്യവിട്ട് രാഹുൽ വയനാട് ചുരം കയറുമ്പോൾ കേരളത്തെ രക്ഷിക്കാം എന്ന വാഗ്ദാനമാണ് കോൺഗ്രസ് നൽകിയത്. പക്ഷേ കേരളം രാഹുലിനെ രക്ഷിക്കുകയായിരുന്നു. അതികായന്മാരായ കോൺഗ്രസ് നേതാക്കളെ വമ്പിച്ച ഭൂരിപക്ഷത്തിൽ അധികാരമേറ്റിയ അമേഠി രാഹുലിനെ ഗണ്യമായ മാർജ്ജിനിൽ തറപറ്റിക്കുമ്പോൾ കേരളം അദ്ദേഹത്തെ ഒരു വിധത്തിൽ രക്ഷിച്ചെടുത്ത് പാർലമെന്റിൽ ഇരുത്തി. കഴിഞ്ഞ രണ്ടു ദശകങ്ങളായി കോൺഗ്രസ്സിന്റെ മതേതര രാഷ്ട്രീയത്തെ കലവറയില്ലാതെ പിന്തുണച്ചുപോന്ന ഇടതു കക്ഷികളോട് പോരിനിറങ്ങാൻ രാഹുലിനെ പ്രേരിപ്പിച്ച കുബുദ്ധികൾ

*(ശേഷം പേജ് 12–ൽ)*





സ്മരണ



# പ്രേംനസീറിന് മരണമില്ല

സുബ്രഹ്മണ്യൻ അമ്പാടി

"പ്രേംനസീർ ഇനി അഭിനയിച്ചില്ലെങ്കിലെന്താ ഇരുട്ടിന്റെ ആത്മാവിലെ വേലായുധനുണ്ടല്ലോ എന്നെന്നും അനുസ്മരിക്കാനും അഭിമാനിക്കാനുമായി"

മലയാളത്തിന്റെ നിത്യഹരിത നായകൻ പത്മഭൂഷൺ പ്രേംനസീറിനെക്കുറിച്ച് പ്രശസ്ത

കവിയും പ്രഥമ ജ്ഞാനപീഠജേതാവുമായ ജി. ശങ്കരക്കുറുപ്പിന്റെ വാക്കുകൾ

മലയാള സിനിമയിൽ മൂന്നര പതിറ്റാണ്ട് നിത്യസൗന്ദര്യമായി നിറഞ്ഞുനിന്ന ചിറ-യിൻ കീഴുകാരൻ അബ്ദുൾഖാദറെന്ന പ്രേംനസീർ, ഇന്നും സിനിമാ ആസ്വാദകരുടെ ഹൃദയം കവർന്നുകൊണ്ടിരിക്കുന്നു. കോളേജു വിദ്യാഭ്യാസത്തിനുശേഷം ആകസ്മികമായി അബ്ദുൾഖാദർ 1951 ൽ മരുമകൾ സിനിമയിൽ രവിയെന്ന കഥാപാത്രത്തിനുവേണ്ടി മുഖ-ത്തു ചായമിട്ടു.


മലയാളത്തിൽ അഞ്ഞൂറിലേറെ സിനിമകൾ, തമിഴിൽ ഇരുപത്തിമൂന്നും, നിത്യവസന്ത നായകനായി പ്രേക്ഷകരുടെ ഹൃദയം കവർന്നു. മരുമകൾ സിനിമയ്ക്കു ശേഷം കുഞ്ചാക്കോയുടെ വിശപ്പിന്റെ സിനിമയിൽ അഭിനയിച്ചുകൊണ്ടിരുന്നപ്പോൾ കുഞ്ചാക്കോയും തിക്കുറിശ്ശി സുകുമാരൻ നായരും രഹസ്യമായി ആലപ്പുഴ തീയറ്ററിലെത്തി മരുമകൾ സിനിമ കണ്ടു. മരുമകൾ സിനിമയിലെ രവി എന്ന കഥാപാത്രത്തിന്റെ അഭിനയം കണ്ട പ്രേക്ഷകർ ഇടയ്ക്കിടയ്ക്ക് കൂവി വിളിച്ചു. അന്നു നാടക രംഗത്ത് പ്രശസ്തനായ നടൻ തിക്കുറിശ്ശി കണ്ടെത്തി നടനായിരുന്നു അബ്ദുൾഖാദർ. പിറ്റേദിവസം ഷൂട്ടിംഗിന് മുൻപ് ഉദയാ സ്റ്റുഡിയോയിൽ നിന്നും തിക്കുറിശ്ശിയെ വിളിച്ചു പറഞ്ഞു "സുകുമാരൻ നായരെ അബ്ദുൾ ഖാദർ ഇന്നു മുതൽ നമ്മുടെ സിനിമയിൽ അഭിനയിക്കണ്ട. ഇന്നലെ വരെ ചെയ്ത ജോലിക്കുള്ള ശമ്പളം വാങ്ങിക്കൊടുത്തിട്ട് അയാളെ പറഞ്ഞുവിട്ടേക്ക്. ഇതുവരെ ഉണ്ടായ നഷ്ടം ഞാൻ സഹിക്കാം. നമുക്ക് മറ്റൊരു നായകനെ കണ്ടുപിടിക്കാം".

കുഞ്ചാക്കോയുടെ വാക്കുകൾ ഇടിവെട്ടേറ്റതുപോലെ കേട്ട തിക്കുറിശ്ശി ആകെ ധർമ്മ സങ്കടത്തിലായി. കർക്കശ സ്വഭാവക്കാരനായ കുഞ്ചാക്കോയുടെ തീരുമാനത്തിന് മറുപടിയായി തിക്കുറിശ്ശി പറഞ്ഞു. "അബ്ദുൾഖാദറിനെ പറഞ്ഞുവിടുമ്പോൾ എന്നെയും വിശപ്പിന്റെ വിളിയിൽ നിന്നും പറഞ്ഞുവിടണം". ആത്മാർത്ഥ സുഹൃത്തിന്റെ വാക്കുകൾ തള്ളിക്കളയാനാവാതെ കുഞ്ചാക്കോ പറഞ്ഞു. "അബ്ദുൾഖാദറിനെ പറഞ്ഞയയക്കേണ്ട എന്നാണല്ലോ സുകുമാരൻ നായരുടെ ആവശ്യം. എന്നാൽ അയാളെ ഞാനായിട്ട് പറഞ്ഞുവിടുന്നില്ല." തിക്കുറിശ്ശി അബ്ദുൾഖാദറിന് പുതിയ പേര് നൽകി പ്രേം നസീർ.

ദൈവീകമായ വാക്കുകൾകേട്ട തിക്കുറിശ്ശിക്ക് സന്തോഷമായി വിധിയുടെ നിശ്ചയമായിരിക്കാം. മലയാള സിനിമയിലെ രാജകുമാരനായി പ്രേമതാരകമായി ജനഹൃദയങ്ങളിൽ ഇടംതേടി ലോകശ്രദ്ധ പിടിച്ചുപറ്റി. ആയിരത്തി തൊള്ളായിരത്തി എൺപത്തഞ്ചിൽ ഗിന്നസ് ബുക്കിൽ ഇടം നേടി.

മലയാളി പ്രേക്ഷകർക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത ഇരുട്ടിന്റെ ആത്മാവിലെ ഭ്രാന്തൻ വേലായുധൻ എന്ന കഥാപാത്രത്തെ സ്വതസിദ്ധമായ അഭിനയ രീതികൊണ്ട് അനശ്വരമാക്കി. അടിമകളിലെ പൊട്ടൻ രാഘവൻ, ലൈലാ മജ്നുവിലെ മജ്നു, കാവ്യമേളയിലെ ജയദേവൻ, അനാർക്കലിയിലെ സലീം രാജകുമാരൻ, തുമ്പോലാർച്ചയിലെ ആരോമൽ ചേകവർ, വിടപറയും മുമ്പേയിലെ മാധവൻകുട്ടി, ആലിബാബയും 41 കള്ളന്മാരിലെ ആലിബാബ, അ

*18-ാം പേജ് തുടർച്ച*



പ്രവാസം



# ലോക കേരള സഭയുടെ ദുബായ് സമ്മേളനം



**ഡോ. മുബാറക്ക് സാനി**
*(ലോക കേരള സഭാ മെമ്പർ ജിസാൻ സൗദി അറേബ്യ)*

കേരള ചരിത്രംതന്നെ മാറ്റിയെഴുതിയ ഗൾഫ് പ്രവാസത്തിന്റെ കേന്ദ്ര ബിന്ദുവാണ് ദുബൈ നഗരം. ലോക കേരള സഭയുടെ ഗൾഫ് മേഖല സമ്മേളനത്തിന് വേദിയായത് മലയാളികളുടെ പ്രിയപ്പെട്ട ഈ പ്രവാസ നഗരമാണ്. 2019 ഫെബ്രുവരി 15, 16 തീയതികളിൽ ഗൾഫ് മേഖലയിൽനിന്നുള്ള ലോക കേരള സഭ അംഗങ്ങളും പ്രതിനിധികളും ദുബൈ നഗരത്തിൽ ഒത്തുകൂടിയത് മറ്റൊരു ചരിത്ര സംഭവമായി മാറി.

മലയാളി ജനാധിപത്യത്തിന്റെ ശ്രീകോവിലായ കേരള നിയമസഭാ മന്ദിരത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 2018 ജനുവരി 12, 13 തീയതികളിൽ ലോക കേരള സഭയുടെ ഒന്നാം സമ്മേളനം നടന്നപ്പോൾ അതൊരു അത്ഭുതമായാണ് പൊതുവെ വിലയിരുത്തപ്പെട്ടത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനാവാത്ത ഒട്ടേറെ നേട്ടങ്ങൾ കേരളത്തിനു അഭിമാനമായുണ്ട്. പ്രവാസി ക്ഷേമത്തിനും ഇതു ബാധകമാണ്. നോർക്ക എന്ന പ്രവാസി കാര്യവകുപ്പും നോർക്ക റൂട്ട്സ് എന്ന കമ്പനിയും പ്രവാസി ക്ഷേമനിധിയും മലയാളിയുടെ സ്വകാര്യ അഹങ്കാരമാണ്. പ്രവാസികളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ മറ്റൊരു സംസ്ഥാനത്തും ഇത്തരം പൊതു സ്ഥാപനങ്ങളില്ല. ബഡ്ജറ്റു വിഹിതം, പെൻഷൻ, അത്യാഹിതം, മരണം, രോഗങ്ങൾ, വിവാഹം തുടങ്ങിയ അവസ്ഥകളിൽ സർക്കാർ സഹായം എന്നിവ കേരളത്തിൽ പ്രവാസികൾക്ക് ലഭ്യമാണ്. ഈ പ്രവാസി ക്ഷേമ സംവിധാനങ്ങളുടേയും പദ്ധതികളുടേയും ചരിത്രം പരിശോധിച്ചാൽ എല്ലാം കേരളത്തിൽ അധികാരത്തിലുണ്ടായിരുന്ന ഇടതുപക്ഷ സർക്കാരുകളുടെ സംഭാവനയാണെന്ന കാര്യത്തിൽ തർക്കമുണ്ടാവാനിടയില്ല.

പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടുപക്ഷ സർക്കാർ 'ലോക കേരള സഭ' പ്രഖ്യാപിച്ചപ്പോൾ അത് പ്രവാസി ചരിത്രത്തിൽ മറ്റൊരു നാഴികകല്ലായി മാറി. പ്രവാസികളുടെ ജനാധിപത്യ അവകാശങ്ങളെകുറിച്ചുള്ള സമീപനങ്ങളിലെ ഗുണപരമായ ഒരു കുതിച്ചു ചാട്ടമായിരുന്നു ലോക കേരള സഭ. കേരളമെന്നാൽ അതിന്റെ ഭൗമാതിർത്തികളിൽ ജീവിക്കുന്നവർ മാത്രമല്ല മറിച്ച് ലോകത്തിന്റെ ഏതു ഭാഗത്തും ജീവിക്കുന്ന എല്ലാ മലയാളികളുമാണ് എന്ന പുതിയൊരു തിരിച്ചറിവിലേക്ക് കേരളം വളരുകയായിരുന്നു. കേരളത്തിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ അഭിപ്രായങ്ങൾകൂടി പരിഗണിക്കപ്പെടണം എന്ന കാഴ്ചപ്പാട് അംഗീകരിക്കുകയും അതിനു വ്യവസ്ഥാപിതമായ ഒരു സംവിധാനം സാധ്യമാക്കുകയുമാണ് ലോക കേരള സഭ ചെയ്യുന്നത്. അത് ഇന്ത്യയിൽ മലയാളികൾക്ക് മാത്രം സ്വന്തമായ, അഭിമാനകരമായ ഒരു സംവിധാനമാണ്.

മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷ നേതാവും എം.എൽ.എ.മാരും



എം.പി.മാരും പ്രവാസി പ്രതിനിധികളും എല്ലാം നിയമസഭാ മന്ദിരത്തിൽ സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ഒന്നിച്ചിരുന്ന് അച്ചടക്കത്തോടെ കേരള വികസന പ്രശ്നങ്ങളും പ്രവാസം നേരിടുന്ന വെല്ലുവിളികളും ചർച്ച ചെയ്തു. ഗൗരവമായ ചർച്ചകളിൽ മുന്നോട്ടുവച്ച നിർദ്ദേശങ്ങളുടെ ഭാഗമായിട്ടാണ് ലോക കേരളസഭ സെക്രട്ടറിയേറ്റും 7 സബ് കമ്മറ്റികളും രൂപീകരിക്കപ്പെട്ടത്. ചർച്ചയിൽ ഉയർന്നുവന്ന പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കാനും പ്രായോഗികമായ പരിഹാരങ്ങൾ നിർദ്ദേശിക്കാനുമാണ് സബ് കമ്മിറ്റികളെ ചുമതലപ്പെടുത്തിയത്. പേമാരിയും പ്രളയവും ശബരിമലയും കേരളത്തിന്റെയാകെ ശ്രദ്ധ വഴിതിരിച്ചുവിട്ടെങ്കിലും ലോക കേരള സഭയുടെ സബ്കമ്മിറ്റികൾ ഏറ്റെടുത്ത ഉത്തരവാദിത്വം പൂർത്തീകരിച്ചു. വിശദമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷം റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു. ഈ റിപ്പോർട്ടുകളെക്കുറിച്ച് ചർച്ച ചെയ്യാനാണ് ഗൾഫ് മേഖല സമ്മേളനം വിളിച്ചു ചേർത്തത്.

ലോക കേരള സഭ ഗൾഫ് മേഖല സമ്മേളനം ഔദ്യോഗികമായി ആരംഭിക്കുന്നതിനു മുമ്പ് രണ്ടു പ്രധാന വിഷയങ്ങളിൽ അവതരണങ്ങളുണ്ടായിരുന്നു. 'ഗൾഫ് മേഖലയിലെ ഭാവി ജോലി സാധ്യതകളും നൈപുണ്യ വികസനത്തിന്റെ ആവശ്യകതയും' എന്ന വിഷയത്തിൽ ശ്രീ. വിന്സയചന്ദ്രൻ പ്രബന്ധം അവതരിപ്പിച്ചു. പ്രവാസി തൊഴിൽ വിപണി നിശ്ചലമായി നിൽക്കുന്ന ഒന്നല്ല. അത് നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ചലനാത്മകമായ ഒന്നാണ്. ഗൾഫ് തൊഴിൽ വിപണി വലിയ മാറ്റങ്ങൾക്ക് വിധേയമായികൊണ്ടിരിക്കുകയാണ്. നേരത്തെ ആവശ്യമുണ്ടായിരുന്ന തൊഴിൽ വൈദഗ്ദ്ധ്യങ്ങളായിരിക്കില്ല നാളെ ആവശ്യമുണ്ടാവുന്നത്. സാങ്കേതിക രംഗങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും പ്രത്യേകിച്ച് റോബോട്ടുകളും കൃത്രിമ ബുദ്ധിയും (Artifical Intelligence) ഉപയോഗിച്ചുള്ള ഉല്പാദന പ്രക്രിയകൾ എങ്ങനെയാണ് തൊഴിൽ വിപണിയെ ബാധിക്കാൻ പോകുന്നത് എന്ന കാര്യം വിശദമായി ചർച്ച ചെയ്യപ്പെട്ടു. അടുത്ത 10-20 വർഷങ്ങൾക്കിടയിൽ ഗൾഫ് തൊഴിൽ വിപണിയിൽ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങളെക്കുറിച്ചുള്ള സിദ്ധാന്തങ്ങളും പരികല്പനകളും വിശദമായി പരിശോധിക്കപ്പെട്ടു.

തൊഴിൽ ആവശ്യങ്ങളിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് റിക്രൂട്ട്മെന്റ് നിയമങ്ങളും മാറുക സ്വാഭാവികമാണ്. വിസാ നിയമങ്ങൾ കർശനമാകുന്നു. യോഗ്യതാ പരീക്ഷകൾ നിർബന്ധമാക്കാപ്പെടുന്നു. ഗൾഫ് പ്രവാസം അവസാനിക്കുകയല്ല. അതിന്റെ ഉള്ളടക്കത്തിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള പല പ്രവാസികളും പുറത്താവുകയും വ്യത്യസ്ഥ തൊഴിൽ നൈപുണ്യമുള്ളവർ കടന്നുവരികയും ചെയ്യുകയായിരിക്കും ആത്യന്തിക ഫലം. ഈ സാഹചര്യങ്ങളെ എങ്ങനെ ഫലപ്രദാമായി നമുക്ക് ഉപയോഗിക്കാൻ കഴിയും എന്നതാണ് കേരളം നേരിടുന്ന വെല്ലുവിളി. നമ്മുടെ വിദ്യാഭ്യാസ രംഗത്ത് കരുതലോടെ തൊഴിൽ പരിശീലനം നടപ്പാക്കുകയും പുതിയ സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടാൻ പദ്ധതികൾ ആവിഷ്ക്കരിക്കുയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ചർച്ച ചെയ്യപ്പെട്ടു. നിലവിലുള്ള പ്രവാസികൾക്ക് പുനഃപരിശീലനം നൽകാനുള്ള പദ്ധതികളെ കുറിച്ചുള്ള ആശയങ്ങളും ചർച്ച ചെയ്യപ്പെട്ടു.

ഗൾഫ് പ്രവാസത്തിന്റെ ചരിത്രവും ശക്തിയും പ്രാധാന്യവും ആഴത്തിൽ പരിശോധിക്കുന്ന ഒരു പ്രബന്ധമാണ് 'ആടു ജീവിതം' രചിച്ച പ്രിയപ്പെട്ട സാഹിത്യകാരൻ ബന്യാമിൻ അവതരിപ്പിച്ചത്. മലയാളി എങ്ങനെയാണ് അർബാബുമാരുടെ വിശ്വാസം പിടിച്ചു പറ്റിയത് എന്ന് അദ്ദേഹം വരച്ചുകാട്ടി. കേരളീയ ജീവിതത്തിലൂടെ മലയാളി ആർജ്ജിച്ച സാഹോദര്യത്തിന്റെ, മതേതരത്വത്തിന്റെ, ക്ഷമാശീലത്തിന്റെ, സത്യസന്ധതയുടെ, കഠിനാദ്ധ്വാനത്തിന്റെ ഒക്കെയുള്ള നിരവധി നന്മകൾ എങ്ങനെയാണ് പ്രവാസത്തെ ശക്തിപ്പെടുത്തിയത് എന്നദ്ദേഹം വൈകാരികമായി അവതരിപ്പിച്ചു. അഭിപ്രായ വ്യത്യാസങ്ങൾ നിലനിർത്തികൊണ്ട് തന്നെ പൊതുവായ കാര്യങ്ങളിൽ യോജിച്ചു നീങ്ങുന്ന പ്രവാസി സംസ്കാരത്തിന്റെ പ്രാധാന്യം വ്യക്തമാക്കി. ലോക കേരളസഭയുടെ പ്രവർത്തനം തന്നെ മാതൃകാപരമാ





ണെന്നും ചൂണ്ടിക്കാട്ടി. പ്രവാസി ജീവിതം തന്നെ ഒരുപാട് നല്ല അനുഭവങ്ങൾ മലയാളിക്ക് നൽകിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. പ്രവാസികൾക്കാകെ അഭിമാനവും ആത്മവിശ്വാസവും നൽകിയ അവതരണമാണ് ശ്രീ. ബന്യാമിൻ നടത്തിയത്.

ഉത്ഘാടന സമ്മേളനം പ്രൗഢ ഗംഭീരമായിരുന്നു. ചീഫ് സെക്രട്ടറി ശ്രീ. ടോം ജോസ് പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിന്റെ പ്രഖ്യാപനം നടത്തി. ബഹു.സ്പീക്കർ ശ്രീരാമകൃഷ്ണൻ ചുരുങ്ങിയ വാക്കുകളിൽ സമ്മേളനത്തിന്റെ ഗൗരവവും പ്രാധാന്യവും വ്യക്തമാക്കി. മുഖ്യമന്ത്രി നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ ലോക കേരളസഭ രൂപീകരണം, ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ, പ്രളയകാലത്ത് പ്രവാസലോകം കാണിച്ച സ്നേഹവും ഉത്തരവാദിത്വവും കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവ വിശദീകരിച്ചുകൊണ്ട് ഈ മേഖലാ സമ്മേളനത്തിന്റെ ലക്ഷ്യങ്ങൾ കൃത്യമായി അവതരിപ്പിച്ചു. പ്രതിപക്ഷ നേതാവിന്റെ പ്രതിനിധിയായി ശ്രീ.കെ.സി. ജോസഫ് എം.എൽ.എ. ലോക കേരള സഭക്കും പശ്ചിമേഷ്യൻ സമ്മേളനത്തിനും വിജയം ആശംസിച്ചു.

1. ലോക കേരള സഭ അഡ്മിനിസ്ട്രേഷൻ & കേരള വികസന നിധി രൂപീകരണം: ***പത്മശ്രീ രവി പിള്ള***

2. എൻ.ആർ.കെ. നിക്ഷേപവും സുരക്ഷിതത്വവും: ***പത്മശ്രീ എം.എ യൂസഫലി***

3. പുനരധിവാസം: ***പത്മശ്രീ ആസാദ് മൂപ്പൻ***

4. പ്രവാസത്തിന്റെ ഭാവിയും ഗുണമേന്മയും: ***ശ്രീ. സി.വി. റപ്പായി***

5. കുടിയേറ്റ നിയമങ്ങളും പ്രവാസി സ്ത്രീകളുടെ ക്ഷേമവും: ***പത്മശ്രീ സുനിത കൃഷ്ണൻ***

6. പ്രവാസവും സാംസ്കാരിക വിനിമയവും: ***പ്രൊഫ. കെ. സച്ചിദാനന്ദൻ***

7.ഇന്ത്യക്കകത്തുള്ള മറുനാടൻ മലയാളികളുടെ പ്രശ്നങ്ങൾ: ***ശ്രീ. ബന്യാമിൻ***

ഏഴു കമ്മിറ്റികളും ചേർന്നു 48 പ്രധാന നിർദ്ദേശങ്ങളാണ് സമർപ്പിച്ചത്. ഈ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് ലോക കേരള സഭ സെക്രട്ടേറിയേറ്റ് 10 പ്രധാന നിർദ്ദേശങ്ങൾ സഭയുടെ ചർച്ചക്കായി മുന്നോട്ടു വെച്ചിരുന്നു. നോർക്ക വകുപ്പിന്റെ പ്രിൻസിപ്പൾ സെക്രട്ടറി ഡോ.ഇളങ്കോവൻ ഐ.എ.എസ് ആണ് കമ്മിറ്റി റിപ്പോർട്ട് സഭയുടെ മുൻപിൽ അവതരിപ്പിച്ചത്. മുൻഗണന നൽകുന്ന 10 നിർദ്ദേശങ്ങൾ എങ്ങനെ നടപ്പാക്കാം എന്നതായിരുന്നു അവതരണത്തിന്റെ കാതൽ. നടപ്പാക്കുമ്പോൾ പ്രതീക്ഷിക്കുന്ന പല പ്രശ്നങ്ങളും ആശങ്കകളും സാദ്ധ്യതകളും അവതരിക്കപ്പെട്ടു. പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ പങ്കെടുത്ത 40 പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

***എ. നിക്ഷേപം***

1. പ്രവാസി നിക്ഷപ കമ്പനി രൂപീകരണം

2. പ്രവാസി സഹകരണ സംഘം

3. പ്രവാസി ബാങ്ക് രൂപീകരണം

4. പ്രവാസി നിർമ്മാണ കമ്പനി രൂപീകരണം

***ബി. ക്ഷേമ പദ്ധതികൾ***

5. വനിത എൻ.ആർ.ഐ. സെൽ

6. പ്രവാസ പ്രോൽസാഹന - പരിശീലന കേന്ദ്രം

***സി. നിപുണത വർധന***

7. പഠനത്തിനായി ഉന്നത അധികാര സമിതി രൂപീകരണം

8. ലോക പ്രവാസ പഠന ഗവേഷണ കേന്ദ്രം

***ഡി. കലയും സാംസ്കാരവും***

9. കേരള പ്രവാസി യുവജനോൽസവം സംഘടിപ്പിക്കുക

10. കേരള പ്രവാസികൾക്കായി പ്രസിദ്ധീകരണം/മാസിക

കമ്മിറ്റികൾ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ പൊതുവെ സ്വീകരിക്കപ്പെട്ടു. ചർച്ചയിൽ പങ്കെടുത്ത പ്രതിനിധികൾ കമ്മിറ്റി നിർദ്ദേശങ്ങളെക്കുറിച്ചു മാത്രമല്ല കൂട്ടിച്ചേർക്കേണ്ട മറ്റുപല കാര്യങ്ങളെക്കുറിച്ചും അഭിപ്രായങ്ങൾ രേഖപ്പെടുത്തി. പ്രവാസി വിഷയങ്ങളിൽ അനവധി ചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും ആശങ്കകൾ പങ്കുവെക്കപ്പെടുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കാനാവശ്യമായ സംവിധാനം എന്ത് എന്ന ചോദ്യം ഉന്നയിക്കപ്പെട്ടു. പ്രവാസികാര്യവകുപ്പിനും നോർക്ക റൂട്ട്സ് എന്ന നിർവഹണ ഏജൻസിക്കും ഒട്ടേറെ പരിമിതികളുണ്ട്. വലിയ ഉത്തരവാദിത്ത്വങ്ങൾ എറ്റെടുക്കാനുള്ള ശക്തി ഇന്നത്തെ നിലക്ക് പ്രതീക്ഷിക്കാനാവില്ല. നോർക്ക വകുപ്പിനെ എങ്ങനെ ശക്തിപ്പെടുത്താം അല്ലെങ്കിൽ പകരം സംവിധാനം എന്ത് എന്ന ചോദ്യങ്ങൾ ബാക്കിയാണ്. ലോക കേരള സഭാ അംഗങ്ങൾക്കും മറ്റ് പ്രവാസി സംഘടനാ പ്രവർത്തകർക്കും പദ്ധതികളുടെ നിർവ്വഹണത്തിൽ എങ്ങനെ പങ്കാളിത്തം വഹിക്കാൻ കഴിയും എന്ന വിഷയവും വിശദമായി പരിശോധിക്കേണ്ടതുണ്ട്. എല്ലാ പഞ്ചാ

യത്തിലും പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിക്കുമ്പോൾ ഇന്നത്തെ നിയമപ്രകാരം വിദേശത്തുള്ള പ്രവാസിക്ക് അംഗമാവാൻ കഴിയില്ല. പുതിയ സാഹചര്യത്തിൽ പ്രവാസി പങ്കാളിത്തത്തിന്റെ പ്രാധാന്യം പരിഗണിച്ച് 'കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്' എന്തുകൊണ്ട് കാലോചിതമായി ഭേദഗതി ചെയ്തുകൂടാ? നോർക്ക റൂട്ട്സ് തന്നെ ഒരു കമ്പനിയാണ്. 'ഇങ്കെൽ' പോലെ മറ്റു കമ്പനികളുമുണ്ട്. ഏതാനും ധനികപ്രവാസികൾക്ക് മാത്രം ഷെയർ എടുക്കാവുന്ന പുതിയ പുതിയ കമ്പനികൾ രൂപീകരിക്കുക എന്ന ആശയത്തിന് അടിസ്ഥാനപരമായ ചില പരിമിതിയുണ്ട്. ബഹുഭൂരിപക്ഷം വരുന്ന സാധാരണ പ്രവാസികൾക്ക് പങ്കാളിത്തമില്ലാത്ത പ്രവാസി കമ്പനികൾക്ക് മഹാഭൂരിപക്ഷം വരുന്ന പ്രവാസികളുടെ വിശ്വാസവും പിന്തുണയും ആർജ്ജിക്കാൻ കഴിയുമോ? സാധാരണ പാവപ്പെട്ട പ്രവാസികൾക്ക് അഭിമാനത്തോടെ പങ്കാളിത്തം നൽകുന്ന ഒരു സംവിധാനത്തെക്കുറിച്ചു ആലോചിക്കുന്നതിനു സബ്കമ്മിറ്റികളുടെ ഘടനയും ബ്യൂറോക്രസിയുടെ അമിത സ്വാധീനവും കാരണമായിട്ടുണ്ടോ? നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ മാറ്റങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതല്ലേ? പല ചോദ്യങ്ങളും വിശദമായ പരിശോധനയും ചർച്ചകളും ആവശ്യപ്പെടുന്നുണ്ട്.

നോർക്ക വൈസ് ചെയർമാൻ വരദരാജൻ, പ്രവാസി വെൽ ഫെയർ ബോർഡ് ചെയർമാൻ പി.ടി.കുഞ്ഞഹമ്മദ്, കമ്മിറ്റി ചെയർമാന്മാർ എന്നിവരെല്ലാം ഗൗരവമായി അഭിപ്രായങ്ങൾ അവതരിപ്പിച്ചു. ചർച്ചകൾ വിലയിരുത്തികൊണ്ട് സഭാനാഥനായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ സംസാരിച്ചു. സാധ്യമായ എല്ലാ കാര്യങ്ങളും നടപ്പാക്കാൻ ശ്രമിക്കുമെന്ന ആത്മാർഥമായ വാക്കുകൾ പങ്കെടുത്ത എല്ലാ പ്രതിനിധികൾക്കും കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ ആവേശമായി മാറി. ബഹുമാനപ്പെട്ട സപീക്കറും ഭരണകക്ഷി – പ്രതിപക്ഷ എം.എൽ.എ.മാരും പ്രതിനിധികളോടൊപ്പം മുഴുവൻ സമയവും സമ്മേളനത്തിൽ പങ്കെടുത്തു എന്നത് എടുത്തു പറയേണ്ട പ്രത്യേകതയാണ്. ആയിരക്കണക്കിനു പ്രവാസി മലയാളികൾ പങ്കെടുത്ത പൊതു സമ്മേളനവും ലോക കേരള സഭാ അംഗവും പ്രശസ്ത നർത്തകിയും സിനിമ നടിയുമായ ആശാ ശരത്തും സംഘവും അവതരിപ്പിച്ച നൃത്ത പരിപാടികളും ഗാനമേളയും മേഖലാ സമ്മേളനത്തിന്റെ മാറ്റു വർദ്ധിപ്പിച്ചു. ■

# അബ്ദുള്ളക്കുട്ടിമാർ അറിഞ്ഞിരിക്കേണ്ടത്

*7-ാം പേജ് തുടർച്ച*

കേരളത്തിൽ ഇടതുപക്ഷത്തെ പരാജയപ്പെടുത്തിയിട്ടും ഒരു ആഹ്ലാദപ്രകടനത്തിനുപോലും സാധിക്കാത്ത വിധം കോൺഗ്രസ് സ്വയം എരിഞ്ഞടങ്ങുന്ന കാഴ്ച ഇന്ത്യൻ രാഷ്ട്രീയം കണ്ടു. ഹിന്ദി ഹൃദയഭൂമി വിട്ട് ലീഗ് കോട്ടയിലേക്ക് രാഹുൽ ഒളിച്ചോടിയെന്ന പ്രചാരണം വികാരപരമായി ചിന്തിക്കുന്ന ഉത്തരേന്ത്യൻ ജനതയിൽ ഒരു കോൺഗ്രസ് വിരുദ്ധ വികാരം ഇളക്കിവിട്ടു എന്നത് കാണാതിരുന്നുകൂടാ.

കേരളത്തിൽ ബി. ജെ. പി. ഇതുവരെ കാണാത്ത പ്രചാരണ താണ്ഡവങ്ങളിലൂടെ നന്നേ വോട്ട് സമാഹരിച്ചെങ്കിലും ഒരു സീറ്റ് ഉറപ്പിക്കുക എന്നത് ഇനിയും കാതങ്ങൾക്ക് അകലം മാത്രം എന്ന തിരിച്ചറിവിലേക്ക് കാര്യങ്ങളെ കൊണ്ട് എത്തിച്ചു. ശബരിമലയിലെ സ്ത്രീപ്രവേശനം വിവാദം അതിന്റെ പാരമ്യത്തിലെത്തിച്ച് കുറഞ്ഞ പക്ഷം പത്തനംതിട്ടയിലും തിരുവനന്തപുരത്തും തൃശൂരും വിജയക്കൊടി പാറിക്കാമെന്ന ചിന്ത ഒരു അതിരുകടന്ന മോഹം മാത്രമായി ചുരുങ്ങി. ഇടതുപക്ഷത്തിന്റെ തോൽവിക്ക് ശബരിമല മാത്രമല്ല കോർപ്പറേറ്റ് മാധ്യമങ്ങളുടെ ഗൂഢലക്ഷ്യങ്ങളോടു കൂടിയ പ്രചാരണവേലകളും കാരണമായി. പത്തനംതിട്ടയിൽ ഇടതു സ്ഥാനാർത്ഥി ഇരുപത് ശതമാനം വോട്ടോടെ മൂന്നാം സ്ഥാനത്തെത്തുമെന്ന ഏഷ്യാനെറ്റ് ജോത്സ്യ പ്രവചനം മതന്യൂനപക്ഷങ്ങളെ കൺസോളിഡേറ്റ് ചെയ്യപ്പെടാൻ പ്രേരിപ്പിച്ചു. ബി. ജെ. പിയെ തടയേണ്ട ദൗത്യം കോൺഗ്രസ്സിനെ ഏൽപ്പിച്ച് അവർ വോട്ട് ചെയ്യുമ്പോൾ പ്രവചനങ്ങളെ കാറ്റിൽപറത്തി എൻ. ഡിയെ സ്ഥാനാർത്ഥി മൂന്നാം സ്ഥാനത്ത് ഒതുങ്ങി. ശബരിമല ഒരു രാഷ്ട്രീയ ചർച്ചയായ മണ്ഡലത്തിൽ അവരുടെ കരുത്തനായ സ്ഥാനാർത്ഥി ഇത്രയും വള്ളപ്പാടി നകലെ ഫിനീഷ് ചെയ്യേണ്ടിവന്ന സാഹചര്യം വിശകലന വിധേയമാണ്.

പാർലമെന്റ് തിരഞ്ഞെടുപ്പോടെ കേരളത്തിൽ വലിയ രാഷ്ട്രീയ ചർച്ചകൾ ഉരുത്തിരിയുകയാണ്. അബ്ദുള്ള കുട്ടി ബി. ജെ.പിയിലേക്ക് ചേക്കേറി ദേശീയ മുസ്ലീം നേതാവാകുന്നു. പൂഞ്ഞാർപുലി പി. സി. ജോർജ്ജ് ബി. ജെ.പിയെയും മടുത്ത് എന്തുവേണമെന്ന് അറിയാതെ പകച്ചുനിൽക്കുന്നു. മാണിസാറിന്റെ മരണാനന്തരം കേരള കോൺഗ്രസ് പതിവുപോലെ രണ്ടു വഴിയിലേക്ക് യാത്ര തുടരുന്നു. പഴയ കുറെ പോലീസ് മേധാവിമാർ കാക്കി കുപ്പായം ഉരിഞ്ഞുവച്ച് കാവി നിക്കർ ധരിക്കുന്നു. പക്ഷേ കേരള രാഷ്ട്രീയത്തിന്റെ അടിസ്ഥാനം അറിയാവുന്നവർ ഇവിടെ ഇനിയും ബി. ജെ. പിക്ക് സാധ്യത കല്പിക്കില്ല. കാരണം ഇത് കേരളമാണ്. ഇവിടെ മനുഷ്യന്റെ ബോധം മതേതരത്വ രാഷ്ട്രീയത്തിൽ അധിഷ്ഠിതമാണ്. എന്തെല്ലാം പരിമിതികൾ കല്പിച്ചാലും മലയാളിക്ക് ഒരളവ് വിട്ട് ജാതിയും മതവും കളിക്കാനാവില്ല. ഉത്തരേന്ത്യപോലെ പശുവിനെ കൊന്നോ പശുവിനെ തിന്നുന്ന മനുഷ്യനെ കൊന്നോ ഇവിടെ ജാതിവികാരം ആളിക്കത്തിക്കാൻ ബി. ജെ. പിക്കാവില്ല. ഇതാ ഇപ്പോൾ ഒരു തമാശ നാം കേൾക്കുന്നു ബി. ജെ. പി. ക്രൈസ്തവ സംരക്ഷണ സേന ഉണ്ടാക്കുന്നു.! കടുവ ഒരിക്കലും സസ്യഭുക്കാവില്ല എന്ന തിരിച്ചറിവുള്ള മതന്യൂനപക്ഷങ്ങൾ അബ്ദുള്ളകുട്ടിയുടെ ബി. ജെ. പി. ബാന്ധവമോ. ക്രൈസ്തവ സംരക്ഷണ പ്രലോഭനമോ കണ്ട് മറ്റൊരു രാഷ്ട്രീയം പരീക്ഷിക്കാൻ ഇടയില്ല. ചുരുക്കത്തിൽ അത്രപെട്ടെന്നൊന്നും കേരളം ഉത്തരേന്ത്യ ആകില്ല അത്ര തന്നെ. ■


കഥ

# അദ്ദേഹം തിരക്കിലാണ്

വിലാസിനി ടീച്ചർ
അയ്യന്തോൾ

**വി**വാഹം കഴിഞ്ഞ് ഈ വലിയ വീട്ടിൽ വന്നുകയറുമ്പോൾത്തന്നെ താൻ വിചാരിച്ചതാണ്, ഇത്രയും തിരക്കുള്ളൊരു മനുഷ്യനെ തനിക്ക് ഭർത്താവായി വേണമായിരുന്നോ? ഭർത്തൃഗൃഹത്തിലെത്തിയപ്പോൾ, അദ്ദേഹത്തിന്റെ അമ്മൂമ്മയ്ക്കും വലിയമ്മയ്ക്കും മറ്റും വലിയ നിർബന്ധമായിരുന്നു - 'തങ്ങൾ രണ്ടുപേരും ഒരുമിച്ച് കുറച്ചു സമയമിരിക്കണമെന്നും വിവാഹത്തിന്റെ ചടങ്ങായ മധുരം പങ്കുവയ്ക്കണമെന്നും, വലിയൊരു സ്ഥാപനത്തിന്റെ മാനേജരായ അദ്ദേഹത്തിന് അത്രയും സമയം കളയാനില്ലായിരുന്നു. തന്നെ വീട്ടിനുള്ളിലെത്തിക്കുക എന്നൊരു കടമ കഴിഞ്ഞ്, എവിടേക്കൊക്കെയോ ഫോൺ ചെയ്യലായിരുന്നു. താൻ അദ്ദേഹത്തിന്റെ അമ്മൂമ്മയും വലിയമ്മൂമ്മയുമായി സംസാരിച്ച് അടുക്കളത്തളത്തിലും. ഫോൺ ചെയ്തുകഴിഞ്ഞപ്പോഴേയ്ക്കും കമ്പനിയിൽനിന്ന് എന്തോ കാര്യത്തിന് വന്ന രണ്ടു പേരോട് സംസാരിക്കലായി, അവർ പോയി കഴിഞ്ഞ് കുളി, ഊണു കഴിഞ്ഞ് കുറച്ചുനേരം പുറത്ത് നടത്തം പതിവാണത്രേ. തന്റെ കാര്യങ്ങൾ അമ്മൂമ്മയും വലിയമ്മയും നോക്കിക്കൊള്ളണമെന്ന എന്തോ നിർബന്ധംപോലെയായിരുന്നു. പിന്നെയാണ് മനസ്സിലായത്, തനിക്ക് വിവാഹം കഴിക്കാനൊന്നും സമയമില്ല, തിരക്കാണെന്ന് പറഞ്ഞപ്പോൾ അവർ നിർബന്ധിച്ച് വിവാഹം കഴിപ്പിച്ചതാണത്രേ.

തനിക്കോർമ്മയുണ്ട് - പെണ്ണുകാണാനായി വന്ന ദിവസത്തെ സംഭവം. 11 മണിക്കെത്തുമെന്ന് അറിയിച്ചതുപോലെ കൃത്യം 11 മണിക്ക് അമ്മൂമ്മയും വലിയമ്മയുമൊത്താണ് വന്നത്. പെണ്ണുകാണൽ 5 മിനിട്ടുകൊണ്ടു കഴിഞ്ഞു. "ഇന്നത്തെ കുട്ടികളല്ലേ, വല്ലതും പറയാനുണ്ടാകും" എന്നു പറഞ്ഞ തന്റെ അമ്മാവനോട് അദ്ദേഹം പറഞ്ഞ മറുപടി "അയ്യോ അതിനൊന്നും സമയമില്ല തിരക്കുണ്ട്. അതൊക്കെ കല്യാണം കഴിഞ്ഞിട്ടാകാം". അന്നേ താൻ പറഞ്ഞതാണ് "ഇത്ര തിരക്കുള്ള ഒരാള് എന്തിനാണമ്മേ". അവർ പറഞ്ഞതോ - "വലിയ ജോലിയും സ്ഥിതിയും ഒക്കെയാവുമ്പോൾ അങ്ങനെയാകും മോളെ, കല്യാണം കഴിഞ്ഞ് ഒരു കുട്ടിയൊക്കെയായാൽ ഈ തിരക്കൊക്കെ മാറും" എന്നാണ്



രാത്രി ഊണു കഴിച്ചെന്ന് വരുത്തിയ തന്നോട് അമ്മൂമ്മ പറഞ്ഞു. "മോള് അവന്റെ മുറിയിലേക്ക് പൊയ്ക്കോ. അവൻ നടത്തമൊക്കെ കഴിഞ്ഞ് വന്നോളും." താൻ പേടിച്ച് പേടിച്ച് മുറിയിൽ കടന്നു. കിടക്കയുടെ ഒരറ്റത്തിരുന്നു. കയ്യിൽ കരുതിയിരുന്ന പാൽ മേശമേൽ വച്ചു. അതുകൊടുക്കേണ്ട വിധം മനസ്സിൽ കണക്കാക്കിക്കൊണ്ടിരുന്നപ്പോൾ വാതിൽ തുറന്ന് അകത്തു കയറിയ അദ്ദേഹം കിടക്കയുടെ ഒരു ഭാഗം സ്വന്തമാക്കി. പാൽകുടിച്ചിട്ടാകാമെന്ന് പറഞ്ഞ തന്നോട് "ഇന്നിനി സമയമില്ല. രാത്രി പാൽകുടിച്ച് ശീലവുമില്ല, ഉറങ്ങേണ്ട നേരമായി. നേരത്തെ എണീക്കേണ്ടതാണ്. 9 മണിക്ക് ഓഫീസിലെത്തണം. ഒരു മീറ്റിംഗ് ഉണ്ട്. താൻ പാല് കുടിച്ച് കിടന്നോളു" എന്നൊരു പറച്ചിലും. ശരിക്കും കരച്ചിൽ വന്നു. കിടന്നയുടനെ കൂർക്കംവലി തുടങ്ങി. താൻ കുറേനേരം കട്ടിലിലിരുന്നു. പിന്നെ ക്ഷീണംകൊണ്ട് കിടന്നുപോയി. ഉറങ്ങിയതൊപ്പോഴെന്നോർമ്മയില്ല.

രാവിലെ താനുണർന്നപ്പോഴേക്കും അദ്ദേഹം എണീറ്റുപോയി. വ്യായാമം തുടങ്ങിക്കഴിഞ്ഞു. അമ്മൂമ്മയും വലിയമ്മയും മൂക്കത്ത് വിരൽവച്ച് കഷ്ടം! ഈ ഒരു ദിവസമെങ്കിലും അവന് ആ കൊച്ചിന്റെ അടുത്ത് എന്തെങ്കിലും പറഞ്ഞ് ഇരിക്കായിരുന്നില്ലേ?" എന്നു പറയുന്നതു കേട്ടാണ് താൻ അടുക്കളയിലേക്ക് ചെന്നത്. "കുറച്ചു ദിവസം കഴിയുമ്പോഴേക്കും എല്ലാം ശരിയാകും മോളെ" എന്ന് സമാധാനിപ്പിച്ചു.

ഓഫീസിൽ പോകാൻ നേരം താൻ നേരിട്ട് ചോദിച്ചു - "ഉണ്ണാൻ വരില്ലേ?" "ഒരു മണിക്കൂർ കളയാൻ സമയമില്ല താൻ ഊണ് കഴിച്ച് വിശ്രമിച്ചോ എനിക്ക തീരെ സമയമില്ല." ഈ ദിനചര്യ മൂന്ന് ദിവസം ആവർത്തിച്ചു. നാലാം ദിവസം തന്റെ വീട്ടിലേക്ക് വിരുന്നു പോകേണ്ടതാണ്. "ഇന്ന് ഓഫീസിൽ പോകുന്നില്ലല്ലോ? എന്റെ വീട്ടിൽ പോകണ്ടേ?" എന്ന് ചോദിച്ചപ്പോൾ "ഞാനോ! തീരെ സമയമില്ല മോളെ, ഓഫീസിൽ ഞാനില്ലെങ്കിൽ ഒന്നും ശരിയാവില്ല. കുറച്ചു ദിവസം കഴിഞ്ഞ് നോക്കട്ടെ. ഇന്ന് കാറിൽ ഡ്രൈവർ തന്നെ ക്കൊണ്ടാക്കും. നാളെ വിളിക്കാനും വരും അതുമതി."

കരഞ്ഞ മുഖവുമായിട്ടാണ് വീട്ടിൽ ചെന്നു കയറിയത്. വഴിക്കുവച്ച് തന്റെ കരച്ചിൽ കണ്ടപ്പോൾ ഡ്രൈവർ ആശ്വസിപ്പിച്ചു. "സാറിന്റെ സ്വഭാവം അങ്ങനെയാണ്. ഓഫീസിലെ തിരക്കൊഴിഞ്ഞ് ഒന്നിനും സമയമില്ല. കുട്ടി കരയണ്ട." താൻ ഡ്രൈവറുടെ മുഖത്തേക്കു നോക്കിയതപ്പോഴാണ്. കാണാൻ തെറ്റില്ലാത്ത ഒരു ചെറുപ്പക്കാരൻ. ഇയാളുടെ മനസ്സിന്റെ ഗുണം. തന്റെ ഭർത്താവിന് കിട്ടിയില്ലല്ലോ എന്നോർത്തുപോയി.

വീട്ടിലെല്ലാവരും ചോദ്യമായി, എന്താണ് അദ്ദേഹം വരാതിരുന്നതെന്നറിയണം. ഞാൻ പറഞ്ഞു. "അദ്ദേഹത്തിന് തിരക്കാണ്. അത് കഴിഞ്ഞിട്ട് ഒഴിവുകിട്ടിയാൽ വരാമെന്ന് പറഞ്ഞു." താൻ മനസ്സാ അൽപം സന്തോഷിച്ചു. വലിയ ആളുകളുടെ കാര്യം ഇങ്ങനെയൊക്കെയാണെന്ന് അവരും അറിയട്ടെ. താൻ അന്നേ പറഞ്ഞതല്ലേ, ഈ വിവാഹം വേണ്ടെന്ന്. പിറ്റേ ദിവസം ഡ്രൈവർ വിളിക്കാൻ വന്നു. വീട്ടിലെ കാര്യങ്ങളെല്ലാം അയാൾ ചോദിച്ചറിഞ്ഞു.

വിവാഹം കഴിഞ്ഞ് മാസം ഒന്നു കഴിഞ്ഞു. എന്തിനാണ് വിവാഹം കഴിച്ചതെന്ന് ഓർക്കാൻപോലും അദ്ദേഹത്തിന് സമയമില്ലായിരുന്നു. താൻ ജീവച്ഛവംപോലെയായി. ഒന്നിനും താല്പര്യമില്ലാതായി. ആശ്വാസത്തിന് കണ്ടെത്തിയ വഴി ഇടയ്ക്കുള്ള അമ്പലത്തിൽ പോക്കാണ്. ഡ്രൈവർ കൊണ്ടുപോകും. തൊഴുതുവരുംവരെ അയാൾ കാത്തുനിൽക്കും. തിരിച്ചു പോരും, ക്രമേണ ഡ്രൈവറുമായി താൻ പരിചയമായി. അയാൾ തമാശകൾ പറഞ്ഞ് തന്നെ ചിരിപ്പിക്കും കളിയാക്കും. അമ്മൂമ്മയ്ക്കും വലിയമ്മയ്ക്കും മനസ്സിന് ആധിയായി. വിവാഹം കഴിഞ്ഞാൽ ഭർത്താവിന്റെ ഈ തിരക്കൊന്ന് കുറയുമെന്ന് കരുതിയ അവർക്ക് തെറ്റി. ഭാര്യയുടെ ആവശ്യങ്ങളെന്തെന്നുപോലും അന്വേഷിക്കാൻ സമയമില്ലാത്ത ഭർത്താവ്.

ഒരു ദിവസം അദ്ദേഹം ഓഫീസിൽ പോകാനിറങ്ങിയപ്പോൾ സഹികെട്ട് താൻ പറഞ്ഞു. "നിങ്ങൾക്ക് തിരക്കല്ലേ. ആ ഡ്രൈവർക്ക് നിങ്ങളേക്കാൾ മനുഷ്യപ്പറ്റുണ്ട്. ഞാൻ അയാളുടെ കൂടെ പോവുകയാണ്. ഞാൻ ഒരു സ്ത്രീയല്ലേ." ഒട്ടും ആലോചിക്കാതെതന്നെ അദ്ദേഹം പറഞ്ഞു: "അതിനെന്താ എനിക്ക് തീരെ സമയമില്ലാഞ്ഞിട്ടല്ലേ. കാറെടുത്തോളാൻ പറയൂ" താൻ അന്തംവിട്ടു നിന്നു. ■

# സാജനെ മാപ്പ്

*5-ാം പേജ് തുടർച്ച*


നിയമത്തിന്റെ നൂലാമാലകൾ ചിലന്തിവലകളാക്കി മാറ്റി അതിനുള്ളിൽ ജനത്തെ തളച്ചിടാനുള്ള ഉദ്യോഗസ്ഥ ധാർഷ്ഠ്യം പുനപരിശോധിക്കേണ്ടതുണ്ട്.

പ്രവാസിക്ഷേമത്തിനായി സംസ്ഥാനസർക്കാർ മുമ്പോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ കാര്യക്ഷമതായോടെ നടപ്പിലാക്കേണ്ടതുണ്ട്. അവ പ്രവാസിയുടെ ഇപ്പോഴത്തെ ജീവിതപരിതസ്ഥിതിയെ മെച്ചപ്പെടുത്താൻ സഹായകമാകും. കേന്ദ്രത്തിൽ നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള പുതിയ ഗവൺമെന്റ് അധികാരം ഏറ്റിരിക്കുന്നു. മലയാളിയായ ശ്രീ. വി. മുരളീധരനും മന്ത്രിസഭയിലുണ്ട്. വിമാനടിക്കറ്റ് കുറയ്ക്കുന്നതുൾപ്പെടെ ഒട്ടേറെ കാര്യങ്ങൾ കേന്ദ്രഗവൺമെന്റിനു ചെയ്യാനാകും. കസ്സാക്കിസ്ഥാനിലെ ടെങ്കീസ് എണ്ണപ്പാടങ്ങളിൽ അക്രമങ്ങളിൽപെട്ട് കുടുങ്ങികിടക്കുന്ന മലയാളികളടക്കമുള്ള ഇന്ത്യൻ തൊഴിലാളികളുടെ മടങ്ങിവരവും പുനരധിവാസവും കേന്ദ്രഭരണകൂടം ഗൗരവത്തിലെടുക്കണം. രാജ്യാന്തര തലത്തിൽ ഇതിനായി സമ്മർദ്ദം ചെലുത്താൻ കേന്ദ്രഭരണകൂടത്തിന് സാധിക്കണം.

ജൂലൈ 15, 16 തീയതികളിൽ തിരുവനന്തപുരം ഈ.എം. എസ്. അക്കാഡമിയിൽ നടക്കുന്ന പഠനക്യാമ്പിൽ ഇത്തരം പ്രശ്നങ്ങൾ സമഗ്ര ചർച്ചയ്ക്ക് വിഷയീഭവിക്കുന്നതാണ്. പുതിയഭരണസമിതി നിലവിൽ വന്നശേഷം ആദ്യം നടക്കുന്ന പഠനക്യാമ്പുകൂടി ആണ് ഇത് എന്നത് അതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ■

നിരീക്ഷണം

# അധികാരം എന്ന തിന്മ



പ്രൊഫ. തോമസ് മാത്യു

**2019**-ലെ തിരഞ്ഞെടുപ്പിന്റെ കോലാഹലങ്ങൾ പൂർണ്ണമായും കത്തിയമർന്നിട്ടില്ല. എങ്ങനെയും ജയിക്കണമെന്നും എങ്ങനെയും തോല്പിക്കണമെന്നും വാശിയുള്ളവർ കളിക്കുന്ന കളിയിലെ അടവുകൾ പലതും അടക്കം വിട്ടതും ചട്ടങ്ങൾക്ക് നിരക്കാവുന്നതും ആണത്രെ. കോടികൾ പരന്നു നടക്കുന്ന നിയോജകമണ്ഡലങ്ങൾ തന്നെ ഉണ്ടത്രേ! നിയമത്തിന്റെയും നിയമപാലകരുടെയും പിടിയിൽപെട്ട് ചിലയിടങ്ങളിലെ തിരഞ്ഞെടുപ്പു തന്നെ മാറ്റിവയ്ക്കുകയോ റദ്ദാക്കപ്പെടുകയോ ചെയ്ത തായി റിപ്പോർട്ടുകളുണ്ട്. ഇവിടെ ബി.ജെ.പി. ജയിച്ച് അധികാരത്തിലേറി. ആര് അധികാരത്തിൽ വന്നാലും എന്താണ് നടക്കുക എന്ന് പ്രവചിക്കാൻ കഴിയുമാറ് പൊതു ജീവിതത്തിന്റെ ചിട്ടകൾ ക്രമപ്പെട്ട് കഴിഞ്ഞിരിക്കുന്നു. ആ ക്രമപ്പെടലിലുള്ള ആശങ്കയാണ് ഈ കുറിപ്പിന്റെ പിന്നിലെ പ്രേരണ.

ചരിത്രത്തിന്റെ ഗതിലിബറൽ ഡെമോക്രസിയിൽ എത്തിയതോടെ സിവിൽ സമൂഹത്തന്റെ ഘടന അഭികാമ്യതയുടെ പരമാവധിയിൽ എത്തി. അതുകൊണ്ട് ചിത്രം അവിടെ അവസാനിക്കുന്നു എന്ന് എഴുതിയ സാമൂഹ്യശാസ്ത്രകാരന്മാരുണ്ട്. ശരിയാണ്, മനുഷ്യ സമൂഹം പരീക്ഷിച്ച സിവിൽ ഘടനയിലെ ഏറ്റവും മികച്ച രൂപമാണ് ജനാധിപത്യത്തിന്റേത്. അതിനേക്കാൾ ശ്രേഷ്ഠമായതെന്ന് സങ്കല്പിക്കാൻ കഴിഞ്ഞിട്ടില്ല. ബുദ്ധിയും ഇച്ഛയും വിവേകവുമുള്ള മനുഷ്യർ സ്വന്തം ഭാഗധേയത്തെ നിർണ്ണയിക്കുകയും ആരുടെയും മേൽകോയ്മയ്ക്ക് കീഴടങ്ങാതിരിക്കുകയും ചെയ്യുന്ന ഘടനയാണല്ലോ ജനാധിപത്യത്തിൽ ഉള്ളത്. അവിടെ ആരും ആരുടെമേലും അധികാരം എന്ന തിന്മയെ ആകുന്നത്ര നിർമ്മാർജ്ജനം ചെയ്യാൻ അതിന് കഴിയുകയും ചെയ്യും. സമന്മാരുടെ കൂട്ടായ്മയായി സമൂഹം മാറുന്നത് ഈ ഘടനയിലാണ്. അധികാരികളല്ല ചുമതലക്കാരാണ് ഈ ഘടനയിൽ ഉള്ളത്. ചുമതല എറ്റവർ അത് ഇളവില്ലാതെ, നിർവ്വിശങ്കമായി, നിറവേറ്റുന്നു എന്ന് ഉറപ്പുവരുത്തണം; വീഴ്ച വന്നാൽ ചുമതലയിൽനിന്ന് ഒഴിയുകയും വേണം. ആന്തരികമായ സ്വാതന്ത്ര്യം അനുഭവിക്കുകയും ആത്മീയമായ ഔന്നത്യം പുലർത്തുകയും ചെയ്താൽ മാത്രമെ ജനാധിപത്യം ഒരു ആദർശമായി സഫലപ്പെടുകയുള്ളു. ആദർശത്തിനും യാഥാർത്ഥ്യത്തിനും ഇടയിൽ എല്ലായിപ്പോഴും ഒരു വിടവ് ഉണ്ടായിരിക്കും എന്ന സത്യത്തെയും നാം അംഗീകരിക്കേണ്ടതുണ്ട്. ഏട്ടിൽ കണ്ടത് അതേപടി പയറ്റിൽ ഉണ്ടായിരിക്കുക എന്നത് മനുഷ്യന്റെ കാര്യത്തിൽ പ്രായോഗികമല്ല.

പ്രായോഗികമല്ല എന്ന് പറയുമ്പോൾ രണ്ട് കാര്യങ്ങൾ ഓർത്തിരിക്കേണ്ടതുണ്ട്. ആദർശത്തിലേക്കോ അതിന്റെ നേർ വിപരീത ദിശയിലേക്കോ സഞ്ചരിക്കാനുള്ള സാദ്ധ്യതയുടെ മുമ്പിലാണ് നിൽക്കുന്നത് എന്നതാണ് ഒന്നാമത്തെ കാര്യം. വിപരീത ദിശയിലേക്ക് പോകാനുള്ള പ്രേരണ മനുഷ്യപ്രകൃതിയിൽ അന്തർഭവിച്ചിരിക്കുന്നു എന്നത് രണ്ടാമത്തെ കാര്യം. സഹചരന്മാരെക്കൊണ്ട് പുറംചൊറിയിച്ച് നേതൃത്വം ഉറപ്പിക്കുന്ന ആനവാരി രാമൻനായർ മുതൽ സ്വന്തം പ്രതിമ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങൾ പണിഞ്ഞ് ദൈവം ചമയുന്ന നേതാവ് വരെയുള്ള അനേകം പടവുകളിൽ ഇടം ഒരുക്കി വിലസാൻ കോപ്പ് കാട്ടുന്നവരാണ് മനുഷ്യർ. അതേസമയം സ്വാതന്ത്ര്യത്തിന്റെ കനം താങ്ങാനാകാതെ അടിമയാകാൻ ഒരുങ്ങുന്നവരുമുണ്ട്. ബർട്രന്റ് റസ്സലിന്റെ ‘പവർ’ എന്ന ഗ്രന്ഥവും എറിക് ഫ്രോമിന്റെ ‘എസ്കേപ് ഫ്രം ഫ്രീഡം’ എന്ന കൃതിയും വായിച്ച് നോക്കിയാൽ ഈ വിരുദ്ധപ്രകൃതികൾ എങ്ങനെ മനുഷ്യജീവിതത്തിലെ



നിയാമാ ശക്തികളായി പ്രവർത്തിക്കുന്നു എന്ന് മനസ്സിലാകും.

പ്രതിനിധാന ജനാധിപത്യം മനുഷ്യപ്രകൃതിയിലെ ഈ വിരുദ്ധഭാവങ്ങളെ ഫലപ്രദമായി ചൂഷണം ചെയ്ത് ജനാധിപത്യത്തിന്റെ സത്തയെ ഇല്ലാതാക്കാൻ സാദ്ധ്യതകൾ ഒരുക്കുന്നുണ്ട്. പരമാധികാരം ജനങ്ങൾക്ക് എന്ന സങ്കല്പത്തെ എങ്ങനെയാണ് നിരാധാരമാക്കാൻ കഴിയുക എന്ന പരീക്ഷണം മാത്രമായി ജനാധിപത്യത്തിന്റെ ഘടന മാറുക എളുപ്പമാണ്. അഞ്ചുവർഷത്തേക്ക് രാഷ്ട്ര സംവിധാനത്തെ പാട്ടത്തിന് എടുക്കുന്ന ഏർപ്പാടാണ് ജനാധിപത്യം എന്നല്ലേ രാഷ്ട്രീയ പാർട്ടികൾ വിചാരിക്കുന്നത്? പാട്ടം പുതുക്കാനാകുമോ എതിർകക്ഷികൾ തട്ടിയെടുക്കുമോ എന്ന വേവലാതിയാണ് തിരഞ്ഞെടുപ്പ് കാലത്തെ ചൂടുള്ളതാക്കുന്നത്. ആ ചൂട് നാം അനുഭവിച്ചു.



തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ ജനങ്ങളുടെ ജയമാനന്മാരായിക്കഴിഞ്ഞു, ഇനി അടുത്ത തിരഞ്ഞെടുപ്പുവരെ ജനം തങ്ങളുടെ മുമ്പിൽ കിഴിഞ്ഞുനിന്നുകൊള്ളണം എന്നതാണ് ജനപ്രതിനിധി എന്ന വിദ്വാന്റെ ഭാവം. ധീരതയോടെ ഭരിച്ചോളൂ എന്ന് അലമുറയിട്ടു വിളിച്ചുകൂവുന്ന ഒരനുയായി സംഘമുണ്ടെന്ന ഉറപ്പിലാണ് ഈ കളി. തങ്ങളെ തിരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയും ആ ചുമതല നിർവ്വഹിക്കുന്നതിന് കൂലി നൽകുകയും ചെയ്യുന്ന പൗരന്മാരുടെ നേരെയാണ് അധികാരപ്രയോഗം എന്ന് ആര് ഓർക്കുന്നു? അക്കാര്യം ഓർക്കാൻ ധൈര്യമില്ലാത്തവരാണ് ജനങ്ങൾ എന്ന ഉറപ്പിലല്ലേ ഈ കളികളെല്ലാം നടക്കുന്നത്?

നമ്മുടെ പാർലമെന്ററി ജനാധിപത്യം ജനങ്ങളുടെ അധികാരം അവരിൽനിന്ന് കവർന്നെടുത്ത് അവരെ കബളിപ്പിക്കുന്ന ഏർപ്പാടായി മാറുകയാണ്. ആ കബളിപ്പിക്കലിന് പറ്റിയ വഴിയാണ് ഭ്രാന്തായി മാറാൻ എളുപ്പമുള്ള വികാരങ്ങളെ ഉണർത്തിവിടുകയെന്നത്. സംഘാഹന്തയുടെ ഊതിവീർപ്പിച്ച അവസ്ഥ. വർഗ്ഗീയത തിളയ്ക്കുന്ന സാന്നിദ്ധ്യമായി തിരഞ്ഞെടുപ്പുകാലത്ത് അവതരിക്കുന്നതിന്റെ രഹസ്യം ഇത്രയേയുള്ളൂ. യഥാർത്ഥത്തിൽ വർഗ്ഗീയതയ്ക്ക് മതവുമായും വിശ്വാസവുമായും യാതൊരു ബന്ധവുമില്ല. മതത്തിന്റെ ശത്രുവാണ് വർഗ്ഗീയത എന്നുപോലും പറയാം. കാരണം മതം ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെ മുച്ചൂടും തിരസ്കരിച്ചുകൊണ്ടാണ് വർഗ്ഗീയതയുടെ മുന്നേറ്റം, വിദ്വേഷമാണ് അതിന്റെ ആയുധം. സ്നേഹത്തെയല്ലാതെ വിദ്വേഷത്തെ ഉയർത്തിക്കാണിക്കുന്ന മതം ഏതുണ്ട്? ഏതു മതത്തിന്റെ പേരിൽ പ്രത്യക്ഷപ്പെടുന്ന വർഗ്ഗീയതയുണ്ട് സ്നേഹത്തെ വളർത്തുകയും വിദ്വേഷത്തെ നിരാകരിക്കുകയും ചെയ്യുന്നതായി? അതുകൊണ്ടാണ് മതത്തിന്റെ ശത്രുവാണ് വർഗ്ഗീയത എന്ന് പറയുന്നത്. ലോകം മുഴുവൻ ശാന്തിയും സന്തോഷവും അനുഭവിക്കട്ടെ എന്ന് ആശംസിക്കുന്ന മതത്തിന്റെ പേരിൽ പ്രബലപ്പെടുന്ന വർഗ്ഗീയത മറ്റവൻ ഉടുക്കുന്നത് നിങ്ങൾ ഉടുക്കുന്നതുപോലെയല്ല, അവൻ ഉണ്ണുന്നത് നീ ഉണ്ണുന്ന വിഭവങ്ങളല്ല. അതുകൊണ്ട് അവൻ ശത്രു, അവനെ കൊല്ലണം, അല്ലെങ്കിൽ നാടുകടത്തണം എന്നു പറഞ്ഞുകൊണ്ടാണ് വരുന്നത്. ഇവ തമ്മിൽ എന്തു പൊരുത്തം. സങ്കുചിത ദേശീയതയുടെ വർഗ്ഗീയ മുഖം പൊയ്മുഖങ്ങൾ അഴിച്ചുമാറ്റി നേരെ പ്രത്യക്ഷപ്പെടുകയാണ്, സാർവ്വദേശീയതയുടെ സാമഗാനം പാടാൻ ഏറ്റിരുന്നവർ അഭിപ്രായാന്തരങ്ങളെ പച്ചത്തെറിയിൽ കുളിപ്പിക്കുകയാണ്, പൊതുരംഗത്ത് പ്രവേശിക്കാൻ ധൈര്യം കാണിക്കുന്ന പെൺകുട്ടികളെ അശ്ലീല പരാമർശങ്ങൾകൊണ്ട് നാണം കെടുത്തി പിൻതിരിപ്പിക്കാൻ ശ്രമിക്കുന്ന മലിന മനസ്സുകൾ ഭരണം ഏകോപിപ്പിക്കാൻ വേഷമിട്ടു വിലസുകയാണ്! അതുകൊണ്ട്, തിരഞ്ഞെടുപ്പു കഴിഞ്ഞാലും, ആര് അധികാരത്തിൽ ഏറിയാലും, ജനാധിപത്യത്തിന്റെ പവിത്രമായ മൂല്യങ്ങളെ പൗരഹൃദയങ്ങളിൽ ഉറപ്പിക്കാൻ ഉതകുന്ന പ്രസ്ഥാനങ്ങൾ ഉണ്ടാകണം. അധികാരക്കളിയിൽ പങ്കു ചോദിച്ചു നടക്കുന്നവരിൽനിന്ന് അത് ഉണ്ടാവുകയില്ല. നവോത്ഥാനത്തിന് ഉണ്ടാകേണ്ട മുഖം അതാണ്. അഞ്ചാണ്ടെത്തുമ്പോൾ വോട്ടു ചെയ്തു തീർക്കേണ്ടതല്ല ജനാധിപത്യത്തിൽ പൗരന്റെ കടമ, എന്നും ഉണർന്നിരിക്കാനും ധർമ്മ ഭ്രംശങ്ങളെ തടുക്കാനും ചുമതലപ്പെട്ടവനാണ് പൗരൻ എന്ന ബോധം ഉറയ്ക്കണം. പൗരസഞ്ചയത്തെ കബളിപ്പിക്കുന്ന കശ്മലസംഘം എന്ന നിലയിൽനിന്ന് ജനങ്ങളുടെ ആശയാഭിലാഷങ്ങളെ സാക്ഷാത്കരിക്കാൻ വ്രതം എടുത്തവർ എന്ന നിലയിലേക്ക് വളരാൻ രാഷ്ട്രീയ കക്ഷികളെ നിർബന്ധിക്കുന്ന അവസ്ഥ ഉണ്ടാകണം. ■

കവിത

# നിതാന്ത ദുഃഖം

റോഡിൽ പൊലിഞ്ഞൊരു ജീവൻ പറന്നുപോയ്
ഈറനണിഞ്ഞൊരെൻ കണ്ണുകളൊപ്പി ഞാൻ
അന്ത്യോപചാരത്തിനെത്തിയ വേളയിൽ
കണ്ടതെല്ലാമേ മഥിക്കുന്നു, ഇപ്പൊഴും!!
ചേതനയറ്റ തന്നോമനപ്പുത്രന്
യാത്രാനുവാദം കൊടുക്കേണ്ട ദുർവ്വിധി
അമ്മതൻ ദുഃഖവും അച്ഛന്റെ തേങ്ങലും
കണ്ണീർക്കടലാഴമായിട്ടിരമ്പവേ,
നിദ്രയിലെന്നപോൽ മുന്നിൽ ശയിക്കുന്ന
നിശ്ചലകോമള മേനിയിലുമ്മവ-
ച്ചിടനെഞ്ചുപൊട്ടിക്കരഞ്ഞുമോഹിച്ചവൾ
നൊടിനേരമൊന്നവൻ കണ്ണുതുറക്കുവാൻ!
ജന്മം കൊടുത്തു വളർത്തിയെടുത്തതും
സ്വപ്നങ്ങൾ കണ്ടവർ നിർവൃതികൊണ്ടതും
പിച്ചവച്ചവനാദ്യം നടന്നതും
ആദ്യാക്ഷരത്തിന്റെ മുത്തുകൊഴിഞ്ഞതും
എല്ലാം നിരർത്ഥകമായ്മറയുന്നുവോ?
ഇന്നവൻ ഓർമ്മയായ് മാറാനൊരുങ്ങുന്നു!
കണ്ടുകൊതിതീർന്നിട്ടില്ലൂട്ടിമതിതീർന്നി-
ല്ലെല്ലാം വെടിഞ്ഞവൻ പോകുന്നു മൂകനായ്
എരിയുന്ന കനലിന്റെ നൊമ്പരച്ചൂടേറ്റ്
പിടയുന്നു, അമ്മയും അച്ഛനും അരികിലായ്. ■

**എസ്. വിജയചന്ദ്രൻ നായർ**





# പ്രേംനസീറിന് മരണമില്ല

8–ാം പേജ് തുടർച്ച

വസാന ചിത്രമായ കടത്തനാടൻ അമ്പാടിയിലെ ആറേക്കാട്ട് അമ്പാടിതമ്പാൻ.

കേരള ജനതയുടെ വസന്തതാരമായി ഒരു തലമുറക്ക് മുഴുവൻ പ്രണയത്തിന്റെ അനുഭൂതികൾ പകർന്നു നൽകിയ ഒരേയൊരു നടൻ പ്രേംനസീർ. 38 വർഷത്തെ സിനിമാജീവിതത്തിനിടയിൽ അദ്ദേഹമൊരിക്കലും അഹങ്കരിച്ചിരുന്നില്ല. ദരിദ്രരായി എത്തുന്ന എല്ലാവർക്കും അദ്ദേഹം സഹായങ്ങൾ നൽകിയിരുന്നു. മനുഷ്യസ്നേഹത്തിന്റെ നിറകുടമായിരുന്നു. പഠിക്കുവാൻ പണമില്ലാത്ത വിദ്യാർത്ഥികൾക്ക് പണം നൽകി, അനാഥാലയങ്ങൾക്ക് സഹായങ്ങൾ, വായനശാലകൾ സ്ഥാപിക്കുന്നതിന് കെട്ടിടത്തിനും, ഉപകരണങ്ങൾക്കും പുസ്തകങ്ങൾക്കും, ആശുപത്രികൾക്കും പണം നൽകി.

അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ചിറയിൻകീഴ് ശാർക്കര ദേവീക്ഷേത്രത്തിൽ ആനയെ നടയ്ക്കിരുത്തി മതമൈത്രിക്ക് മാതൃകയായി. പ്രേംനസീറിന്റെ ബാല്യവും കൗമാരവും ചിലവിട്ട ശാർക്കര ദേവീക്ഷേത്രമുറ്റം.

വിനയവും മനുഷ്യത്വവും കൊണ്ട് പച്ചമനുഷ്യനായി ജനങ്ങളുടേയും, സഹപ്രവർത്തകരുടെയും ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ പ്രേംനസീറിനെകുറിച്ച് ജ്ഞാനപീഠ ജേതാവും മലയാളത്തിന്റെ മഹാസാഹിത്യകാരനുമായ എം.ടി വാസുദേവൻ നായർ "ഇനി ഇങ്ങനെ ഒരു മനുഷ്യൻ ഉണ്ടാവില്ല. കൃത്യനിഷ്ഠ, വിനയം, കൂടെ ജോലി ചെയ്യുന്നവരോടുള്ള അളവറ്റ സ്നേഹം, പാവപ്പെട്ടവരെ സഹായിക്കാനുള്ള വലിയ മനസ്സ്, ഇതെല്ലാം നസീറിന്റെ ഗുണങ്ങളായിരുന്നു. അഭിനയത്തിൽ ശരാശരി മാത്രമായിരുന്ന നസീറിനെ ലോകപ്രശസ്തനാക്കിയത് അദ്ദേഹത്തിന്റെ വ്യക്തിപരായ ഗുണങ്ങളാണ്, ഇന്നത്തെ കലാകാരന്മാർ നസീറിൽ നിന്ന് ഒരുപാട് പഠിക്കണം."

സിനിമാനടനായി പ്രശസ്തിയുടെ കൊടുമുടിയിൽ നില്ക്കുമ്പോഴും നന്മയുടെ ലാവണ്യമായിരുന്നു. സിനിമയിൽ അഭയിനയിക്കാൻ മോഹവുമായി കേരളത്തിൽ നിന്നും ആയിരങ്ങൾ കോടാമ്പക്കത്തെത്തി അവസാനം ഒരിടത്തുമെത്താത്ത അലഞ്ഞുതിരിഞ്ഞ് പട്ടിണിയിലെത്തുന്നവർ, ഉടുതുണിക്ക് മറുതുണിയില്ലാത്തവർ അവസാനം പ്രേംനസീറിന്റെ വീട്ടിലെത്തും. അദ്ദേഹം ഭക്ഷണവും, സാമ്പത്തിക സഹായവും നല്കിക്കൊണ്ടിരുന്നു.

പുരാണങ്ങളിലെ ശ്രീകൃഷ്ണനായും, ശ്രീരാമനായും തിളങ്ങി മുഖശ്രീയുള്ള കോമ-ളരൂപൻ ഭക്തരുടെ പൂജാമുറികളിൽ വിളങ്ങിയിരുന്നു. ഒരിക്കൽ നിർമ്മാതാവായ സുഹൃത്തിന്റെ വീട്ടിലെത്തിയ അദ്ദേഹം പൂജാമുറിയിലായിരുന്നു. പൂജാമുറിയിലെ പടം കൃഷ്ണകുചേലയിലെ ശ്രീകൃഷ്ണനായി അഭിനയിച്ച തന്റെ പടമായിരുന്നു.

പ്രേംനസീറിന്റെ ആദ്യ ചിത്രത്തിലെ നായിക നെയ്യാറ്റിൻകര കോമളമായിരുന്നു. പ്രേംനസീറിനൊപ്പം ഏറ്റവും കൂടുതൽ ചിത്രങ്ങളിൽ അഭിനയിച്ചത് ഷീല, രണ്ടാംസ്ഥാനം ജയഭാരതി.

എന്റെ ജീവിതം, അനുഭവങ്ങൾ ഓർമ്മകൾ, എന്നെ തേടിയെത്തിയ കഥാപാത്രങ്ങൾ എന്നീ പുസ്തകങ്ങളുടെ രചയിതാവ് കൂടിയാണദ്ദേഹം.

എന്റെ ജീവിതം എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തി.

"എന്റെ ആത്മകഥയിൽ ഞാൻ കടന്നുപോന്ന വഴികളിലെ മുള്ളിനെയും മലരിനെയും നിങ്ങൾക്ക് പഠിക്കാനോ പകർത്താനോ ഒന്നും കണ്ടെന്നുവരില്ല."

സത്യസന്ധതയും, എളിമയും, മഹാനായ ഒരു മനുഷ്യസ്നേഹിയുടെ വാക്കുകൾ.

രാഷ്ട്രപതി പത്മഭൂഷൺ–നല്കി ആദരിച്ചിരുന്നു. കേരള സംസ്ഥാന ഗവൺമെന്റ് വിടപറയും മുമ്പേ, പാർവ്വതി എന്നീ സിനിമകളിലെ അഭിനയത്തിന് ചലച്ചിത്രകലയിൽ മികവ് കാട്ടിയതിനുള്ള പ്രത്യേക അവാർഡ് നല്കി.

ഇന്ത്യൻ സിനിമയുടെ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കിയ പ്രമുഖരുടെ ചിത്രങ്ങളിൽ മലയാളത്തിൽ നിന്നും പ്രേംനസീറിനെ ഉൾപ്പെടുത്തിയിരുന്നു.

ജാതിയ്ക്കും മതത്തിനും അതീതമായി മനുഷ്യരുടെ ദാരിദ്ര്യദുഃഖത്തിൽ ഹൃദയംകൊണ്ട് സഹായിക്കുകയും സഹായിക്കുന്നത് പബ്ളിസിറ്റിക്ക് വേണ്ടിയായിരുന്നില്ല.

ദേവനായകൻ മരണത്തിന്റെ തിരശ്ശീലയ്ക്കുള്ളിലേക്ക് സ്വർണ്ണച്ചിറകടിച്ച് പറന്നുപേയിട്ട് മുപ്പതാണ്ടുകളായിരിക്കുന്നു. മനുഷ്യസ്നേഹത്തിന്റെ ദൈവികസ്പർശം മലയാളിക്ക് അനുഭവമാക്കി കൊടുത്ത കലാകാരൻ. എല്ലാ മനുഷ്യരോടും എന്താ അസ്സേ... സുഖമല്ലേ, പടയോട്ടം സിനിമയിലെ നാമാണ് ആറേക്കാട്ട് അമ്പാടിത്തമ്പാൻ. പ്രസിദ്ധമായ ഡയലോഗ്ഇന്നും ഇന്നും മലയാളിയെ ഹർഷപുളകമണിയിക്കുന്നു. ■





സ്മരണ

# സലീൽ ചൗധരിയുടെ സംഗീത സപര്യ



**ഡോ. സിബി മാത്യൂസ് IPS**

'**ചെ**മ്മീൻ' സിനിമയിലെ 'മാനസമൈന വരൂ' എന്ന സൂപ്പർ ഹിറ്റ് ഗാനത്തിലൂടെ മലയാളി മനസ്സുകളിൽ ചിരപ്രതിഷ്ഠ നേടിയ സലീൽ ചൗധരി 1922-ൽ പശ്ചിമ ബംഗാളിലെ 24 പർഗാനാസ് ജില്ലയിലാണ് ജനിച്ചത്.

ബംഗാളി ഭാഷയിലെ നാടൻ പാട്ടുകൾ പോലെ തന്നെ പാശ്ചാത്യ ക്ലാസ്സിക്കൽ സംഗീതത്തിലും അദ്ദേഹം ആഴമായ അറിവ് നേടി. 1943-44 കാലഘട്ടത്തിൽ ബംഗാളിലുണ്ടായ അതിരൂക്ഷമായ ഭക്ഷ്യക്ഷാമം, പട്ടിണിമരണങ്ങൾ, സാധാരണ ജനങ്ങളുടെ കഷ്ടപ്പാടുകൾ എന്നിവയൊക്കെ നേരിട്ടു കണ്ടറിഞ്ഞ സലീൽദാ എം.എ. പഠനം ഉപേക്ഷിച്ച്, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു പ്രവർത്തനം ആരംഭിച്ചു. (ഉദ്ദേശം 50 ലക്ഷം ജനങ്ങൾ ബംഗാളിൽ പട്ടിണിമൂലം മരിച്ചതായി പറയപ്പെടുന്നു.)

1944-ൽ 'പരിബർത്തൻ' എന്ന ബംഗാളി സിനിമയ്ക്കായി സംഗീതം നൽകിക്കൊണ്ടാണ് സലീൽദാ ഇന്ത്യൻ സിനിമയുമായുള്ള ബന്ധം ആരംഭിച്ചത്. 1953-ൽ മുംബൈ നഗരത്തിലേക്ക് താമസം മാറ്റി. ബിമൽ റോയിയുടെ 'ദോ ബിഘാ സമീൻ' എന്ന സിനിമയ്ക്കുവേണ്ടി കഥയും തിരക്കഥയും തയ്യാറാക്കി, സംഗീത സംവിധാനവും സലീൽദാ നിർവഹിച്ചു. ഈ സിനിമ ഫിലിം ഫെയർ അവാർഡ് കരസ്ഥമാക്കി. 1958-ൽ 'മധുമതി' എന്ന ഹിന്ദി സിനിമയുടെ അതിഗംഭീരമായ വിജയത്തോടെ, അതിനുവേണ്ടി സംഗീതം തയ്യാറാക്കിയ സലീൽ ചൗധരിയുടെ ('സുഹാന സഫർ ഓർയെ മൗസം ഹസീൻ', 'ഘടീ ഘടീ മെരാ ദിൽ ധട്കേ, ഹായ് ധട്കേ, ക്യോം ധട്കേ, ആജ് മിലൻ കി ബേലാ മേം') പ്രശസ്തി വാനോളമുയർന്നു. അദ്ദേഹം ബോളിവുഡ്ഡിലെ തിരക്കുള്ള സംഗീത സംവിധായകനായി മാറി. തുടർന്ന് 'ഉസ്നേ കഹാഥാ', 'പരാഖ്', 'മായ' മുതലായ സിനിമകൾക്ക് വേണ്ടി സംഗീതം തയ്യാറാക്കിയ അദ്ദേഹത്തിന്റെ ഗാനങ്ങൾ സൂപ്പർഹിറ്റുകളായി മാറി. 'ഓ സജ്നാ ബർഖാ ബഹാർ ആയി, രസ് കി ഫുഹാർ ലായി, അഖിയോം മേ പ്യാർ ലായി' (ലതാ മംഗേഷ്കർ), 'ആഹാ രിംഗിം കേയെ പ്യാരേ ഗീത് ലിയേ, ആയി രാത് സുഹാനി ദേഖൊ പ്രീത് ലിയേ' (തലത് മഹ്മൂദ്) 'ജാരേ, ജാരേ, ഉഡ് ജാരെ പംഛീ' (ലതാ മംഗേഷ്കർ) മുതലായവ അതിന് ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണ്.

'നൗകരി' എന്ന ഹിന്ദി സിനിമയ്ക്കുവേണ്ടി (1954) അദ്ദേഹം തയ്യാറാക്കിയ ഒരു ഗാനത്തിന്റെ ('ഛോട്ടാസാഘർ ഹോഗാ ബാദലോം കി ഛാവ് മേം, ആശാ ദീവാനി മൻമേം ബാസൂരി ബജായെ' -

കിഷോർ കുമാർ) ട്യൂൺ പിന്നീട് മലയാളത്തിലും നാം കേട്ടു.

‘ഒന്നാനാം കുന്നിന്മേൽ കൂടുകൂട്ടും തത്തമ്മേ, നീയെന്റെ തേന്മാവിൽ ഊഞ്ഞാലാടാൻ വാ’

മുംബായ് എയർപോർട്ടിൽ വച്ച് ആരാധകരുടെ മധ്യേ നിന്നിരുന്ന സലീൽദായെ “ചെമ്മീൻ” സിനിമയ്ക്കുവേണ്ടി സംഗീത സംവിധാനം നിർവ്വഹിക്കുവാൻ, ആ സിനിമയുടെ നിർമ്മാതാവായിരുന്ന കൺമണി ബാബുവും സംവിധായകൻ രാമുകാര്യാട്ടും കൂടി സമ്മതിപ്പിച്ച സംഭവം പ്രശസ്ത പാട്ടെഴുത്തുകാരനായ രവി മേനോൻ (മാതൃഭൂമി) സരസമായി വിവരിച്ചിട്ടുണ്ട്. ഹിന്ദി സിനിമാ പ്രേമിയായിരുന്ന ബാബു സേട്ടിന്റെ നിർബന്ധം മൂലമാണത്രെ രാമു കാര്യാട്ട് സലീൽ ചൗധരിയെക്കൊണ്ട് മലയാള സിനിമയ്ക്ക് വേണ്ടി സംഗീത സംവിധാനം നിർവഹിക്കുവാൻ സമ്മതിച്ചതുകൊണ്ട് ‘മാനസ മൈനേ വരൂ’ എന്ന ഗാനം അതീവ ഹൃദ്യമായി പാടിയ മന്നാഡേയ്ക്ക് അതിനുള്ള പ്രോത്സാഹനം നൽകിയത്, കണ്ണൂർ സ്വദേശിനിയായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ സുലോചനാ കുമാരൻ എന്ന വനിതയായിരുന്നുവെന്നത് എത്ര പേർക്ക് അറിയാം? (മന്നാഡേയുടെ യഥാർത്ഥ പേര് പ്രബോധ്ചന്ദ്ര ഡേ എന്നായിരുന്നു).

1971-ൽ റിലീസ് ചെയ്ത ‘ആനന്ദ്’ എന്ന സിനിമയ്ക്കുവേണ്ടി സലീൽദാ തയ്യാറാക്കിയ ഗാനങ്ങൾ അദ്ദേഹത്തെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ചു. ഈ സിനിമയും 1972-ൽ ഏറ്റവും നല്ല സിനിമയ്ക്കുള്ള ഫിലിം ഫെയർ അവാർഡ് കരസ്ഥമാക്കി. അമിതാഭ് ബച്ചന്റെ പ്രശസ്തി ഇവിടെ നിന്നാണ് ആരംഭിച്ചത്.

‘നാ ജിയാ ലാഗേ നാ, തേരാ ബിനാ മേരാ കഹീം ജിയാലാഗേ നാ’ (ലതാ മംഗേഷ്കർ), ‘കഹി ദൂർ ജബ് ദിൻ ഢൽ ജായേ സാംഷ് കി ദുൽഹാൻ ബദൻ ചുരായേ’ (മുകേഷ്) എന്നീ അതിമനോഹരവും അർത്ഥസംപൂർണ്ണവുമായ ഗാനങ്ങൾ ഇന്നും സഹൃദയരുടെ മനസ്സുകളിലുണ്ട്. പിന്നീട് ‘രജനിഗന്ധാ’ (1974), ‘ഛോട്ടി സി ബാത്’ (1976) എന്നിവയിലെ ഗാനങ്ങൾ സൂപ്പർഹിറ്റുകളായി ‘രജനിഗന്ധ’യിലെ ‘കയിബാർ യൂഹി ദേഖാ ഹൈ, യെ ജോ മൻ കി സീമാ രേഖാ ഹൈ’ എന്ന ഗാനം പാടിയ മുകേഷിന് ഏറ്റവും നല്ല ഗായകനുള്ള ദേശീയ അവാർഡ് (1974) ലഭിച്ചു. ‘ഛോട്ടി സി ബാത്തിലെ’, ‘ന ജാനെ ക്യോം, ഹോതഹെ സിന്ദഗി കെ സാഥ്’ (ലതാ മംഗേഷ്കർ) എന്ന ഗാനവും അതിപ്രശസ്തമായിത്തീർന്നു.


മലയാളത്തിലും “ചെമ്മീൻ” സിനിമയ്ക്കു ശേഷം നിരവധി സിനിമകൾക്ക് സലീൽദാ സംഗീതം നൽകി. ‘ശാരികേ... എൻ ശാരികേ, മാതളപ്പൂപോലൊരു മാനസം ഞാനിന്നു കണ്ടു’ (‘സ്വപ്നം’ 1973), ‘യമുനേ നീ ഒഴുകൂ, യീമിനീ യദുവംശ മോഹിനീ’ (തുലാവർഷം 1976), ‘മാടപ്രാവേ വാ, ഒരു കൂടുകൂട്ടാൻ വാ, ഈ വസന്തകാലം, കൈ നീട്ടി, കൈ നീട്ടി വരവേൽക്കയായ് നീ വാ’ (മദനോത്സവം – 1978), ‘ഉണരൂ, ഉണരൂ ഉഷാദേവതേ, സ്നേഹപുഷ്പ വിമാനമിതാ’ (എയർഹോസ്റ്റസ് 1980) എന്നിവയൊക്കെ സലീൽഡദാ ചിട്ടപ്പെടുത്തിയ, മനോഹരഗാനങ്ങളാണ്.

സലീൽ ചൗധരി രണ്ടുതവണ വിവാഹിതനായി. ആദ്യ ഭാര്യ ജ്യോതിയിൽ മൂന്ന് പെൺകുട്ടികൾ ജനിച്ചു. വീണ്ടും, ഗായികയായ സബിതയെ അദ്ദേഹം വിവാഹം ചെയ്തു. ബംഗാളിലെ പ്രശസ്തയായ ഗായികയായിരുന്നു സബിതാ ചൗധരി. സലീൽദായുടെയും സബിതയുടേയും മകളായ അന്തരാ ചൗധരി ഇന്ന് ഉത്തരേന്ത്യയിലെ അറിയപ്പെടുന്ന ഗായികയാണ്. ഒരു സംഗീത സംവിധായകൻ മാത്രമായിരുന്നില്ല, കവിയും നാടകകൃത്തും കൂടിയായിരുന്നു സലീൽദാ. ഹാർമോണിയം, പിയാനോ, പുല്ലാങ്കുഴൽ എന്നീ സംഗീതോപകരണങ്ങൾ വായിക്കുന്നതിൽ അതീവ വിദഗ്ധൻ കൂടിയായിരുന്നു അദ്ദേഹം.

ഉദ്ദേശം 30 വർഷത്തിലധികം സംഗീതസംവിധാന രംഗത്ത് അജയ്യനായിരുന്ന സലീൽദാ 75 ഹിന്ദി സിനിമകൾക്കും 41 ബംഗാളി സിനിമകൾക്കും 27 മലയാളി സിനിമകൾക്കും, ഗുജറാത്തി, മറാത്തി, തമിഴ് കന്നട ഭാഷകളിലെ ഏതാനും ചിത്രങ്ങൾക്കും സംഗീതം നൽകി 1995 സെപ്റ്റംബർ 5-ന് കൽക്കത്തയിൽ വച്ച് അദ്ദേഹം നിര്യാതനായി. ■



പ്രവാസം



ഡോ. കെ.എൻ ഹരിലാൽ

# പ്രവാസം

**കു**ടിയേറ്റവും പ്രവാസവുമാണ് കേരളത്തിന്റെ സംസ്ഥാനാതിർത്തികൾ വിട്ടുള്ള വളർച്ചയെക്കുറിച്ച് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. എന്നാൽ ആഗോളാടിസ്ഥാനത്തിൽ നോക്കുമ്പോൾ ഉൽപ്പന്നങ്ങളുടേയും മൂലധനത്തിന്റെയും സാങ്കേതികവിദ്യയുടേയും, അറിവിന്റെയും, ആശയങ്ങളുടേയും, രാജ്യാതിർത്തികൾ വിട്ടുള്ള ഒഴുക്കും അപഭൂപ്രദേശവത്കരണത്തിന് കാരണമാകുന്നുണ്ട്. പ്രദേശങ്ങൾ വകഞ്ഞുണ്ടാക്കി അതിർത്തി നിശ്ചയിച്ച് സ്വന്തം തട്ടമുണ്ടാക്കി അധികാരം സ്ഥാപിക്കാനുള്ള പ്രവണത മൃഗങ്ങൾക്ക് മാത്രമല്ല മനുഷ്യനുമുണ്ട്. മനുഷ്യരുടെ ഈ തട്ടകസംസ്കാരം ഇപ്പോൾ ഏറെ പഠനവിധേയമാകുന്നുണ്ട്. അവ നൽകുന്ന ഉൾക്കാഴ്ച ഈ പഠനത്തിന് ഏറെ സഹായകരമായിട്ടുണ്ട്. തട്ടകങ്ങളുടെ നിർമ്മാണവും തകർച്ചയും പുനർനിർമ്മാണവുമെല്ലാം ചരിത്രഗതിയുടെ ഭാഗമാണ്. ജാഗ്രതയോടെ സംരക്ഷിക്കപ്പെടുന്ന അതിർത്തികളും അതിനുള്ളിൽ പരിപാലിക്കപ്പെടുന്ന ഭൂപ്രദേശം എന്ന തട്ടകവും സംസ്കാരത്തിന്റെ സ്വതന്ത്രമായ വികസനത്തിന് സഹായകരമാണ്. പുറത്തുനിന്നുള്ള അധിനിവേശങ്ങളെയും അനിയന്ത്രിതമായ സങ്കലനങ്ങളെയും ചെറുക്കാൻ തട്ടകം സഹായിക്കും. പ്രകൃതി തന്നെ കേരളത്തിന് അത്തരമൊരു സംരക്ഷിത തട്ടകം നൽകി എന്നതാണ് സത്യം. സഹ്യപർവ്വത നിരകളും അറബിക്കടലും സൃഷ്ടിച്ച അതിർത്തിക്കുള്ളിൽ നിന്നുകൊണ്ടാണ് കേരളം അതിന്റെ തനതു സംസ്കാരത്തെ വളർത്തിയെടുത്തത്. അതിർത്തികൾ പ്രതിബന്ധങ്ങൾ മാത്രമല്ല അകത്തേക്കും പുറത്തേക്കുമുള്ള വഴികൾ കൂടിയാണ് എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. തട്ടകം എന്നത് അതിർത്തികളാൽ വേർതിരിക്കപ്പെട്ട ഇടം മാത്രമല്ല ഇടത്തോടൊപ്പം അതിനെ പരിപാലിക്കുകയും വേറിട്ട് നിർത്തുകയും ചെയ്യുന്ന അധികാരഘടനകളും കൂടിച്ചേർന്നതാണ്. വികസിപ്പിച്ചെടുത്ത അധികാരഘടനകളും നമ്മുടെ സംസ്കാരത്തിന്റെ വളർച്ചയെ രൂപപ്പെടുത്തി എന്ന് കാണണം. നാടുവാഴികളുടേയും നാട്ടുരാജ്യങ്ങളുടേയും ബാഹുല്യം പോലും കേരളത്തിന്റെ പൊതുസംസ്കാരത്തിന്റെ വളർച്ചയ്ക്കു തടസ്സമായില്ല, ഒട്ടേറെ കാര്യങ്ങളിൽ നാടുവാഴികളും നാട്ടുരാജ്യങ്ങളും പൊതുവെ അനുവർത്തിക്കേണ്ട ആചാരങ്ങളും വഴക്കങ്ങളും മര്യാദകളും കേരളക്കരയിൽ ഉണ്ടായിരുന്നു.

ദേശരാഷ്ട്രങ്ങൾ രൂപപ്പെട്ടതോടെ ക്രമേണ ലോകത്തിന്റെ രാഷ്ട്രീയ വ്യവസ്ഥ ദേശരാഷ്ട്ര കേന്ദ്രീകൃതമായി മാറി. ലോകം മുഴുവൻ ഇപ്പോൾ ദേശരാഷ്ട്രങ്ങളായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. അന്റാർട്ടിക്ക ഒഴിച്ച് ദേശരാഷ്ട്രങ്ങളുടെ പരമാധികാരത്തിൻ കീഴിലല്ലാത്ത ഒരു സ്ഥലവും ഇന്നു ലോകത്തില്ല എന്നു പറയാം. ദേശരാഷ്ട്രങ്ങളുടെ വരവിനു



മുമ്പ് അതിർത്തികൾ അത്ര കർക്കശമായിരുന്നില്ല. അതിർത്തികൾ വിട്ടുള്ള നാനാജാതി വിനിമയങ്ങളുടെ മേൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നില്ല. ദേശരാഷ്ട്രങ്ങളുടെ വരവോടു കൂടി അതിർത്തികളുടെ പ്രാധാന്യം ഗണ്യമായി ഉയർന്നു. അതിർത്തികടന്നുള്ള എല്ല വിനിമയങ്ങളും കർക്കശമായ നിരീക്ഷണത്തിനും നിയന്ത്രണത്തിനും നിരോധനത്തിനും വരെ വിധേയമാക്കപ്പെട്ടു. സാമൂഹിക ബന്ധങ്ങളുടേയും സംസ്കാരത്തിന്റെയും പരിണാമം ദേശരാഷ്ട്രങ്ങളുടെ അതിർത്തികൾക്ക് അതീതമായി രിക്കുന്നു. സാമൂഹിക ബന്ധങ്ങളും സംസ്കാരവും രാജ്യാതിർത്തികളെ/ പ്രദേശാതിർത്തികളെ അതിവർത്തിച്ചു മുന്നേറുമ്പോഴും രാഷ്ട്രീയാധികാരം ദേശരാഷ്ട്ര കേന്ദ്രീകൃതമായി/ പ്രദേശാധിഷ്ഠിതമായി തുടരുന്നു എന്നതാണ് സങ്കീർണ്ണമായി കൊണ്ടിരിക്കുന്ന വൈരുധ്യം. അതിർത്തികടന്നുള്ള വിനിമയങ്ങളുടെ വളർച്ച കേവലം അളവുപരം മാത്രമല്ല ഗുണപരവും കൂടിയാണ്. മൂലധനം ചലനാത്മകമായിരിക്കുന്നു എന്നു പറഞ്ഞാൽ പോരാ, അത് തീവ്രചലനാത്മകത കൈവരിച്ചിരിക്കുന്നു എന്നു തന്നെ പറയണം. മുലധത്തിന്റെ ഒഴുക്കിനു ദുരമോ സമയമോ നയങ്ങളോ പരിമതി സൃഷ്ടിക്കുന്നില്ല എന്ന് വന്നിരിക്കുന്നു. തീർച്ചയായും ശബ്ദവേഗത്തില്ല മറിച്ച് പ്രകാശസമാനമായ വേഗത്തിലാണ് ഇപ്പോൾ മൂലധനത്തിന്റെ ആഗോളസഞ്ചാരം. മനുഷ്യരുടെ കുടിയേറ്റത്തിന്റെ കാര്യത്തിൽ ദീർഘകാലത്തേക്കുള്ള കുടിയേറ്റത്തിന്റെ സ്ഥാനത്ത് ഹ്രസ്വകാലത്തേക്കുള്ള വരവുപോക്കുകളാണ് ഇപ്പോൾ പ്രോത്സാഹിപ്പിക്കപ്പെടുന്നത്. പൗരത്വത്തിലേക്ക് നയിക്കാത്ത ഹ്രസ്വകാല കുടിയേറ്റങ്ങളോട് താരതമ്യേന ഉദാരമായ സമീപനം സ്വീകരിക്കാൻ ലോകരാജ്യങ്ങൾ സാവധാനമാണെങ്കിലും തയ്യാറായി ക്കൊണ്ടിരിക്കുകയാണ്. ലോകവ്യാപാര സംഘടനയുടെ ഭാഗമായ സേവന വ്യാപാര ഉടമ്പടി (General Agreement on Trade in Services GATS) ഹ്രസ്വകാല കുടിയേറ്റത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ജനസംഖ്യാപരിണാമവും സാമ്പത്തിക വളർച്ചയും തമ്മിലുള്ള പൊരുത്തക്കേടുകൾ കാരണം വികസിത രാജ്യങ്ങൾക്ക് മൂന്നാം ലോകത്തു നിന്നുള്ള അദ്ധ്വാന ശേഷിയെ ആശ്രയിച്ചു മാത്രമേ മുന്നോട്ടു പോകാനാകൂ. ഒപ്പം ആതിഥേയരാജ്യത്തും സ്വദേശത്തുമുള്ള തത്സമയ പങ്കാളിത്തത്തിനു യാത്രയും ഭൗതികസാന്നിദ്ധ്യവും ഒരു ആവശ്യഘടകമല്ല എന്ന് വന്നിരിക്കുന്നു. സ്വദേശത്തും വിദേശത്തും നടക്കുന്ന പൊതുസംസ്കാരത്തിന്റെ നിർമിതിയിൽ വലിയ വ്യത്യാസമൊന്നും ആരോപിക്കാനാവില്ല എന്ന് പറയുന്നതും ഈ പശ്ചാത്തലത്തിലാണ്. വിദേശത്തു വച്ചു നടക്കുന്ന പൊതുസംസ്കാര നിർമിതിയിൽ സ്വദേശവാസികൾ നേരിട്ടും നേരിട്ടല്ലാതെയും തത്സമയവും പങ്കെടു ക്കുന്നു. തിരിച്ചു നാട്ടിൽ നടക്കുന്ന എല്ലാ കാര്യങ്ങളിലും പ്രവാസികൾ നേരിട്ടോ ദൂരത്തിരുന്നു തത്സമയമായോ പങ്കെടുക്കുന്നു. ചുരുക്കത്തിൽ പൊതുസംസ്കാരവും സാമൂഹിക ബന്ധങ്ങളും സൃഷ്ടിക്കപ്പെടുന്നത് ഒരേ സമയം അകത്തും പുറത്തുമായാണ്. രാഷ്ട്രീയാധികാരം മാത്രമാണ് വ്യത്യസ്തമായി, അതായത് അകത്തു മാത്രമായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. ജീവിതം, പ്രാദേശികം, ദേശിയം, ബഹുദേശിയം, എന്നിങ്ങനെ ബഹുതലപ്രതിഭാസമായി മാറുമ്പോൾ ഭരണത്തെ മാത്രം പഴയകള്ളികളിൽ ഒതുക്കിനിർത്താനാകുമോ? ദേശ രാഷ്ട്രങ്ങളുടെ പരമാധികാരത്തെ പല തലങ്ങളിലും അളവുകളിലുമായി വിഭജിച്ചു പുനഃസംഘടിപ്പിക്കുന്നതി ലേക്കാണ് ലോകം പോകുന്നത്. ലോക വ്യാപാരസംഘടനയുടെ രൂപവത്കരണവും വിവിധ രാഷ്ട്ര സമൂഹങ്ങൾ ക്കിടയിൽ ഒപ്പുവയ്ക്കപ്പെടുന്ന പ്രാദേശിക വ്യാപാര കരാറുകളും അത്തരമൊരു പ്രവണതയെയാണ് ചൂണ്ടിക്കാണി ക്കുന്നത്. പരമാധികാരത്തിന്റെ പുനർവിതരണവും പുനഃസംഘാടനവും പക്ഷേ, കൂടുതലും ബഹുരാഷ്ട്രമൂലധന ത്തിന്റെ മാത്രം താത്പര്യം മുൻനിർത്തിയാണ് നടക്കുന്നത് എന്നു മാത്രം. അന്താരാഷ്ട്ര വ്യവസ്ഥ പുനഃസംഘടി പ്പിക്കപ്പെടുമ്പോൾ തൊഴിലാളികളുടേയും സ്ത്രീകളുടേയും കുട്ടികളുടേയും മറ്റു താത്പര്യങ്ങൾ പരിഗണിക്ക പ്പെടാതെ പോകുന്നത് സ്വാഭാവികമാണ്. അന്താരാഷ്ട്ര അഥവാ ബഹുരാഷ്ട്ര സ്വതന്ത്ര വ്യാപാര ക്കരാറുകളിൽ പ്രവാസി സമൂഹങ്ങളുടെ പ്രശ്നങ്ങൾ അവഗണിക്കുകയാണല്ലോ പതിവ്. അധികാരഘടനകൾ പുനഃസംഘടിപ്പിക്കപ്പെടുമ്പോൾ ആരൊക്കെ എന്തൊക്കെ ഉൾപ്പെടുന്നു അഥവ ഒഴിവാക്കപ്പെടുന്നു എന്നത് നിർണ്ണായകമാണ്.

**പുറം കേരളത്തിന്റെ ഭൂമിശാസ്ത്രം**

കേരളത്തിന്റെ അപഭൂപ്രദേശവത്കരണത്തിന്റെ തോത് മനസ്സിലാക്കാനുള്ള ഒരു മാർഗ്ഗം കുടിയേറ്റത്തെ സംബന്ധിച്ച് ലഭ്യമായ കണക്കുകൾ പരിശോധിക്കുകയാണ്. കുടിയേറ്റ രാജ്യങ്ങളിലെ കുടിയേറ്റ പഠനങ്ങളുടെ പ്രധാന ന്യൂനത വിശ്വസനീയമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവമാണ്. എന്നാൽ കേരളത്തിന്റെ സ്ഥിതി  അല്പം മെച്ചമാണെന്ന് പറയേണ്ടയിരിക്കുന്നു. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ (സി.ഡി.എസ്) നേതൃത്വത്തിൽ നടത്തിവരുന്ന കേരള മൈഗ്രേഷൻ സർവ്വേയുടെ വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളും കേരളസർക്കാരിന്റെ സാമ്പത്തിക വിഭാഗം 2013 ൽ നടത്തിയ പ്രവാസി മലയാളി സെൻസസും പുറം കേരളത്തിന്റെ താരതമ്യേന മെച്ചപ്പെട്ട ഒരു ചിത്രം നൽകുന്നുണ്ട്. താരതമ്യ പഠനത്തിന് സഹായകമാകയാൽ കുടിയേറ്റത്തെ സംബന്ധിച്ച ഒട്ടുമിക്ക പഠനങ്ങളും ആശ്രയിക്കുന്നത് കേരള മൈഗ്രേഷൻ സർവ്വേയുടെ കണക്കുകളെയാണ്. ഇന്ത്യയ്ക്ക് പുറത്തേക്കുള്ള കുടിയേറ്റത്തെ പറ്റിയും ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലേക്കു ള്ള കുടിയേറ്റങ്ങളെ പറ്റിയും വിശദമായ കണക്കുകളും വിവരണങ്ങളും ഈ സർവ്വേകൾ ലഭ്യമാക്കുന്നുണ്ട്. എന്നാൽ മലയാളി പ്രവാസി എന്നതിന്റെ നിർവ്വചനത്തിൽ മിക്കപ്പോഴും ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ ജീവിക്കുന്ന മലയാളം സംസാരിക്കുന്ന ജനതയെ ഒഴിവാക്കി കാണുന്നുണ്ട്. പ്രധാനമായും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ മലയാളികളാണ് ഇത്തരത്തിൽ ഒഴിവാക്കപ്പെടുന്നത്. 'ആഗോള മലയാളി സമൂഹം' എന്ന നിർവചനത്തിൽ ഈ ക്കൂട്ടരെയും ഉൾപ്പെടുത്തണം.

സമകാലിക കുടിയേറ്റവുമായി താരതമ്യം ചെയ്യുമ്പോൾ ആദ്യകാല കേരളീയ കുടിയേറ്റങ്ങളുടെ ഭാഗമായിരുന്നവർ എണ്ണത്തിൽ വളരെ തുച്ഛമായിരുന്നു. ഒട്ടുമിക്ക കുടിയേറ്റങ്ങളും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചായിരുന്നു. സി

ലോൺ, മലേഷ്യ, ബർമ്മ, സിങ്കപ്പൂർ, തുടങ്ങിയ ലക്ഷ്യങ്ങളിലേക്കുള്ള ആദ്യകാല മലയാളി കുടിയേറ്റത്തെ ഇവിടെ വിസ്മരിക്കുന്നില്ല. ഇതിൽ നിന്ന് പ്രകടമായ ഒരു മാറ്റം വന്നത് ഏഴുപതുകൾ മുതൽ മധ്യപൂർവ്വ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം ശക്തമായതോടെയാണ്. കേരള മൈഗ്രേഷൻ സർവ്വേയുടെ കണക്കുകൾ വ്യക്തമാക്കുന്നത് മലയാളി പ്രവാസികളുടെ എണ്ണം പടിപടിയായി കൂടിക്കൊണ്ടിരി ക്കുന്നു എന്നാണ്. 1998 ൽ അന്യരാജ്യങ്ങളിൽ പോയി ജീവിതം കണ്ടെത്തുന്നവർ13.62 ലക്ഷമായിരുന്നത് 2014 ൽ 24 ലക്ഷമായി ഉയർന്നു. ഇതരസംസ്ഥാനങ്ങളിലേക്കു കുടിയേറിയവരുടെ എണ്ണം ഏകദേശം 7 ലക്ഷമാണ്. കേരള സമൂഹത്തിൽ പ്രവാസം ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കാൻ വിദേശ രാജ്യങ്ങളിലേക്കും ഇതരസംസ്ഥാന ങ്ങളിലേക്കും കുടിയേറി ജീവിതമാർഗ്ഗം കാണുന്നവരെ മാത്രമല്ല, കുടിയേറ്റം അവസാനിപ്പിച്ച് തിരിച്ചെത്തിയവ രെയും കണക്കിലെടുക്കണം. ഏറ്റവും പുതിയ കണക്കുകൾ അനുസരിച്ച് കേരളത്തിൽ 100 കുടുംബങ്ങളിൽ ഏതാണ്ട് 44 എണ്ണത്തിനും പ്രവാസമായോ പ്രവാസികളുമായോ നേരിട്ടുള്ള ബന്ധമുണ്ട്. ഒരുപക്ഷേ കുടിയേറ്റത്തിന് കേരളസമ്പദ് വ്യവസ്ഥയിലുള്ള സ്വാധീനം പ്രവാസികളെ സംബന്ധിച്ച കണക്കുകൾ വെളിവാക്കുന്നതി നും അപ്പുറമാണ്. കാർഷിക വ്യാവസായിക സേവന മേഖലകളെ എടുത്താൽ അവ ഓരോന്നിനെയും ആശ്ര യിച്ച് ഉപജീവനം കണ്ടെത്തുന്നവരെക്കാൾ അധികമാണ് പ്രവാസത്തെ ആശ്രയിച്ച് ജീവിക്കുന്ന മലയാളികളുടെ എണ്ണം.

ഏറ്റവും പുതിയ സർവ്വേ ഫലം അനുസരിച്ച് 86.3% പ്രവാസികളെയും ഉൾക്കൊള്ളുന്നത് പശ്ചിമേഷ്യൻ രാജ്യങ്ങളാണ്. എന്നാൽ പഴയ സർവ്വേ ഫലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പശ്ചിമേഷ്യയുടെ അപ്രമാദിത്വം കുറഞ്ഞു വരുന്നതായി കാണാം. പകരം വികസിത രാജ്യങ്ങളായ ഓസ്ട്രേലിയ, ന്യൂസിലന്റ് , കാനഡ എന്നിവിട ങ്ങളിലേക്കുള്ള കുടിയേറ്റം പടിപടിയായി വികസിക്കുന്നുണ്ട്. മലയാളികൾ വിദ്യാഭ്യാസനിലവാരത്തിലും തൊഴിൽ നൈപുണ്യതയിലും കൈവരിച്ച പുരോഗതിയാണ് ഈ മാറ്റത്തിന്റെ പ്രധാന കാരണം എന്ന് കാണാം. ഇത് കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിന്റെ പ്രധാന പ്രത്യേകതയായി കാണേണ്ടി വരും. ഇന്നും അവിദഗ്ധ തൊഴിലാളികൾക്കാണ് മുൻതൂക്കമെങ്കിലും ചെറുകിട ഇടത്തര സംരംഭകരുടേയും, വിദഗ്ധ തൊഴിലാളികളുടേയും, പ്രൊഫഷനുകളുടേയും സാന്നിധ്യം കൊണ്ട് മറുനാടൻ മലയാളി സമൂഹം കൂടുതൽ വൈവിധ്യം കൈവരിച്ചിട്ടുണ്ട്. ഇന്നു മിക്ക ലോകരാഷ്ട്രങ്ങളും താത്ക്കാലിക കുടിയേറ്റങ്ങളെയാണ് പ്രോത്സാഹിപ്പിക്കുന്നത് എന്ന് കണ്ടല്ലോ? കേരളീയ പ്രവാസത്തിന്റെ പ്രത്യേകതയും ഈ താത്ക്കാലികതയാണ്. മലയാളികളുടെ പ്രധാന ലക്ഷ്യസ്ഥാന ങ്ങളായ രാജ്യങ്ങളുടെ കർക്കശനയങ്ങളാണ് ഇത്തരമൊരു പ്രവണത ഉടലെടുക്കാൻ കാരണം. മധ്യപൂർവേഷ്യൻ രാജ്യങ്ങളിൽ പൗരത്വം അനുവദിച്ചു കിട്ടുക ഏതാണ്ട് അസാധ്യമാണ്. അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും ഇതരവികസിത രാഷ്ട്രങ്ങളും പൗരത്വം നൽകുന്നതിനോട് ഇപ്പോൾ കടുത്ത വിമുഖതയാണ് പുലർത്തുന്നത്. അതുകൊണ്ട് ആതിഥേയ രാജ്യങ്ങളിൽ സ്ഥിരതാമസമാക്കാനുള്ള സാധ്യതകൾ മലയാളി പ്രവാസികളെ സംബന്ധിച്ച് വളരെ കുറവാണ്.

ആതിഥേയ രാജ്യങ്ങൾ ഏത് മനുഷ്യവിഭവശേഷിയാണ് ആവശ്യപ്പെടുന്നത് എന്നതിനെയും അവരുടെ കുടിയേറ്റ നയത്തെയും ആശ്രയിച്ചാണ് പ്രധാനമായും ആ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റക്കാരുടെ മിശ്രണം (composition) രൂപമെടുക്കുന്നത്. പശ്ചിമേഷ്യൻ രാജ്യങ്ങൾ ഇപ്പോൾ കൂടുതലായി ആവശ്യപ്പെടുന്നത് വിദഗ്ധ തൊഴിലാളികളെയും പ്രൊഫഷണലുകളെയുമാണ്. എന്നാൽ അമേരിക്കയിലേയും മറ്റു വികസിത രാജ്യങ്ങളിലേയും കുടിയേറ്റ നയം ഉയർന്ന തൊഴിൽ വൈദഗ്ധ്യമുള്ളവർ, സംരംഭകർ, സ്ഥലം മാറ്റം കിട്ടിവരുന്ന ബഹുരാഷ്ട്ര കമ്പനികളിലെ ജീവനക്കാർ എന്നിവർക്കാണ് പരിഗണന നൽകുന്നത്. അന്തർദേശീയ തൊഴിൽ കമ്പോളത്തിലെ മാറ്റങ്ങൾക്കനുസരിച്ച് മാറാൻ കേരളത്തിന് ഒരളവുവരെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂടുതൽ വേഗത്തിലുള്ള മാറ്റവും തയ്യാറെടുപ്പുമാണ് ഇന്ന് ലോക വിപണി ആവശ്യപ്പെടുന്നത്. എല്ലാറ്റിലുമുപരി കേരളീയരുടെ തൊഴിൽ വരുമാന പ്രതീക്ഷകൾ മറ്റ് വികസ്വര അവികസ്വര രാജ്യങ്ങളെ അപേക്ഷിച്ച് വളരെ മുകളിലാണ്. കൂലി കുറഞ്ഞതും വൈദഗ്ധ്യം ആവശ്യമില്ലാത്തതും കായികാധ്വാന പ്രധാനവുമായ മേഖലകളിൽ നിന്നും കേരളീയർ ഒഴിവാകുകയാണ്.

കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിലേക്ക് പേകുന്നവരെ അപേക്ഷിച്ച് വിദേശരാജ്യങ്ങളിലേക്ക് പോകുന്നവരുടെ അനുപാതം കൂടിവരുകയാണ്. വിദേശരാജ്യങ്ങളിൽ വികസിത രാജ്യങ്ങളോടും മധ്യപൂർവ്വ ദേശത്തെ രാജ്യങ്ങളോടുമുള്ള ആഭിമുഖ്യം കാണിക്കുന്നത് ഉയർന്ന പ്രതിശീർഷവരുമാനവും വികസനവുമുള്ള രാജ്യങ്ങളെയാണ് മലയാളികൾ തിരഞ്ഞെടുക്കുന്നത്.

കുടിയേറ്റം സംബന്ധിച്ച് ഗുരുത്വാകർഷണ സിദ്ധാന്തത്തെ സാധൂകരിക്കുന്ന മട്ടിലാണ് കേരളത്തിൽ നിന്നുള്ള കുടിയേറ്റം നടക്കുന്നത്. അതിനനുസരിച്ച് ദൂരം കുറവുള്ളതും ഉയർന്ന വരുമാനമുള്ള പ്രദേശങ്ങിലേ ക്കാണ് കൂടുതൽ കുടിയേറ്റം നടക്കേണ്ടത്. ഇന്ത്യയ്ക്കുള്ളിൽ കുടിയേറ്റം നടത്തുന്ന കേരളീയരിൽ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിലേക്കാണ് കുടിയേറുന്നത്. പ്രധാനമായും കർണ്ണാടകയാണ് കേരളത്തിൽ നിന്നുമുള്ള വരുടെ ഇഷ്ട സംസ്ഥാനം. കേരള മൈഗ്രേഷൻ സർവ്വേ അധികരിച്ച് പറയുമ്പോൾ 1998 ൽ ആകെയുള്ള മലയാളി ഇതരസംസ്ഥാന കുടിയേറ്റക്കാരിൽ 12.9% മാത്രമായിരുന്നു കർണ്ണാടകയിൽ ഉണ്ടായിരുന്നത്. എന്നാൽ 2014 ആയപ്പോഴേക്കും അവരുടെ ആകെയുള്ളതിന്റെ 33.1 % മായി വർദ്ധിച്ചു. ബെംഗളുർ കേന്ദ്രീകരിച്ചിട്ടുള്ള 'ഐ.ടി. രംഗത്തിന്റെ വളർച്ചയാണ് ഇതിന്റെ പ്രധാന കാരണമെന്ന് കരുതേണ്ടിയിരിക്കുന്നു. അതെന്തായാലും കർണ്ണാടക, തമിഴ്നാട്,ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ തെക്കൻ സംസ്ഥാനങ്ങളിലാണ് ഇതരസംസ്ഥാനങ്ങളിലേ ക്കുള്ള കുടിയേറ്റത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനങ്ങൾ.

കേരളത്തിൽ നിന്ന് ഇതര സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റത്തിനു പുറമേ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള കുടിയേറ്റവും കൂടി പരിഗണിക്കുമ്പോൾ കേരളം എത്രത്തോളം അപഭൂപ്രദേശവത്കരിക്കപ്പെട്ടു എ

ന്നത് വ്യക്തമാകും. കായികാധ്വാനം കൂടുതൽ ആവശ്യമുള്ള തൊഴിലുകളിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനായി കേരളത്തിലേക്ക് ഇന്നു കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ എത്തുന്നുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന പ്രകാരം 2013 ലെ കണക്കുകൾ അനുസരിച്ച് ഏകദേശം 25 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്.

**അകം കേരളം പുറം കേരളം**

ചില പ്രധാന ജീവിതത്തുറകളെ എടുത്തുകൊണ്ട് ബൃഹദ് കേരളത്തിന്റെ പൊതു സംസ്കാരം എപ്രകാരം കേരളത്തിനകത്തും പുറത്തും ഒരുപോലെ ഒരേ സമയം സംയുക്തമായി നിർമ്മിക്കപ്പെടുന്നു എന്നു വിശദീകരിക്കാനാണ് ഈ ഭാഗത്ത് ശ്രമിക്കുന്നത്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ നാട്ടിൽ സാമൂഹ്യശാസ്ത്ര രീതിശാസ്ത്രം ഇനിയും അടഞ്ഞ സമൂഹം/ അടഞ്ഞ സമ്പദ്ഘടന എന്ന അനുമാനത്തിന്റെ പരിമിതവൃത്തത്തിൽ നിന്ന് മുക്തമായിട്ടില്ല. കേരളത്തിന്റെ പൊതുബോധത്തിന്റെ കാര്യം വിശേഷിച്ച് എടുത്തുപറയേണ്ടതുമില്ല. ഓരോ രംഗത്തും അകം കേരളത്തിന്റെ സംഭാവനയെ മുഖ്യപാഠമായി എടുത്തുകൊണ്ട് പുറം ലോകത്തിന്റെ പ്രഭാവത്തെ കേവലം ഒരു അനുബന്ധമായി കൂട്ടിച്ചേർക്കുന്നതാണ് നാം പൊതുവെ അനുവർത്തിക്കുന്ന സമീപനം. പുറം കേരളം അകം കേരളത്തെയും അകം കേരളം തിരിച്ചും നിർണ്ണായകമായി സ്വാധീനിക്കുന്നുണ്ട് എന്ന വസ്തുത യാണ് ഇവിടെ വിസ്മരിക്കപ്പെടുന്നത്. ഇരു കേരളങ്ങളും വേർതിരിച്ചെടുക്കാനാകാത്ത വിധം ഘടനാപരമായി തന്നെ ഉദ്ഗ്രഥിക്കപ്പെട്ടിരിക്കുന്നു എന്നത് കാണുന്നില്ല.

കേരളസമ്പദ്ഘടനയ്ക്ക് പ്രവാസികൾ നൽകുന്ന സംഭാവനയെക്കുറിച്ച് വിശകലനം ചെയ്തുകൊണ്ട് നമ്മുടെ പൊതുധാരണകളെയും അതിലേക്ക് എത്തുന്ന രീതിശാസ്ത്രത്തിന്റെയും പരിമിതി വ്യക്തമാക്കാം. പുറം കേരളത്തിൽ നിന്നെത്തുന്ന പണം കേരളത്തിന്റെ ആഭ്യന്തര ഉൽപാദനത്തിന്റെ 36% വരും എന്നാണ് കണക്ക്. കേരളത്തിന്റെ വരുമാനത്തിന്റെ മുന്നിലൊന്നിധികം പുറം കേരളത്തിന്റെ സംഭാവനയാണ് എന്നത് ഏറെ പ്രസ ക്തമായ നിരീക്ഷണമാണ്. പക്ഷേ ആഭ്യന്തര വരുമാനം + പുറം വരുമാനം = മൊത്തവരുമാനം എന്ന സമവാക്യം സൂചിപ്പിക്കുന്നതുപോലെ അത്ര ലളിതമാണോ കാര്യങ്ങൾ? പുറം വരുമാനത്തിന്റെ വരവ് കൂടുന്ന മുറയ്ക്ക് ആഭ്യന്തര ഉല്പാദനം കുറയുന്ന (അഥവ കൂടുന്ന)ഒരു ബന്ധമാണ് അവ തമ്മിലുള്ളതെങ്കിലോ? സമവാക്യം തെറ്റും എന്നത് നിശ്ചയം. പുറം വരുമാനവും കേരളത്തിന്റെ കാർഷിക- വ്യാവസായിക ഉൽപാദനവുമായി അങ്ങ നെ ഒരു വിപരീത ബന്ധത്തിനു സാധ്യതയുണ്ട് എന്നാണ് ഇതുസംബന്ധിച്ച പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

പുറംവരുമാനത്തിന്റെ തള്ളിക്കയറ്റം ആഭ്യന്തര ഉല്പാദനത്തെ നിരുത്സാഹപ്പെടുത്തുന്ന പ്രവണതയെ വികസനസാഹിത്യത്തിൽ 'ഡച്ചുദിനം' എന്നു വിശേഷിപ്പിക്കാറുണ്ട്. പ്രകൃതി വാതക കയറ്റുമതിയിലൂടെയുള്ള വരുമാനത്തിന്റെ വളർച്ച ഡച്ച് സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചതിനെക്കുറിച്ച് നടന്ന പഠനങ്ങാണ് 'ഡച്ചുദിനം' എന്ന പ്രയോഗത്തിന്റെ ആവിർഭാവത്തിനു കാരണം. കേരളത്തെയും 'ഡച്ചുദിനം' ബാധിച്ചു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിൽ നിന്നുള്ള തൊഴിലാളികളുടെ കുടിയേറ്റത്തിന്റെയും തുടർന്ന് നിർമ്മാണ രംഗത്തുണ്ടായ വളർച്ചയുടെയും ഫലമായി കായിക പ്രാധാനമായ പണികളിൽ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുകയും കൂലിനിരക്കുകൾ ഉയരുകയും ചെയ്യ്തു. ഇത് കൃഷിയെയും വ്യവസായത്തെയും പ്രതികൂലമായി ബാധിക്കുക സ്വഭാവികമല്ലോ. ഇതിനു പുറമെയാണ് പുറം വരുമാനത്തിന്റെ വരവ്. കേരളത്തിലെ വിലകളുടെ ഘടനയിൽ ഉണ്ടാക്കിയ മാറ്റവും, അത് കൃഷിയിലും വ്യവസായത്തിലും ഉണ്ടാക്കിയ വിപരീത പ്രത്യാഘാതവും പുറം വരുമാനത്തിന്റെ വരവും അതിന്റെ ചെലവാക്കലും വിലകൾ പൊതുവെ ഉയരാനുള്ള പ്രവണത സൃഷ്ടിച്ചു. എന്നാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നോ അന്യരാജ്യങ്ങളിൽ നിന്നോ എളുപ്പം കൊണ്ടുവരാൻ കഴിയുന്ന ഉൽപന്നങ്ങളുടെ വില കേരളത്തിൽ മാത്രമായി ഉയരാനാവില്ലല്ലോ. അതേ സമയം മറ്റിടങ്ങളിൽ നിന്ന് കേരളത്തിലേക്ക് എളുപ്പം കടത്തികൊണ്ടുവരാൻ കഴിയാത്ത ഉൽപന്നങ്ങളുടെ വില ഇവിടെ മാത്രമായി ഉയരാം. വസ്തുവിലകളും പലജാതി സേവനങ്ങൾക്കുമുള്ള പ്രതിഫലവും കേരളത്തിൽ ഗണ്യമായി ഉയർന്നതിന്റെ പശ്ചാത്തലം ഇതാണ്. കേരളത്തിലെ ഉൽപാദന ചെലവ് ഉയർന്നതിന്റെയും സംസ്ഥാനത്തെ കൃഷിയുടേയും, വ്യവസായങ്ങളുടേയും മത്സരക്ഷമത കുറഞ്ഞതിന്റെയും ഒരു പ്രധാന കാരണം മേൽപ്പറഞ്ഞവയാണ്. ഉത്പാദനച്ചെലവ് കൂ



ടിയ കേരളത്തിലെ കൃഷിക്കാരും വ്യവസായ സംരംഭകരും ഉത്പാദന ചെലവ് കുറഞ്ഞ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉദ്പാദകരുമായി മത്സരിക്കേണ്ടി വന്നു. കേരളത്തിനു പുറത്തുള്ള വിപണിയിൽ മാത്രമല്ല കേരളത്തിനകത്തും.

എന്നാൽ കുടിയേറ്റവും പുറംവരുമാനത്തിന്റെ വരവും കൃഷിയിലും വ്യവസായത്തിലും പൊതുവെ സൃഷ്ടിച്ച ഈ വിപരീത പ്രത്യാഘാതം സേവനത്തുറകളെ ബാധിച്ചില്ല. മറിച്ച് ഉത്തേജിപ്പിക്കുകയാണ് ചെയ്തത്. ഭൂമിയടക്കം പുറത്തുനിന്നു കൊണ്ടുവരുവാൻ കഴിയാത്ത ഉൽപന്നങ്ങളുടെ വില കൂടുകയും ഉൽപാദന ചെലവ് കൂടുകയും ചെയ്ത പ്രതിഭാസം സേവനത്തുറകളെ പിടികൂടാത്തത് അത്ഭുതം തന്നെ. ഉൽപാദന ചെലവ് കൂടു കയും വിലകൾ ഉയരുകയും ചെയ്താലും സേവനങ്ങൾ പുറംനാടുകളിൽ ഉൽപാദിപ്പിച്ച് കേരളത്തിലേക്ക് കടത്തിക്കൊണ്ടുവരാൻ കഴിയില്ല എന്നതു തന്നെയാണ് കാരണം. കേരളത്തിലേക്കുള്ളവർക്കു സേവനം (ബാങ്കിംഗ് ഇൻഷുറൻസ്, ആരോഗ്യം, വിദ്യാഭ്യാസം) ലഭ്യമാക്കണമെങ്കിൽ കേരളത്തിൽ വച്ചുതന്നെ ഉൽപാദനവും ഉപഭോഗവും നടക്കണം. സേവനങ്ങൾ ജംഗമമല്ല എന്നതാണ് കാരണം. അവയുടെ ഉൽപാദനവും ഉപഭോഗവും തത്സമയം ഒരേ സ്ഥലത്തു നടക്കണം. പുറംവരുമാനത്തിന്റെ പ്രഭാവത്തിൽ സേവനങ്ങളുടെ ഉപഭോഗം ഗണ്യമായി ഉയർന്നപ്പോൾ അവയുടെ ഉൽപാദനവും ഗണ്യമായി വർദ്ധിച്ചു. എന്നാൽ സാധനങ്ങളുടെ ഉപഭോഗത്തിലെ വർദ്ധനവിന്റെ മെച്ചം ഇവിടെ ഉൽപാദന ചെലവ് ഉയർന്നതിനെ തുടർന്ന് പുറത്തേക്ക് ഒഴുകി നഷ്ടപ്പെടുകയാണ് ഉണ്ടായത്. സാധനങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്ന പ്രാഥമിക ദ്വിതീയ മേഖലകളിൽ നിന്നും സേവനത്തുറയിലെ ക്കുള്ള കേരളത്തിന്റെ പരിവർത്തനം അനാരോഗ്യകരമാം വിധം ധൃതിയിലായിപ്പോയതിന്റെ മുഖ്യ കാരണം പ്രവാസം തന്നെയാണ്. ചുരുക്കത്തിൽ കേരള സമ്പദ്ഘടനയുടെ മേൽ പ്രവാസം വരുത്തിയ മാറ്റം തൊലിപ്പു റമേയുള്ളതായിരുന്നില്ല. മറിച്ച് അസ്ഥിവാരത്തോളം എത്തുന്നതും അതിന്റെ ഘടനയെ തന്നെ മാറ്റി മറിക്കാൻ പോന്നതും ആയിരുന്നു.

പ്രവാസം കേരളസമ്പദ്ഘടനയിൽ ചെലുത്തുന്ന സ്വാധീനം അതിനിർണ്ണയശേഷി ഉള്ളതാണ് എന്നു കാണിക്കാൻ വെറെ തെളിവ് നിരത്താനാകും. മറ്റൊരുദാഹരണം എന്ന നിലയ്ക്ക് കേരളത്തിൽ നിന്നുമുള്ള കയറ്റുമതിയുടെ കാര്യം എടുക്കാം. കേരളത്തിൽ എന്നല്ല ഇന്ത്യയുടെ തന്നെ കയറ്റുമതി വ്യാപാരത്തെ പ്രവാസി സമൂഹം വലിയ അളവിൽ സ്വാധീനിക്കുന്നുണ്ട് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇന്ത്യയെ സംബന്ധിച്ചിട ത്തോളം പശ്ചിമേഷ്യ, വിശിഷ്യ യു.എ.ഇ. ഏറെ പ്രധാന്യമുള്ള ഒരു വ്യാപാര പങ്കാളിയാണ്. പശ്ചിമേഷ്യയിലേ ക്കുള്ള ഇന്ത്യയുടെ കയറ്റുമതി മറ്റു ലക്ഷ്യ സ്ഥാനങ്ങളെ അപേക്ഷിച്ച് തഴച്ചു വളരുന്നതിന്റെ മുഖ്യ കാരണം അവിടെയുള്ള ഇന്ത്യൻ പ്രവാസി സമൂഹമാണ്. ഇന്ത്യക്കാരുടെ സാംസ്കാരിക സവിശേഷതയും രുചിഭേദങ്ങളു മാണ് ഇന്ത്യയിൽ/കേരളത്തിൽ നിന്നുള്ള കയറ്റുമതിയെയും അതുവഴി ഉൽപാദന ഘടനകളെയും ഉത്തേജിപ്പി ക്കുന്നത്. പ്രവാസം കയറ്റുമതിയെ മാത്രമല്ല തിരിച്ച് ഇറക്കുമതിയെയും പ്രവാസികളല്ലാത്തവരുടെ അഭിരുചികളെയും ഉപഭോഗശീലങ്ങളെയും ഗണ്യമായി സ്വാധീനിക്കുന്നുണ്ട് എന്നതും കാണണം.

കേരളത്തിന്റെ മുതലാളിത്ത വളർച്ചയുടെ, വിശേഷിച്ചും മൂലധന ഗ്രൂപ്പുകളുടെ വളർച്ചയുടെ സമകാലിക ചരിത്രം ആരും അർഹിക്കുന്ന ഗൗരവ്വത്തോടെ പഠിച്ചിട്ടുള്ളതായി കാണുന്നില്ല. പക്ഷേ, ഒരു കാര്യം വ്യക്തമാണ് അകം കേരളത്തിന്റെ മാത്രമായി ഒതുങ്ങി നിന്നു സംസ്ഥാന വ്യാപക ശ്രദ്ധപിടിച്ചു പറ്റിയ പുതിയഗ്രൂപ്പുകളുടെ എണ്ണം തുലോം പരിമിതമാണ്. എന്നാൽ മറുനാട്ടിൽ ഉയർന്നു വളർന്നതും, നാട്ടിൽ തുടങ്ങി മറുനാട്ടിലേക്കു പടർന്നു പന്തലിക്കുന്നതുമായ നിരവധി ഗ്രൂപ്പുകൾ ഉണ്ടുതാനും. അതെന്തായാലും വളർന്നു വരുന്ന മലയാളി മൂലധനത്തിന് പുറം കേരളവുമായി ഇഴപിരിച്ചെടുക്കാനാവാത്ത ബന്ധമാണുള്ളത്. ഫോർബ്സിന്റെ ഏറ്റവും സമ്പന്നമായ 100 ഇന്ത്യക്കാരുടെ പട്ടികയിൽ ഇടം നേടിയ 5 മലയാളികൾ എം. എ യൂസഫ് അലി (ആസ്തി 3.7 ബില്യൺ ഡോളർ) രവി പിള്ള (2.4), സണ്ണി വർക്കി (2.1), സേനാപതി ഗോപാലകൃഷ്ണൻ (1.7), ആസാദ് മൂപ്പൻ (1.5) എന്നിവരാണ്. അവരെല്ലാം പുറം കേരളത്തിൽ വളർന്നവരാണ്.

പ്രവാസത്തെയും പ്രവാസികളെയും കുറിച്ച് നിലനിൽക്കുന്ന പഴയ ധാരണകൾ തിരുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. പ്രവാസികളിൽ മഹാഭൂരിപക്ഷവും ഇന്നും അവിദഗ്ധ തൊഴിലാളികളും അല്പവരുമാനക്കാരും നാട്ടിൽ നിന്നുള്ള കൈത്താങ്ങ് ആവശ്യപ്പെടുന്നവരുമാണ്. പക്ഷേ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും നൈപുണിയും സംരംഭകത്വവും മൂലധനവും സ്വാധീനവും ഉള്ളവരുടെ സാന്നിധ്യം പുറം കേരളത്തിന്റെ സ്വഭാവത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. മലയാളി മൂലധനം വളരുന്നത്, അതായത് മൂലധനം സഞ്ചയനം നടക്കുന്നത്. കേരളത്തിനകത്തെന്ന പോലെയോ അതിലധികമോ കേരളത്തിനു പുറത്താണെന്ന വസ്തുത അടിവരയിട്ടു കാണണം. ഈ മൂലധനം ഇന്ന് കേരളീയ ജീവിതത്തിന്റെ സകല തുറകളെയും നിർണ്ണായകമാം വിധം സ്വാധീനിക്കാൻ പാകത്തിൽ വളർന്നിരിക്കുന്നു. വ്യാപാരം, വാണിജ്യം നിർമ്മാണം, റിയൽ എസ്റ്റേറ്റ്, ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം, മാധ്യമങ്ങൾ സിനിമ തുടങ്ങിയ രംഗങ്ങളിൽ വർദ്ധിച്ചു വരുന്ന ഈ സ്വാധീനം പ്രകടമാണ്.

പ്രവാസി സമൂഹം വിവിധ ജീവിതത്തുറകളിൽ ചെലുത്തുന്ന സ്വാധീനത്തെ കേവലം അനുബന്ധമെന്ന മട്ടിൽ ചുരുക്കി കാണുന്ന രീതി എത്രമാത്രം അബദ്ധജടിലമാണ് എന്നു സൂചിപ്പിക്കാനാണ് ഇത്രയും എഴുതിയത്. പ്രവാസം സാഹിത്യത്തിൽ ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കാൻ പ്രവാസികളുടെ കൃതികൾ മാത്രം കണ്ടാൽ പോരാ, മറിച്ച് പ്രവാസികളല്ലാത്തവരുടെ സൃഷ്ടികളും പരിശോധിക്കപ്പെടണം. പ്രവാസം പ്രവാസികളുടെ ജീവിതത്തെ മാത്രമല്ല പ്രവാസവുമായി നേരിട്ട് ബന്ധമില്ലാത്തവരുടെ പോലും ജീവിതത്തെ മാറ്റി തീർക്കുന്നുണ്ട് എന്ന യാഥാർത്ഥ്യത്തിലേക്കാണ് നാം കണ്ണു തുറക്കേണ്ടത്.

ആകം കേരളവും പുറം കേരളവും തമ്മിലുള്ള വ്യത്യാസത്തെ നിർണ്ണയിച്ചിരിക്കുന്ന പ്രധാനഘടകങ്ങൾ ദൂരവും സമയവും സൃഷ്ടിച്ച വിടവ് അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ് എന്ന് പ്ര

ത്യേകിച്ച് എടുത്തുപറയേണ്ടതില്ല. ഇന്ന് കേരളം ജീവിക്കുന്നത് അകം കേരളത്തിൽ മാത്രമല്ല പുറംകേരളത്തിൽ കൂടിയാണ്. കേരളീയരുടെ ജനനവും, പഠനവും, പ്രണയവും, വിവാഹവും, കലഹവും, മരണവുമെല്ലാം കേരളത്തിനകത്തെന്ന പോലെ പുറത്തും സംഭവിക്കുകയാണ്. പങ്കാളിത്തത്തിന് ദീരവും സമയവും ഇന്ന് തടസ്സമല്ലാതായിരിക്കുന്നു. യാത്രകൂടുതൽ എളുപ്പവും സാധാരണവും ആയതു മാത്രമല്ല കാരണം. വിവര സാങ്കേതിക വിപ്ലവം, വിശേഷിച്ചും സൈബർ സ്പേസിന്റെയും സോഷ്യൽ മീഡിയയുടേയും വളർച്ച നാട്ടിലും പുറം നാടുകളിലും ഒരു പോലെ നിറഞ്ഞുനിന്നു ജീവിക്കാനുള്ള സാധ്യതയാണ് തുറന്നു നൽകിയിരിക്കുന്നത്. ഉദാഹരണത്തിന് ഗൾഫിലെ ജീവിതത്തിൽ നിറഞ്ഞു നിൽക്കുമ്പോൾ തന്നെ വീട്ടുകാര്യത്തിലും നാട്ടുകാര്യത്തിലും സജ്ജീവമായി പങ്കെടുക്കാൻ നാട്ടിലുള്ളവരെക്കാൾ പ്രവാസികൾക്ക് കഴിയുന്നു.

കേരളത്തിന്റെ പൊതുമണ്ഡലത്തിൽ പോലും ഇന്ന് പ്രദേശാതീതമായിരിക്കുന്നു എന്ന പ്രധാന നിരീക്ഷ ണം നടത്തിക്കൊണ്ട് ലേഖനത്തിന്റെ ഈ ഭാഗം ഉപസംഹരിക്കാം. പൊതുബോധവും പൊതുജനാഭിപ്രായവും രൂപപ്പെടുത്തുന്നതിൽ പൊതുമണ്ഡലത്തിനുള്ള പ്രാധാന്യം എടുത്തു പറയേണ്ടതില്ല. പൊതുമണ്ഡലത്തിലെ പങ്കാളിത്തത്തിനും സമവാദങ്ങൾക്കും പൊതുബോധത്തിന്റെയും, പൊതുജനഹിതത്തിന്റെയും നിർമ്മിതിയിൽ വലിയ പങ്കുണ്ട്. കേരളത്തിന്റെ പൊതുമണ്ഡലം ഇന്ന് കേരളസംസ്ഥാനത്തിന്റെ അതിർത്തിക്കുള്ളിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. കേരളത്തിന്റെ മനസ്സിനെ നിർണ്ണയിക്കുന്നതിൽ അകം കേരളത്തോടൊപ്പം തത്തുല്യമായ ഒരു പങ്ക് ഇന്ന് പുറം കേരളവും നിർവഹിക്കുന്നുണ്ട്. ■

# ഹരിത മിഷൻ




**മഞ്ഞക്കുളം നാരായണൻ**

നമ്മുടെ സംസ്ഥാനത്തിന്റെ വികസനവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനായി നവകേരള മിഷന്റെ കീഴിലായി 4 മിഷനുകളിൽ ഒന്നാണ് ഹരിതകേരള മിഷൻ.

ജല സംരക്ഷണം, ശുചിത്വം – മാലിന്യ സംസ്കരണം, കൃഷി വികസനം എന്ന കാഴ്ചപ്പാടിലൂടെയാണ് മുന്നോട്ടു പോകുന്നത്.

വർത്തമാനകാല സാഹചര്യത്തിൽ ജലസംരക്ഷണത്തിനായിട്ടുള്ള പ്രവർത്തനങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നു.

ഭൂമിയും മണ്ണ്, ജലം, വായു എന്നിവ മലിനമാകാതെയുള്ള വികസന സങ്കൽപ്പങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത്.

ജലസാന്നിദ്ധ്യ സ്രോതസ്സുകളിൽ പാരിസ്ഥിതിക പുനഃസ്ഥാപന പ്രവർത്തനങ്ങൾ കണ്ടെത്തി ആയവ ഏറ്റെടുക്കുന്നതിന് സമൂഹത്തെ പ്രാപ്തമാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ തരത്തിലുള്ള പദ്ധതികളിൽ പ്രവാസി കൂട്ടായ്മകൾ സംഘടിപ്പിച്ചു പ്രവർത്തിക്കുന്നിനുള്ള പ്രമുഖ പരിഗണന നൽകേണ്ടതാണ്.

പ്രാഥമികമായും ഉൽപ്പാദനം, ജലവിഭവം, ശുചിത്വ-മാലിന്യ സംസ്കരണം എന്നീ പദ്ധതികളാണ് പ്രവാസി സമൂഹം ഏറ്റെടുത്തു നടത്തേണ്ടത്.

നമ്മുടെ സംസ്ഥാനത്ത് ജലക്ഷാമവും ജലമലിനീകരണവും വ്യാപകമായി അനുഭവിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഇത് പരിഹരിക്കുന്നതിന് നൽകേണ്ട അടിയന്തിര പ്രാധാന്യം കണക്കിലെടുത്തു കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനു നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നാം ഏറ്റെടുത്തു നിർവ്വഹിക്കേണ്ടത്. ഇതോടൊപ്പം മഴവെള്ള സംഭരണവും, റീചാർജിങ്ങും ഏകോപനത്തോടെ പ്രവാസിസമൂഹം കൂട്ടായ്മയിലൂടെ നിർവ്വഹിച്ചു മാതൃക കാട്ടേണ്ടതാണ്. ■





# കട്ടൻചായ നിസ്സാരക്കാരനല്ല: ഒളിഞ്ഞിരിക്കുന്ന ആരോഗ്യ ഗുണങ്ങൾ

ഒരു കപ്പ് കട്ടൻചായ കുടിച്ചാൽ എത്ര ക്ഷീണമുണ്ടെങ്കിലും നമ്മൾ ഉന്മേഷവാന്മാരാകും. ഉന്മേഷവും ഉണർവ്വും പകർന്നു നൽകുന്ന ഈ പാനീയം ഉഗ്രനൊരു മരുന്ന് കൂടിയാണ്. കട്ടൻചായയിൽ ഒളിഞ്ഞിരിക്കുന്ന ആരോഗ്യ ഗുണങ്ങൾ ഏതൊക്കെയെന്ന് നോക്കാം. ഓർമ്മശക്തി വർദ്ധിപ്പിക്കാൻ വളരെ നല്ലതാണ് കട്ടൻ ചായ. കട്ടൻ ചായയിൽ അടങ്ങിയിരിക്കുന്ന അമിനോ ആസിഡ് പ്രവർത്തികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും ആയാസരഹിതമായിരിക്കുവാനും സഹായിക്കും. ദിവസം നാല് കപ്പ് കട്ടൻ ചായ കുടിക്കുന്നത് സമ്മർദ്ദത്തിൽ വളരെ കുറവ് വരുത്താൻ കഴിയും. കോർട്ടിസോൾ ഹോർമോൺ ആണ് ഇതിന് കാരണം. കഫീൻ ഓർമ്മയും ഏകാഗ്രതയും മെച്ചപ്പെടുത്താൻ സഹായിക്കും. ആന്റി ഓക്സിഡന്റുകൾ ധാരാളം അടങ്ങിയിട്ടുള്ളതുകൊണ്ട്കതന്നെ ഹൃദയ സംബന്ധമായ അസുഖങ്ങൾ അകറ്റാൻ സഹായിക്കുന്നു. ഹൃദയധമനികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കും കട്ടൻ ചായ ഉത്തമമാണ്. ധമനികളിലെ പ്രശ്നങ്ങൾ പാടേ അകറ്റി നിർത്താനും ഈ പാനീയം സഹായിക്കുന്നു. ഒരു ദിവസം മൂന്ന് കപ്പ് കട്ടൻ ചായ കുടിക്കുന്നത് ഹൃദയ സംബന്ധമായ അസുഖങ്ങൾ അകറ്റാൻ സഹായിക്കുമെന്നാണ് വിദഗ്ദ്ധർ പറയുന്നത്. കട്ടൻ ചായയിൽ കാണപ്പെടുന്ന ഫ്ളേവനോയിഡ് പോലുള്ള ആന്റി ഓക്സിഡന്റുകൾ രക്തയോട്ടത്തിലെ തടസ്സങ്ങളും ധമനി ഭിത്തികൾക്കുണ്ടാകുന്ന തകരാറുകൾ കുറയ്ക്കുകയും ഹൃദ്രോഗ സാധ്യതകൾ കുറയ്ക്കുകയും ചെയ്യും. ബി.പി. കുറയ്ക്കും. ദിവസവും മൂന്ന് കപ്പ് കട്ടൻ ചായ കുടിച്ചാൽ രക്തസമ്മർദ്ദം കുറയ്ക്കാനാകുമെന്ന് മിക്ക പഠനങ്ങളും അടിവരയിടുന്നു. അമിത രക്തസമ്മർദ്ദം ഉണ്ടായാൽ ഹൃദായാഘാതം, സ്ട്രോക്ക്, വൃക്ക രോഗം, മറവിരോഗം, അന്ധത, ലൈംഗികശേഷിക്കുറവ് എന്നിവ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്.

കട്ടൻചായയിൽ കാണപ്പെടുന്ന പോളിഫിനോൾസ് പോലുള്ള ആന്റി ഓക്സിഡന്റുകൾ ശരീരത്തിൽ അർബുദത്തിന് കാരണമാകുന്ന സംഗതികളെ തടുക്കുമെന്നാണ് പഠനം. ഇത് പ്രോസ്റ്റേറ്റ്, കുടൽ, ഗർഭാശയം, മൂത്ര നാളി എന്നിവിടങ്ങളിൽ കടന്നുചെന്ന് അർബുദ സാധ്യത അകറ്റിനിർത്തുമെന്നും വൈദ്യശാസ്ത്രം പറയുന്നു. അതുപോലതന്നെ ചായയിൽ അടങ്ങിയിട്ടുള്ള ടിഎഫ്2 എന്ന സംയുക്തം അർബുദകോശങ്ങളെ നശിപ്പിക്കുകയും സാധാരണ കോശങ്ങളെ അതുപോലെ നിലനിർത്തുകയും ചെയ്യും. പുകവലിക്കുകയും മറ്റ് പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നവരുടെ വായിലെ അർബുദ സാധ്യത കട്ടൻ ചായ കുറയ്ക്കും. അപകടകാരികളായ അർബുദങ്ങളുടെ വളർച്ചയും വികാസവും തടയാൻ കട്ടൻചായ സഹായിക്കും. കട്ടൻ ചായയിൽ അടങ്ങിയിട്ടുള്ള ടാന്നിൻ എന്ന പദാർത്ഥത്തിന് ജലദോഷം, പനി, വയറിളക്കം, ഹെപ്പറ്റൈറ്റിസ് തുടങ്ങിയവയ്ക്ക് കാരണമാകുന്ന വൈറസുകളെ ചെറുക്കാനുള്ള കഴിവുണ്ട്. കട്ടൻചായയിൽ അടങ്ങിയിട്ടുള്ള ആൽക്കൈലാമിൻ ആന്റിജൻസ് രോഗപ്രതിരോധം മെച്ചപ്പെടുത്താൻ സഹായിക്കും. ദിവസം 3, 4 കപ്പ് കട്ടൻ ചായ കുടിക്കുന്നത് നീരു വരുന്നത് തടയാനും അപകടകാരികളായ രോഗാണുക്കളെ ചെറുക്കാനും സഹായിക്കും. പക്ഷാഘാതം അകറ്റാം. 80% വരെയും പക്ഷാഘാതം നിയന്ത്രിക്കാനാകുന്ന അസുഖമാണെന്നാണ് വിദഗ്ധർ പറയുന്നത്. മദ്യപാനവും, പുകവലിയും ഒഴിവാക്കുക, കൃത്യമായുള്ള വ്യായാമം, ഭക്ഷണം നിയന്ത്രിക്കുക ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ പക്ഷാഘാതം എളുപ്പം നിയന്ത്രിക്കുന്ന അസുഖമാണ്. ദിവസവും 3, 4 കപ്പ് കട്ടൻചായ കുടിച്ചാൽ സ്ട്രോക്ക് വളരെ എളുപ്പം നിയന്ത്രിക്കാനാകുമെന്നാണ് പഠനങ്ങൾ പറയുന്നത്.

രക്തത്തിലെ പഞ്ചസാരയുടെ അളവിനെ പിടിച്ചു നിർത്താൻ രക്തത്തിൽ പഞ്ചസാരയുടെ അളവ് ക്രമാതീതമായി കൂടുന്നത് കരൾ സംബന്ധമായ രോഗങ്ങൾ, പൊണ്ണത്തടി, സമ്മർദ്ദം, പ്രമേഹംപോലുള്ള അസുഖങ്ങളിലേക്ക് എത്തിക്കാൻ സാധ്യതയുണ്ട്. രക്തത്തിലെ പഞ്ചസാരയെ ശരീരകോശങ്ങളിലേക്ക് കൊണ്ടുപോകാൻ സഹായിക്കുന്ന ഇൻസുലിൻ എന്ന ഹോർമോണിന്റെ ഉല്പാദനമോ പ്രവർത്തനമോ കുറയുന്നതാണ് പ്രമേഹത്തിന് മുഖ്യ കാരണം. ഇൻസുലിന്റെ അളവ് കുറയുകയോ ശരീരത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇൻസുലിൻ ശരിയായി പ്രവർത്തിക്കാതിരിക്കുകയോ ചെയ്യുമ്പോൾ രക്തത്തിലെ പഞ്ചസാരയുടെ ശരീര കോശങ്ങളിലേക്കുള്ള പ്രയാണം തടസ്സപ്പെടുകയും തന്മൂലം രക്തത്തിൽ പഞ്ചസാരയുടെ അളവ് വർദ്ധിക്കുകയും ചെയ്യുന്നു. ■

യാത്ര



**അജിത്ത് നാട്ടകം**

# മയാമി
## സഞ്ചാരികളുടെ പറുദീസ

മയാമി എന്നു കേൾക്കുമ്പോൾ സഞ്ചാരികളുടെ സ്മൃതിപഥത്തിൽ ആദ്യമെത്തുന്നത് നൂറുകണക്കിനു ഹോട്ടൽ ശൃംഖലകളും ഭക്ഷണശാലകളും നിശാക്ലബുകളും ഉൾപ്പെടുന്ന സൗത്ത് ബീച്ച് മേഖലയാണ്. ജീവിതത്തെ എല്ലാ നിലകളിലും ആഘോഷമാക്കി മാറ്റുന്ന അമേരിക്കൻ യുവത്വത്തിന്റെ പ്രധാന ആകർഷണ കേന്ദ്രമാണിവിടം. പാട്ടും നൃത്തവും ഡി.ജെ പാർട്ടികളുമൊക്കെ പൊടി പൊടിക്കുന്ന സായാഹ്നവേളകളെ ആഘോഷഭരിതമാക്കാൻ ആയിരങ്ങളാണ് ഇവിടേക്ക് ഒഴുകിയെത്തുന്നത്. മെക്സിക്കൻ ഉൾക്കടൽ അതിരിടുന്ന പടിഞ്ഞാറൻ തീരവും അറ്റ്ലാന്റിക് സമുദ്രം അതിരിടുന്ന കിഴക്കൻ തീരവും കൂടിച്ചേർന്ന് അമേരിക്കയുടെ ഈ ദക്ഷിണ സംസ്ഥാനത്തെ കടലോരങ്ങളുടെ പറുദീസയായി വേർതിരിക്കുന്നു. ലോകത്തിലെ എറ്റവും വലിയ തുറമുഖമായ മയാമിയെ തുറമുഖങ്ങളുടെ രാജ്ഞി എന്ന് വിശേഷിപ്പിക്കാം. ഏറ്റവും കൂടുതൽ യാത്രാക്കപ്പലുകളും ചരക്കു കപ്പലുകളും ഓപ്പറേറ്റു ചെയ്യപ്പെടുന്നത് ഇവിടെ നിന്നാണ്. ലോകത്തിലെ ഏറ്റവും വലിയ ഉല്ലാസ നൗകയായ "സിംഫണി ഓഫ് ദി സീ" എന്ന കപ്പലിന്റെ ആവാസ കേന്ദ്രവും മയാമി തുറമുഖമാണ്. 18 നിലകളിലായി പണിതിരിക്കുന്ന ഈ ചലിക്കുന്ന കൊട്ടാരത്തിന് 9000-ത്തോളം സഞ്ചാരികളെയും ജീവനക്കാരെയും വഹിക്കുവാനുള്ള കരുത്തുണ്ട്.

അമേരിക്കയുടെ ദക്ഷിണ മുനമ്പ് എന്നാണ് കീവെസ്റ്റ് അറിയപ്പെടുന്നത്. മയാമിയിൽനിന്നും ഏകദേശം 165 മൈൽ തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന ഈ സ്ഥലം സൗത്ത് ഫ്ളോറിഡായിലെ പ്രധാന ആകർഷണ കേന്ദ്രങ്ങളിൽ ഒന്നാണ്. നേരിയ ഒറ്റവരിപ്പാതയിലൂ



ടെ ഇവിടേക്കുള്ള യാത്ര പ്രകൃതിയുടെ വശ്യതയാർന്ന സൗന്ദര്യക്കാഴ്ചകകളാണ് യാത്രക്കാർക്ക് നൽകുന്നത്. മൈലുകൾ നീളുന്ന കടൽപ്പാലവും കടൽ നീലിമയും ആകാശ നീലിമയും പരസ്പരം സന്ധിക്കുന്ന മനോഹര ദൃശ്യങ്ങളും നൂറുകണക്കിനു വരുന്ന ചെറുതും വലുതുമായ ദ്വീപുസമൂഹങ്ങളും ഒക്കെ ഇവിടുത്തെ തനിമയുള്ള കാഴ്ചയാണ്. കീവെസ്റ്റിലെ ഏറ്റവും ഹൃദ്യമായ ഒരനുഭവമാണ് ഉൾക്കടലിലേക്കുള്ള സായാഹ്ന ബോട്ട് സവാരി. അസ്തമയ സൂര്യന്റെ ചെങ്കിരണങ്ങൾ ആകാശനീലിമയിൽ പൂത്തിരി വിരിയിക്കുന്നതും കരകാണാക്കടലിന്റെ ആഴങ്ങളിലേക്ക് കതിരവന്റെ ഊളിയിടലുമൊക്കെ പ്രകൃതിയുടെ മനോജ്ഞതയെ അതിന്റെ പൂർണ്ണ സൗകുമാര്യത്തോടെ ഇവിടെ ആസ്വദിക്കാം. ഗ്ലാസ് കൊണ്ടുണ്ടാക്കിയ അടിത്തട്ടുള്ള ബോട്ടുകൾ നമ്മെ ആഴിയുടെ വിസ്മയ ലോകത്തിൽ കൊണ്ടെത്തിക്കും. തെളിമയുള്ള കടലിന്റെ അടിത്തട്ടിൽ വർണ്ണ വിസ്മയം തീർക്കുന്ന പവിഴപ്പുറ്റുകൾ, കടൽ മത്സ്യങ്ങൾ, ഇടയ്ക്കിടെ ശരവേഗത്തിൽ ജലപ്പരപ്പിലേക്ക് ഊളിയിടുന്ന ഡോൾഫിനുകൾ. ഇങ്ങനെ പോകുന്നു ഇവിടുത്തെ കടൽ വിസ്മയങ്ങൾ.

വൈവിധ്യമായ വൃക്ഷലതാദികളാലും ചെടികളാലും സമൃദ്ധമാണ് സൗത്ത് ഫ്ളോറിഡായിലെ ബോട്ടാണിക്കൽ ഗാർഡനുകൾ. മലയാളികളുടെ ഇഷ്ടവിഭങ്ങളായ ചക്ക, മാങ്ങ, തേങ്ങ തുടങ്ങിയ ഒട്ടനവധി ഫലവൃക്ഷങ്ങളുടെ വിളനിലം കൂടെയാണ് ഇവിടം.

മയാമിയിൽനിന്നും കീവെസ്റ്റിലേക്കുള്ള പാതയോരത്താണ് അമേരിക്കയിലെ ആദ്യത്തെ സമുദ്രാന്തരപാർക്ക് സ്ഥിതി ചെയ്യുന്നത്. ജോൺ പെന്നി ക്യാമ്പ് എന്ന പേരിലറിയപ്പെടുന്ന ഈ ദേശീയ സമുദ്രാന്തര പാർക്ക് അറ്റ്ലാന്റിക് സമുദ്രത്തിന്റെ ഏകദേശം 240 ചതുരശ്ര മീറ്റർ ചുറ്റളവിൽ ഉൾപ്പെട്ട സമുദ്രഭാഗമാണ്. അല്പം സാഹസികതയും നീന്തൽ പരിചയവുമുള്ളവർക്ക് വെള്ളത്തിനടിയിലും ശ്വസനത്തിനു സഹായിക്കുന്ന ലീസലഹ എന്ന ഉപകരണത്തിന്റെ സഹായത്തോടെ ആഴപ്പരപ്പിലെ കടൽപ്പുറ്റുകളെയും മത്സ്യക്കൂട്ടങ്ങളെയും അടുത്തു കാണാം. സാഹസികത ഇഷ്ടപ്പെടാത്തവർക്കും നീന്തൽ പരിചയം ഇല്ലാത്തവർക്കും സ്ഫടികം കൊണ്ട് അടിത്തട്ടു നിർമ്മിച്ചിട്ടുള്ള ബോട്ടുകളിൽനിന്നും ഈ കാഴ്ചകൾ കാണുവാനുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്.

കായിക പ്രേമികളുടെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടിയിട്ടുള്ള മയാമി ഹീറ്റ് എന്ന വിശ്വപ്രസിദ്ധ ബാസ്ക്കറ്റ് ബോൾ ടീമിന്റെ കളികൾ നടക്കുന്ന അമേരിക്കൻ എയർലൈൻസ് അറീന എന്ന സ്റ്റേഡിയം പട്ടണത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്നു.

ഡോൾഫിനുകളെയും തിമിംഗലങ്ങളെയും ഇതര സമുദ്രജന്യ ജീവികളെയും അടുത്തു കാണുവാനും അവയുടെ കളികൾ ആസ്വദിക്കുവാനും മയാമി സീ അക്വേറിയും സഞ്ചാരികൾക്ക് അവസരമൊരുക്കുന്നു.

മയാമിയിൽനിന്നും അല്പം വടക്കോട്ടു യാത്ര ചെയ്താൽ അമേരിക്കയിലെ ആദ്യത്തെ തുറന്ന മൃഗശാലയായ 'ലയൺ കൺട്രി സഫാരി' സന്ദർശിക്കാം. വന്യജീവികൾ യഥേഷ്ടം വിഹരിക്കുന്ന ഈ പാർക്കിലൂടെ വാഹനമോടിച്ച് അതിലിരുന്നുകൊണ്ടുതന്നെ ഇവകളെ കാണാം. ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത ഒട്ടനവധി കാഴ്ചകൾ ഇവിടെ ഇനിയും ബാക്കിയാകുന്നു. ■








# കേരളാ പ്രവാസി സംഘം
# 5-ാം സംസ്ഥാന സമ്മേളനം
## കോഴിക്കോട്




























യാത്ര



ഡോ. കെ. എം. ജോർജ്ജ്

# നളന്ദ

**പാ**റ്റ്ന എന്ന പാടലീപുത്രത്തിലെ താരതമ്യേന ചെറിയ എയർ പോർട്ടിൽ വിമാനമിറങ്ങിയപ്പോൾ, വായു സമ്മർദ്ദത്തിന്റെ മാറ്റം മൂലം കാതുകൾ അടഞ്ഞിരുന്നു. എങ്കിലും ഉൾത്തടത്തിൽ ആ വിളി കേൾക്കാമായിരുന്നു. പണ്ടെങ്ങോ ഹൈസ്കൂൾ ക്ലാസ്സുകളിൽ ചരിത്രാധ്യാപകൻ വിശ്വവിദ്യാലയങ്ങൾ ആയിരുന്ന നളന്ദയയെയും തക്ഷശിലയെയുംകുറിച്ച് വാചാലമായി പറഞ്ഞ് വിദ്യാർത്ഥികളായ ഞങ്ങളിൽ ഉളവാക്കിയ രോമാഞ്ചം ഇതാ തിരിച്ചു വ ന്നിരിക്കുന്നു. പാടലീപുത്രത്തിൽ നിന്നും എങ്ങനെയാണ് നളന്ദയിലും രാജ്ഗൃഹിലും എത്തുക എന്നു ചിന്തിച്ച് അവിടെയുള്ള ഒരു ടാക്സിക്കാരനോട് മുറി ഹിന്ദിയിൽ അന്വേഷിച്ചു. നൂറ്റിപ്പത്തോളം കിലോമീറ്റർ നന്ദള എന്ന വാക്ക് ഞാനുച്ചരിച്ചത് (നാലന്ദ എന്നു ഔത്തരാഹർ) കേട്ടാവണം ഒരു മൂലയിൽ ഒതുങ്ങി നിന്നിരുന്ന മനുഷ്യൻ കൈയിൽ ഒരു കടലാസുമായി വന്നു.

"ഇന്ത്യൻ ഫിലോസഫി കോൺഗ്രസിന് വന്നതാണോ"? അയാൾ ചോദിച്ചു.

'അതെ, നിങ്ങൾ അതിന്റെ ആളാണോ?"

'അതെ, നളന്ദ യൂണിവേഴ്സിറ്റിയിൽ നിന്നാണ്, ഡലിഗേറ്റ്സിനെ സ്വീകരിക്കാൻ വന്നതാണ്. അൽപ്പസമയം കാത്തിരിക്കണം. രണ്ടുപേർ ദില്ലിയിൽ നിന്ന് വരാനുണ്ട്" അയാൾ എന്റെ പേര് ചോദിച്ചു. കൈയിലിരുന്ന ലിസ്റ്റിൽ അടയാളപ്പെടുത്തി, ആശ്വാസമായി. എന്നെ അത്ഭുതപ്പെടുത്തിയത് അയാളുടെ കൈവശം ഒരു ചെറിയ കടലാസ് ബോർഡോ ഒന്നുമില്ല. വളരെ യാദൃശ്ചികമായാണ് ടാക്സിക്കാരനോട് ഞാൻ നളന്ദ എന്ന വാക്കുച്ചരിക്കുന്നത്. അയാൾ കേട്ടത് അത് സംഭവിച്ചില്ലായിരുന്നെങ്കിൽ ഞാൻ വലിയ തുക കൊടുത്തു ടാക്സിയിൽ പോയിക്കഴിഞ്ഞേനെ. സ്വീകരിക്കാൻ ആളുണ്ടാവുമെന്ന് തലേ ദിവസം വൈകിട്ട് ഈമെയിൽ അയച്ചിരുന്നുവെന്ന് പിന്നീട് മനസ്സിലായി. പക്ഷേ ദൂരെ നിന്നു വരുന്ന പലരും അതു കണ്ടില്ല. നവനളന്ദ മഹാ വിഹാരം കേന്ദ്ര സർക്കാരിന്റെ ഒരു വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്നു. കൽപ്പിത (deemed) സർവ്വകലാശാലയാണ് പാലിഭാഷ, ബുദ്ധ ദർശനം തുടങ്ങിയ വിഷയങ്ങൾക്ക് പ്രാമുഖ്യമുണ്ട്.

സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദും മഹാകവി രവീന്ദ്രനാഥ് ടാഗോറും ചേർന്ന് 93 വർഷം മുൻപ് സൃഷ്ടിച്ചതാണ് ഇൻഡ്യൻ ഫിലോസഫിക്കൽ കോൺഗ്രസ്. ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ഫിലോസഫി അധ്യാപകരും ഗവേഷണ വിദ്യാർത്ഥികളുമാണ് അതിന്റെ വാർഷിക കോൺഗ്രസിൽ പങ്കെടുക്കുന്നവരിൽ മുക്കാലും. ഏഷ്യയിൽ ചൈന, ജപ്പാൻ, മലേഷ്യ, മ്യാൻമാർ, ശ്രീലങ്ക തുടങ്ങി ബുദ്ധമത സ്വാധീനമുള്ള രാജ്യങ്ങളിൽ നിന്നുള്ള ദാർശനികരുമുണ്ട്.

പാറ്റ്ന നഗരത്തിൽ നിന്ന് പുറത്തുകടക്കുക ഒട്ടും എളുപ്പമായിരുന്നില്ല. രണ്ടു മൂന്നു പ്രധാന വീഥികൾ അജ്ഞാതമായ കാരണങ്ങളാൽ അടച്ചിട്ടിരുന്നു വളരെ ചുറ്റിക്കറങ്ങിയാണ് ഡ്രൈവർ നളന്ദയിലേക്കുള്ള ഹൈവേയിലെത്തിയത്. രണ്ടു മണിക്കൂറെന്നു പറഞ്ഞത് നളന്ദയിലെത്തിയപ്പോൾ നാലരമണിക്കൂറായി. ഗോതമ്പും നെല്ലും ചോളവും കടുകും ക്യാരറ്റും ഉരുളക്കിഴങ്ങുമെല്ലാം കൃഷി ചെയ്യുന്ന വിശാലമായ പാടങ്ങൾ. ഇരുവശത്തുള്ള വഴിയിലെത്തിയപ്പോൾ പാറ്റ്നാ നഗരത്തിന്റെ തിക്കും തിരക്കും പൊടിപടലങ്ങളും ഒഴിഞ്ഞു.

നന്ദള ജില്ലയിലേക്ക് പ്രവേശിച്ചപ്പോൾ ഗോതമ്പു വയലുകളിൽ അസ്തമയത്തിന്റെ സുവർണ്ണ രാശി പടർന്നു തുടങ്ങി. പെട്ടെന്നാണ് 'നവനളന്ദ മഹാ വിഹാര'മെന്ന് എഴുതിയ ഗേറ്റിലൂടെ വണ്ടി ഒരു കെട്ടിട സമുച്ചയത്തിന്റെ വിശാലമായ പുൽപ്പരപ്പിനു മുന്നിലെത്തിയത്. പ്രശസ്ത ബൗദ്ധ ചിന്തകനായിരുന്ന നാഗാർജ്ജുനന്റെ പേരിട്ട 'ഫാക്കൽറ്റി മന്ദിരത്തിനു



മുന്നിൽ വന്നു നിന്നു. ആ നിമിഷം കണ്ട കാഴ്ച ഒരു മായിക ലോകത്തെത്തിയതുപോലെ എന്റെ ഭാവനയെ ആയിരം വർഷങ്ങൾക്കു പുറത്തേക്കു നയിച്ചു.

അസ്തമയ പ്രഭയിൽ വിഹാരത്തിന്റെ പച്ചപ്പുൽപ്പരപ്പിൽ ചുറ്റുപാടും നിൽക്കുന്ന മരങ്ങളുടെ നീണ്ട നിഴലുകൾ. കുറെ മാറി, ചെങ്കൽ നിറമുള്ള പുതപ്പണിഞ്ഞ് തല മുണ്ഡനം ചെയ്ത ഏതാനും ബുദ്ധ സന്യാസിമാർ അവിടവിടെ വട്ടംകൂടി എന്തോ ചർച്ച ചെയ്യുന്നു. ചക്രവാക പക്ഷികളുടെ ഒരു കൂട്ടം കൂടണയാനായി പറന്നകന്നു. അടുത്തുള്ള ബുദ്ധ ദേവാലയത്തിൽ നിന്നും ഓങ്കാരത്തിന്റെ ഈണത്തിൽ മണി മുഴങ്ങിക്കൊണ്ടിരുന്നു. ബുദ്ധം ശരണം, ധർമ്മം ശരണം, സംഘം ശരണം... അഭയം തേടലാണിത്. ബുദ്ധനിൽ, സംഘത്തിൽ, ധർമ്മത്തിൽ. പക്ഷേ ഇതൊരു സങ്കൽപ്പമോ സ്വപ്നമോ ആയിരുന്നില്ല. ഇപ്പോൾ ശരിക്കും ഞാൻ അനുഭവിച്ചതാണ്. ഒരു പക്ഷേ ഇങ്ങനെ ആയിരുന്നിരിക്കാം, ആയിരത്തി ഇരുന്നൂറോ മുന്നൂറോ വർഷങ്ങൾക്കു മുമ്പ് പുരാതന നളന്ദയിലെ വിശ്വവിദ്യാലയങ്ങളിൽ സംഭവിച്ചത്. പഴയ സങ്കൽപ ചിത്രത്തിന്റെ തനിപ്പകർപ്പുപോലെ പെട്ടെന്ന് അവിടെ കണ്ടതാവണം എന്നെ രോമാഞ്ചമണിയിച്ചത്.

2500 വർഷങ്ങൾക്കു മുമ്പ് ബീഹാറിലെ നളന്ദ മാന്തോപ്പുകളും വയലേലകളും ചേർന്ന് ഗ്രാമീണ സൗഭഗമൊരുക്കിയ സ്ഥലമായിരുന്നു. പുരാതന മഗധ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന രാജ് ഗീറിൽ (രാജ്ഗൃഹ) നിന്ന് പതിനഞ്ച് കിലോമീറ്ററോളം ദൂരം പാടലീപുത്രത്തിൽ (ഇന്നത്തെ പാട്ന) നിന്ന് രാജ്ഗൃഹത്തിലേക്കും തിരിച്ചുമുള്ള യാത്രകളിൽ ഗൗതമബുദ്ധൻ വിശ്രമിക്കാനും ധ്യാനിക്കാനുമായി നളന്ദയിലെ ഒരു വിശാലമായ മാന്തോപ്പിൽ തങ്ങുമായിരുന്നു. അങ്ങനെയൊരു യാത്രാസന്ദർഭത്തിൽ തഥാഗതൻ തന്റെ അരുമ ശിഷ്യനായ ആനന്ദനോടു പറഞ്ഞ വാക്കുകൾ, പുരാതന നളന്ദ സർവ്വകലാശാലയുടെ അടുത്തുള്ള 'നവനളന്ദ മഹാ വിഹാര' ത്തിന്റെ വൈസ് ചാൻസിലറുടെ ഓഫീസിനു മുമ്പിലെ ഫലകത്തിൽ, ആലേഖനം ചെയ്തിരിക്കുന്നു. 'ആനന്ദാ വരൂ നമുക്ക് നളന്ദയിലേക്കു പോകാം'.

വണ്ടിയിൽ നിന്ന് ബാഗുമെടുത്ത് ഇറങ്ങിയപ്പോൾ ചായ കുടിക്കാൻ ക്ഷണം വെൽക്കം ഡ്രിങ്ക്! കാമ്പസിന്റെ മുറ്റത്തുള്ള നളന്ദ കാന്റീനിൽ കൊക്കോ കോളയുടെ പരസ്യം പുറത്തും അകത്തും നിറയെ കൊടുത്തിരിക്കുന്നു. ചായത്തുള്ളികൾ വീണ മേശകളിൽ ഈച്ചകൾ ആർക്കുന്നു. മുഷിഞ്ഞ കാക്കിയണിഞ്ഞ വെയിറ്റർ, യാഥാർത്ഥ്യ ബോധത്തിലേക്ക് വരാൻ ഇതുമതി. എന്റെ രാജ്യത്തിലെ ബീഹാറിലാണു ഞാൻ. 21-ാം നൂറ്റാണ്ടിലെ അമേരിക്കൻ പാനീയത്തിന്റെ ശീതളനിഴലിലാണ് ഞാൻ അഭയം തേടാൻ പോകുന്നത്. അവിടേക്ക് ഞങ്ങളെ ക്ഷണിച്ചുകൊണ്ടുപോയ പ്രൊഫസർ കുമാർ കൂടെക്കൂടെ ക്ഷമാപണം നടത്തുന്നുണ്ടായിരുന്നു. കേരളത്തിലെപ്പോലെ അത്ര വൃത്തിയും മെനയുമൊന്നും ഇവിടെ നിങ്ങൾ കാണില്ല. പലപ്രാവശ്യം കേരളത്തിൽ വന്നിട്ടുള്ള അദ്ദേഹത്തിന് നിറഞ്ഞ സൗഹൃദം. 'സ്നേഹമുള്ള ഹൃദയങ്ങൾ എല്ലായിടത്തും ഒരുപോലെ നിർമലമാണല്ലോ.' അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ ഞങ്ങൾ പറഞ്ഞു. പാലി ഭാഷയും സംസ്കൃതവും തർക്കശാസ്ത്രവും ചരിത്രവുമെല്ലാം അവിടെ മുഖ്യവിഷയങ്ങളാണ്. എതാണ്ട് നൂറോളം വിദേശവിദ്യാർത്ഥികൾ ഉണ്ട്




എന്നു പറഞ്ഞാൽ മിക്കവരും ബുദ്ധഭിക്ഷുക്കൾ, മ്യാൻമാർ, തായ്ലന്റ്, വിയറ്റ്നാം, ടിബറ്റ്, ശ്രീലങ്ക തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളവർ. കൂടുതലും തേരവാദ വിഭാഗത്തിൽപെട്ട യുവസന്യാസിമാർ. അവർക്കൊക്കെ ഫീസിനും, ഹോസ്റ്റൽ ചിലവിനുമായി ഗ്രാന്റ് ലഭിക്കുന്നുണ്ട്. മാത്രമല്ല, അവരുടെ മാതൃരാജ്യങ്ങളിൽ നിന്നൊക്കെ ധാരാളം സമ്പന്നരായ തീർത്ഥാടകർ നളന്ദയിലും രാജ്ഗീറിലുമുള്ള ബുദ്ധസ്മാരകങ്ങൾ സന്ദർശിക്കാൻ വരാറുണ്ട്. അവരൊക്കെ തങ്ങളുടെ രാജ്യക്കാരായ യുവ ബുദ്ധസന്യാസിമാരെ സന്ദർശിച്ച് 'ഭിക്ഷ' (ധർമ്മം) കൊടുത്ത് ആത്മീയ ചുമതല നിറവേറ്റാറുണ്ട്. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് അല്ലലൊന്നുമില്ല എന്ന് പ്രൊഫസർ കുമാർ പറഞ്ഞു.

രാത്രി താമസം ഒരുക്കിയിരിക്കുന്നത് 15 കി. മീ. ദൂരെയുള്ള രാജ്ഗിരിയിൽ (രാജ്ഗൃഹ, രാജ്ഗിർ എന്നു പറയും) പുരാതന മഗധരാജ്യത്തിന്റെ പുകൾപെറ്റ തലസ്ഥാനമായിരുന്നു രാജ്ഗീർ. ഇന്ന് അതൊരു ചെറുപട്ടണമാണെങ്കിലും സ്വദേശികളും വിദേശികളുമായ സന്ദർശകരുടെ തിരക്കാണ് എപ്പോഴും. കാരണം ഗൗതമബുദ്ധൻ പലനാളുകൾ താമസിക്കുകയും പഠിപ്പിക്കുകയും ധ്യാനിക്കുകയും ചെയ്ത സ്ഥലങ്ങളാണ് രാജ്ഗിരിയും ചുറ്റുപാടും.

ചെറുതെങ്കിലും വളരെ വൃത്തിയുള്ള സിദ്ധാർത്ഥ് ഹോട്ടലിലായിരുന്നു ഞങ്ങൾ കുറെപ്പേരുടെ താമസം. രാജ്ഗീറിലെ ഹോട്ടലുകളുടെയും അതിഥി മന്ദിരങ്ങളുടെയുമെല്ലാം പേരുകളിൽ ഒരു ബൗദ്ധച്ചുവയുണ്ട്. ഗൗതമനും സിദ്ധാർത്ഥനും ബുദ്ധനും വിഹാരവുമെല്ലാം ഏതെങ്കിലും തരത്തിൽ ആ പേരുകളിൽ ഒളിഞ്ഞും തെളിഞ്ഞും നിൽക്കും.

സിദ്ധാർത്ഥ് ഹോട്ടലിന്റെ ഉടമ വിജയകുമാർ നവനളന്ദ മഹാവിഹാരത്തിലെ പൂർവ്വ വിദ്യാർത്ഥിയാണ്. വിഷയം ഫിലോസഫി. അതുകൊണ്ട് ഫിലോസഫിക്കൽ കോൺഗ്രസിനുവന്ന അതിഥികളെ ഹൃദ്യമായി സ്വീകരിക്കാൻ എപ്പോഴും താല്പര്യമെടുത്തു. ഞങ്ങൾ പോരുന്നതുവരെ ഡൈനിംഗ് ഹാളിലും ലോഞ്ചിലും മുറികളിലും വരെ എപ്പോഴും വന്ന് ഞങ്ങളുടെ ക്ഷേമം അന്വേഷിക്കുകയും രാജ്ഗീറിന്റെ പുരാണപ്പെരുമ വർണ്ണിക്കുകയും ചെയ്യുമായിരുന്നു. സ്വന്തം ലാഭത്തെക്കാൾ ഉപരി അതിഥിമര്യാദ എന്ന മട്ടായിരുന്നു വിജയകുമാറിന്.



വിശകലനം

# മാർക്സിയൻ സൗന്ദര്യശാസ്ത്രം

## ഒരു മുഖവുര



പ്രൊഫ. ജി.രാജശേഖരൻ നായർ

കലയുടെയും സാഹിത്യത്തിന്റേയും സൗന്ദര്യശാസ്ത്രപരമായ പ്രത്യക്ഷപഠനങ്ങൾ മാർക്സോ എംഗൽസോ നടത്തിയിട്ടില്ല. അതേ സമയത്തുതന്നെ അവർ കല, സംസ്കാരം, സാഹിത്യം എന്നീ സർഗാത്മക പ്രവർത്തനങ്ങളുടെ പ്രേരണകളേയും വർഗ്ഗസ്വഭാവങ്ങളേയും അടയാളപ്പെടുത്താൻ ശ്രമിച്ചിരുന്നു.

മാർക്സിന് മാനുഷികമായ യാതൊന്നും അന്യമായിരുന്നില്ല. അദ്ദേഹം ജീവിതത്തിന്റെ എല്ലാ തലങ്ങളേയും നിരീക്ഷിക്കുകയും അപഗ്രഥിക്കുകയും ചെയ്തു. മനുഷ്യനെ മറ്റ് ജീവികളിൽനിന്ന് വ്യത്യസ്തനാക്കുന്നത് അവന്റെ സർഗ്ഗവൈഭവമാണെന്ന് ഉറപ്പിച്ചു. അത് പ്രകടമാവുന്നത് അധ്വാനത്തിലൂടെയാണ്. മനുഷ്യൻ സ്വയം സാക്ഷാത്കരിക്കുന്നതും പുതിയ സിദ്ധികൾ ആർജ്ജിക്കുന്നതും അധ്വാനത്തിലൂടെയാണ്. സോദ്ദേശപരമായ അദ്ധ്വാനമാണ് മനുഷ്യന്റെ എല്ലാ സിദ്ധികൾക്കും കാരണം. ഈ കാഴ്ചപ്പാട് 1844-ലെ പാരീസ് കുറിപ്പുകളിൽ മാർക്സ് വിശദീകരിച്ചിരുന്നു. അതോടൊപ്പംതന്നെ മനുഷ്യന്റെ സാമൂഹ്യസത്തയാണ് അവന്റെ അവബോധത്തെ നിയന്ത്രിക്കുന്നതെന്ന് മാർക്സ് സ്ഥാപിച്ചു.

കലയുടേയും സാഹിത്യത്തിന്റേയും ഉൽപത്തി പരിണാമങ്ങൾ, സ്വഭാവസവിശേഷതകൾ, ബഹുമുഖ ധർമ്മങ്ങൾ എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയമായ പഠനമാണ് സൗന്ദര്യശാസ്ത്രം ധമലവേലശേരപെ.

മാർക്സിന്റെ വകയായി ഒരു സൗന്ദര്യശാസ്ത്ര ഗ്രന്ഥം നമുക്ക് കിട്ടിയിട്ടില്ല. കലയേയും സാഹിത്യത്തേയും പറ്റിയുള്ള ശിഥിലങ്ങളായ നിരീക്ഷണങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. എങ്കിൽപോലും സമഗ്രമായ കലാചിന്തകർക്കുള്ള അടിത്തറ അവയിലുണ്ട്. പിന്നീട് വന്നവർ അവയെ സമർത്ഥമായി ഉപയോഗപ്പെടുത്തി. മാർക്സിന്റേയും എംഗൽസിന്റേയും ദർശനങ്ങളേയും നിരീക്ഷണങ്ങളേയും ചരിത്രവ്യാഖ്യാനങ്ങളേയും ആസ്പദമാക്കി പ്ലഖാനോവും, ലെനിനും, ലൂനാചാർസ്ക്കിയും മുതൽ ലൂക്കാച്ചും കോഡ്‌വെലും തോംസണും മറ്റുള്ളവരുമാണ് മാർക്സിയൻ സൗന്ദര്യശാസ്ത്രം വളർത്തിയെടുത്തത്.

കഴിഞ്ഞ കാലത്തിന്റെ പാരമ്പര്യങ്ങളെ ആദരിക്കുന്നതും വർത്തമാന കാല പ്രവണതകളെ ഉൾക്കൊള്ളുന്നതും ഭാവി സാധ്യതകൾ സ്വീകരി





ക്കാൻ തയ്യാറുള്ളതുമായ ഒരു ചിന്താപദ്ധതിയാണ് മാർക്സിയൻ സൗന്ദര്യശാസ്ത്രം. പാരമ്പര്യത്തിന്റെ മാനുഷികവും ചരിത്രപരവുമായ എല്ലാ അംശങ്ങളേയും അത് അംഗീകരിക്കുന്നു, ആവാഹിക്കുന്നു. പലരും ധരിച്ചിട്ടുള്ളതുപോലെ അത് പാരമ്പര്യനിഷേധിയായ ഒരു സാഹിത്യദർശനമല്ല.

മാനസികവും ബുദ്ധിപരവും പ്രത്യയശാസ്ത്രപരവുമായ എല്ലാ വ്യവസ്ഥകളും യഥാർത്ഥമായ സാമൂഹിക-സാമ്പത്തിക ജീവിതത്തിന്റെ ഉൽപന്നങ്ങളാണെന്ന് മാർക്സ് പറഞ്ഞു.

'സംസ്ക്കാരമെന്ന ഉൽപന്നം സ്വതന്ത്രമായ ഒരു യാഥാർത്ഥ്യമല്ല. മനുഷ്യന്റെ ചരിത്രപരമായ സാഹചര്യങ്ങളിൽനിന്നും കലയേയും സാഹിത്യത്തേയും സംസ്ക്കാരത്തേയും വേർതിരിക്കാൻ സാധ്യമല്ല. സാഹിത്യവും, കലയും, പ്രത്യയ ശാസ്ത്രമേഖലയിലാണ് സഞ്ചരിക്കുന്നത്.'

(ജർമ്മൻ ഐഡിയോളജ് – മാർക്സ്, എംഗൽസ്)

മഹത്തായ സാഹിത്യത്തിന്റെ സാമാന്യ നിയമങ്ങളൊക്കെയും സാമൂഹ്യമായി ഉദ്പാദിക്കപ്പെടുന്നവയാണെന്ന് മാർക്സും എംഗൽസും എടുത്തുപറഞ്ഞു. കഴിഞ്ഞ രണ്ടായിരത്തി അഞ്ഞൂറുവർഷത്തെ ചിട്ടപ്പെടുത്തിയ ചരിത്രം സൗന്ദര്യ ശാസ്ത്രത്തിനുണ്ട്. ഉദാഹരണത്തിന് ബി.സി. കാലഘട്ടത്തിലുള്ള അരിസ്റ്റോട്ടിലും ഇൻഡ്യയിലെ ഭരതമുനിയും ഒക്കെ.

മാർക്സിയൻ സാഹിത്യചിന്തകൾക്ക് ആദ്യകാലത്ത് വിലപ്പെട്ട സംഭവനകൾ നൽകിയവരാണ് ലെനിനും, ട്രോഡ്സ്ക്കിയും. 1905-ലാണ് ലെനിന്റെ 'പാർട്ടി സംഘടനയും പാർട്ടി സാഹിത്യവും' പ്രസിദ്ധീകരിച്ചത്. പാർട്ടിയുടെ അടിസ്ഥാനവർഗ്ഗതാൽപര്യങ്ങളോട് എഴുത്തുകാരൻ പ്രതിബദ്ധത പുലർത്തണമെന്നതാണ് ഈ സിദ്ധാന്തത്തിന്റെ കാതൽ. സ്വന്തമായി എന്തും എഴുതുവാനുള്ള എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തെ ലെനിൻ നിഷേധിക്കുന്നില്ല. പാർട്ടി പ്രസിദ്ധികരണങ്ങളിൽ എഴുതുന്നവർ പാർട്ടിയുടെ രാഷ്ട്രീയ സമീപനം ഉൾക്കൊള്ളണമെന്നേ ഉദ്ദേശിച്ചുള്ളു.

ടോൾസ്റ്റോയിയെ വസ്തുനിഷ്ഠമായി വിലയിരുത്തി അദ്ദേഹത്തിന്റെ കൃതികളെ 'റഷ്യൻ വിപ്ലവത്തിന്റെ കണ്ണാടി' എന്നാണ് ലെനിൻ വിശേഷിപ്പിച്ചത്.

മാർക്സിയൻ സൗന്ദര്യശാസ്ത്രചിന്തകൾക്ക് വലിയ മുതൽക്കൂട്ടാണ് ലിയോൺ ട്രോഡ്സ്കി രചിച്ച 'സാഹിത്യവും വിപ്ലവവും' എന്ന കൃതി സാഹിത്യത്തിനും അതിന്റേതായ നിയമങ്ങളും തത്വങ്ങളും ഉണ്ടെന്ന് ട്രോഡ്സ്കി അംഗീകരിക്കുന്നു.

മാർക്സിയൻ സൗന്ദര്യശാസ്ത്രവികാസത്തിന് പ്ലഹാനോവ് നൽകിയ സംഭാവനകൾ വലുതാണ്. തെറ്റായ ഒരാശയം കലാസൃഷ്ടിയുടെ സൗന്ദര്യാത്മക ഗുണത്തെ കുറയ്ക്കുന്നുവെന്ന് പ്ലഗനോവ് സമർത്ഥിച്ചു. 'കല കലയ്ക്കുവേണ്ടി എന്ന് ആശയത്തെ അദ്ദേഹം അംഗീകരിച്ചില്ല. കലാമേന്മ ഉപേക്ഷിച്ചു മറ്റേതെങ്കിലും ആശയപ്രചരണമോ പാർട്ടി പ്രചരണമോ കലയിൽ കുത്തിത്തിരുകുന്നതിനെ പ്ലഹാനോവ് എതിർത്തു. തൊഴിലാളി വർഗ്ഗത്തെ അഭിസംബോധനചെയ്ത് ഒരിക്കൽ അദ്ദേഹം പറഞ്ഞു,

'നിങ്ങൾക്ക് നിങ്ങളുടേതായ കവിതയുണ്ടാകണം. നിങ്ങളുടേതായ പാട്ടും പദ്യവുമെല്ലാം. അവയിലാണ് നിങ്ങളുടെ സ്വന്തം ദുഃഖവും പ്രത്യാശകളും പ്രതീക്ഷകളും കണ്ടെത്തേണ്ടത്.

അക്കാലത്ത് രൂപംകൊണ്ടതാണ് പ്രസിദ്ധമായ സോഷ്യലിസ്റ്റ് റിയലിസം എന്ന വിപ്ലവ സാഹിത്യ സിദ്ധാന്തം. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ വക്താവായിരുന്നു മാക്സിം ഗോർക്കി.

19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ആദ്യം നോവൽ സാഹിത്യത്തിലും പിന്നീട് മറ്റ് കലാരൂപങ്ങളിലും പ്രകടമായ ഒന്നാണ് റിയലിസം അഥവാ യഥാതഥപ്രസ്ഥാനം ബൽസാക്ക്, ടോൾസ്റ്റോയി, ചാൾസ് ഡിക്കൻസ്, ജോർജ്ജ് എലിയട്ട്, തോമസ് ഹാർഡി തുടങ്ങിയവരായിരുന്നു പ്രസ്ഥാനത്തെ വളർത്തിയവർ.

കാൽപ്പനികതയും അതിനു മുൻപ് മേൽക്കോയിമയുണ്ടായിരുന്ന നവക്ലാസിക് പ്രസ്ഥാനവും പത്തൊൻപതാം നൂറ്റാണ്ടിൽ ഏറ്റവും കൂടുതൽ സ്വാധീനവും ജനപ്രീതിയും നേടിയത് റിയലിസംതന്നെ ആയിരുന്നു.

സോഷ്യലിസ്റ്റ് റിയലിസം

സോഷ്യലിസ്റ്റ് റിയലിസം റിയലിസംതന്നെയാണ്. ഇത് രണ്ടുതരത്തിലുണ്ട്.

1, ക്രിട്ടിക്കൽ റിയലിസം

ഇത് റിയലിസം തന്നെയാണ്. വ്യവസായ വൽകരണവും നഗരവൽക്കരണവും സൃഷ്ടിച്ച വ്യക്തിദു:ഖങ്ങൾ, അടിച്ചമർത്തലുകൾ, ദുരിതങ്ങൾ ഇവയെല്ലാം ക്രിട്ടിക്കൽ റിയലിസ്റ്റുകൾ വസ്തുനിഷ്ഠമായി മനുഷ്യകഥകളായി അവതരിപ്പിക്കുന്നു. ഇവിടെ ശക്തമായ സാമൂഹ്യ വിമർശനമുണ്ട്; പക്ഷേ പരിഹാരങ്ങളില്ല. ഉദാ: ബൽസാക്ക് , ഡിക്കൻസ്.

രണ്ട്, സോഷ്യലിസ്റ്റ് റിയലിസം

സാമൂഹ്യപരിവർത്തനത്തിനും വിപ്ലവത്തിനും വേണ്ടി നടത്തുന്ന ശ്രമങ്ങളേയും അവ ഉയർത്തുന്ന ലക്ഷ്യബോധമുള്ള കഥാപാത്രങ്ങളേയും മൂല്യബോധത്തോടെ അവതരിപ്പിക്കുമ്പോൾ അത് സോഷ്യലിസ്റ്റ് റിയലിസമാകുന്നു. ഉദാ: ഗോർക്കി, ജാക്ക് ലണ്ടൻ, പ്രേംചന്ദ്, മുൽക്ക് രാജ് ആനന്ദ്, തകഴി, പൊൻകുന്നം വർക്കി തുടങ്ങിയവർ

ചുരുക്കത്തിൽ റിയലിസത്തിന്റെ വളർച്ചയുടെ രൂപങ്ങളാണ് ക്രിട്ടിക്കൽ റിയലിസവും സോഷ്യലിസ്റ്റ് റിയലിസവും.

സാധാരണ ജനങ്ങളും സാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള തെളിഞ്ഞ ബോധമാണ് സോഷ്യലിസ്റ്റ് റിയലിസത്തിന്റെ അടിസ്ഥാനശില. തൊഴിലാളി വർഗത്തിന്റേതായ പ്രത്യയശാസ്ത്രം സ്വീകരിക്കുന്നുവെന്നതാണ് സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പ്രത്യേകത. തൊഴിലാളി വർഗത്തിന്റെ സാഹിത്യമാണതെന്ന് തുറന്നു പറയാൻ മടിക്കുന്നില്ല. എന്നാൽ തൊഴിലാളി വർഗത്തിന് പ്രിയങ്കരമായ മുദ്രാവാക്യങ്ങളോ ആശയങ്ങളോ അതേപടി ആവിഷ്ക്കരിച്ചാൽ അത് സാഹിത്യമാകുന്നില്ല. സാഹിത്യത്തിന് അത്യാവശ്യമായ ധ്വനി, ഔചിത്യം, വ്യംഗ്യഭംഗി എന്നിവ ഉണ്ടായിരിക്കണം. ഉദാത്തമായ ക്ലാസ്സിക്കൽ പാരമ്പര്യത്തിന്റെ ഇങ്ങേയറ്റത്താണ് സോഷ്യലിസ്റ്റ് റിയലിസം നിലയുറപ്പിച്ചിരിക്കുന്നത്.

വർഗ്ഗ സമര സിദ്ധാന്തം മാർക്സിയൻ സൗന്ദര്യ ശാസ്ത്ര നിരൂപണത്തിന്റെ ആണിക്കല്ലാണ് ഒരു എഴുത്തുകാരൻ. അയാൾ ഉൾപ്പെടുന്ന വർഗ്ഗത്തിന്റെ ചേഷ്ടകളാണ് അറിഞ്ഞോ അറിയാതെയോ സ്വന്തം എഴുത്തിൽ പ്രകാശിപ്പിക്കുക.

ബ്രിട്ടീഷ് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രജ്ഞന്മാരിൽ ആദ്യകാല പ്ര

തിഭ വില്യം മോറിസ് (1834-1896) ആണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അദ്ദേഹം കലയുടെ സാധ്യത കണ്ടെത്തി.

1930- കൾ രണ്ട് പ്രതിഭാശാലികളെ സംഭാവന ചെയ്തു. ക്രിസ്റ്റോഫർ കാഡ്‌വെല്ലും, റാൽഫ് ഫോക്‌സും ആയിരുന്നു ഈ പ്രതിഭകൾ. കവിതയുടെ ഉത്ഭവത്തെ കാഡ്‌വെൽ ആദിമസമൂഹത്തിലും അധ്വാനത്തിന്റെ മേഖലകളിലും നാടോടി പാരമ്പര്യത്തിലും അന്വേഷിക്കുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിക്കുശേഷം മുതലാളിത്ത യൂറോപ്പിലെയും അമേരിക്കയിലെയും മാർക്സിസ്റ്റ് ചിന്തകൾ സ്വാഭാവികമായി സൗന്ദര്യശാസത്രചിന്തകൾക്ക് പുതിയ മാനങ്ങൾ നൽകി. ഗ്രാംഷി (ഇറ്റലി), അൽത്തുസർ(ഫ്രാൻസ്), ലൂക്കാച്ച്(ഹംഗറി), ഫിഷർ(ആസ്ത്രിയി), ബ്രഹ്റ്റ്(ജർമ്മനി), മുതലായവരുടെ നിരീക്ഷണങ്ങൾ ബ്രിട്ടീഷ് സൗന്ദര്യശാസ്ത്രത്തെ ഏറെ മുന്നോട്ട് നയിച്ചവരാണ്.

എറിക് ഹോബ്‌സ് ബോം, ക്രിസ്റ്റഫർ ഹിൽ, ഇ.പി. തോംസൺ, റയ്മണ്ട് വില്യംസ്, തുടങ്ങിയവർ മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിന് ഏറെ സംഭാവനകൾ ചെയ്തവരാണ്.

1977- ൽ വില്യംസ് എഴുതിയ മാർക്സിസവും സാഹിത്യവും എന്ന കൃതിയിൽ സൗന്ദര്യശാസ്ത്രത്തവും സാഹിത്യനിരൂപണവും ഒരു പുതിയ ശാഖയായിട്ടാണ് അവതരിപ്പിക്കുന്നത്. ഈ ശാഖയെ അദ്ദേഹം സാംസ്കാരിക ദൗതിക വാദം (Cultural Materialism) എന്നാണ് വിളിക്കുന്നത്. വാൾട്ടർ ബെഞ്ചമിൻ (1892-1940) മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിന് നൽകിയ സംഭാവനകൾ വലുതാണ്.

മാർക്സിസ്റ്റ് ഫെമിനിസം

സ്ത്രീയുടെ സ്വത്വത്തെ നിർണ്ണയിക്കാനുള്ള പ്രത്യയശാസ്ത്രപരമായ ശ്രമം നടത്തിയ രണ്ടു പേരാണ് വെർജീനിയ വ്യൂൾഫും, സീമോൺ ദെബോവെയും. തികച്ചും സ്ത്രൈണമായ അനുഭവങ്ങളെ, ചിന്തകളെ, അനുഭൂതികളെ ധീരമായും, സ്വതന്ത്രമായും അപഗ്രഥിക്കണമെന്നാണ് വെർജീനിയാ വൂൾഫ് വാദിച്ചത്. അവയെ പുരുഷാനുഭവങ്ങളുമായി കൂട്ടിച്ചേർക്കേണ്ട കാര്യമില്ല.

സ്ത്രീപക്ഷവാദത്തിന് ആശയപരമായ അടിത്തറ നൽകാൻ ശ്രമിച്ച



എഴുത്തുകാരിയായിരുന്നു സീമോൺ ദെബോവെ (ഇവർ സാർത്രിന്റെ കൂട്ടുകാരിയായിരുന്നു. അവരുടെ ലോകപ്രസിദ്ധമായ കൃതിയാണ് The Second Sex അവരുടെ പ്രസിദ്ധമായ ഒരു വാചകമുണ്ട് ഒരാൾ സ്ത്രീയായി പിറക്കുകയല്ല, സ്ത്രീയായിത്തീരുകയാണ് ചെയ്യുന്നത്

മാർക്സിയൻ സൗന്ദര്യശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ ഒഴിവാക്കാൻ പറ്റാത്ത ഒരു പേരാണ് ടെറി ഈഗിൾടൺ. മാർക്സിയൻ സൗന്ദര്യശാസ്ത്രത്തെ വ്യാഖ്യാനിക്കുന്ന അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതിയാണ് മാർക്സിസവും സാഹിത്യ വിമർശനവും (Marxsm and Literary Criticism)അദ്ദേഹത്തെ സംബന്ധിച്ച് സാഹിത്യ വിമർശനം സാഹിത്യത്തെ ചരിത്രപരമായി സമീപിക്കലും വിപ്ലവകരമായി മനസ്സിലാക്കലുമാണ്.

ചരിത്രത്തിന്റെ ഗതിമാറ്റാൻ കലയ്ക്കു കഴിയുമെന്ന വാദത്തെ ഭൗതീകശാസ്ത്രം നിഷേധിക്കുന്നു. എന്നാൽ അത്തരം ഗതിമാറ്റത്തിന്റെ നിരവധി ഘടകങ്ങളിൽ ഒന്ന് കലയാണെന്ന് ഈഗിൾടൺ നിരീക്ഷിക്കുന്നു.

മാർക്സിയൻ സൗന്ദര്യശാസ്ത്രം ഏതെങ്കിലും ചിന്തകനോ കുറേ ചിന്തകരോ തയ്യാറാക്കി മുന്നോട്ടുവച്ച ഒരു ആശയമല്ല. ആശയങ്ങളുടെ യോജിപ്പിക്കലും വിയോജിപ്പിക്കലും സംഘർഷങ്ങളിലും കൂടി വളർന്നതും വളർന്നുകൊണ്ടിരിക്കുന്നതുമായ ഒരു ചിന്താപദ്ധതിയാണ്.

ഗൗരവമായി സമീപിക്കേണ്ട ഒന്നാണ് സാഹിത്യമെന്ന തോന്നലുണ്ടാക്കിയെന്നതാണ് മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിന്റെ പ്രധാന സംഭാവന. ഇതിന്റെ അടിസ്ഥാനത്തിലാണ് 1935 ജൂലൈയിൽ പാരീസിൽ സംസ്ക്കാരത്തെ പ്രതിരോധിക്കുന്നതിനായുള്ള ലോകത്തിലെ എഴുത്തുകാരുടെ സമ്മേളനം ചേർന്നത്. മുൽക്ക് രാജ് ആനന്ദാണ് ഇൻഡ്യയിൽ നിന്നും ഈ സമ്മേളനത്തിൽ പങ്കെടുത്തത്.

അഖിലേൻഡ്യാ പുരോഗമന സാഹിത്യ സംഘത്തിന്റെ ഒന്നാം സമ്മേളനം 1936 ഏപ്രിൽ മാസത്തിൽ ലക്നൗവിൽ ചേർന്നു.

കേരളത്തിൽ 1937 ൽ തൃശൂരിൽ അഖിലേൻഡ്യാ പുരോഗമന സാഹിത്യ സംഘത്തിന്റെ ഒരു ശാഖ ജീവൽ സാഹിത്യ സംഘടന യെന്ന പേരിൽ സ്ഥാപിതമായി ഈ സംഘടനയാണ് പിന്നീട് പുരോഗമന സാഹിത്യസംഘവും 1971- ൽ ദേശാഭിമാനി സ്റ്റഡിസർക്കിളും അവസാനം 1981 ൽ പുരോഗമന കലാ സാഹിത്യ സംഘവുമായി മാറിയത്. ■

നിരീക്ഷണം

# ഇറച്ചിയേറ്



ബന്യാമിൻ

അതികാലത്ത് നടക്കാൻ പോകാറുണ്ടോ നിങ്ങൾ....? ശരീര വ്യായാമം മാത്രമല്ല കൗതുകകരമായ അനേകം കാഴ്ചകൾ കൂടി നമുക്കത് സമ്മാനിച്ചേക്കാം. നഗരത്തിലായാലും ഗ്രാമത്തിലായാലും. അക്കൂട്ടത്തിൽ നമ്മെ വല്ലാതെ ആകർഷിക്കുന്ന ചില ഏറു കാഴ്ചകളുണ്ട്. സൈക്കിളലിരുന്ന് വീടിന്റെ മുറ്റത്തേക്കുള്ള പത്രമേറ്, വണ്ടിയിലിരുന്ന് കടയുടെ മുന്നിലേക്കുള്ള പാലേറ്, ബേക്കറി മുറ്റത്തേക്കുള്ള ബ്രഡേറ് തുടങ്ങി ലോറിക്കാരന്റെ പാഴ്സൽ ഏറ് വരെ. അതോടൊപ്പം അത്യധികം കൗതുകകരവും അതേസമയം നിർഭാഗ്യകരവുമായ മറ്റൊരു ഏറുകൂടി അടുത്തിടെയായി നമുക്ക് കാണാൻ കഴിയും. അതിനെ കാണിക്കയേറ് എന്ന് വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം. ക്ഷേത്രനടയിലേക്ക് കുരിശിൻമൂട്ടിലേക്ക് അതുമല്ലെങ്കിൽ ജാറത്തിന്റെ മുന്നിലേക്ക് വഴിയാത്രക്കാരുടെ ഏറാണത്. രാവിലെ ആളെ പിടിക്കാൻ പരക്കം പായുന്ന പ്രൈവറ്റ് ബസിലെ കിളികളാണ് ഈ കാണിക്കയേറ് തുടങ്ങിയതെന്ന് തോന്നുന്നു. പിന്നാലെ യാത്രക്കാരും തുടങ്ങി. ഇപ്പോൾ ഭക്തി നമ്മൾ എപ്പോഴും കൂടെ കൊണ്ടുനടക്കുന്നതുകൊണ്ടും ദൈവത്തിനെക്കൊണ്ടുള്ള ആവശ്യം പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ടും കാലത്തു തന്നെയല്ല ദിവസത്തിന്റെ ഏത് സമയത്തും നമുക്ക് ഈ ഏറ് കാണാൻ സാധിക്കും. ബസിൽ ഇരിക്കുന്ന അത്യാവശ്യക്കാരൻ മാത്രമല്ല, കാറിൽപോകുന്നവരും ഓട്ടോയിൽ പോകുന്നവരും ലോറിയിൽ പോകുന്നവരും എല്ലാം ഇപ്പോൾ ഏറോട് ഏറാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യാത്ര ചെയ്ത് എറിയുന്നവരും എറിഞ്ഞെറിഞ്ഞ് യാത്ര ചെയ്യുന്നവരും ഇന്നുണ്ട്. അത്യാവശ്യമായി ഞാനൊരു വഴിവരെ പോകുന്നു. ഗീവറുഗീസ് സഹദായെ, പറശ്ശിനിക്കടവ് മുത്തപ്പാ, ചെട്ടികുളങ്ങര അമ്മേ ദാ കിടക്കുന്നു നിനക്കുള്ള പങ്ക്. കാര്യം അങ്ങ് സാധിച്ചേക്കണേ എന്നാണ് ആ ഏറിന്റെ സമകാലിക മനസ്സിലിരുപ്പ്.  അല്ലാതെ ദേവിമാർക്കും പുണ്യാളന്മാർക്കും ചിലവുകാശിന് വകയില്ലാത്തതുകൊണ്ട് അത്യാവശ്യമായി കൊടുത്തിട്ട് പോകുന്നതല്ലല്ലോ അത്.

ഇറച്ചി എന്ന പേരിൽ ടി.വി. കൊച്ചുബാവയുടെ പ്രശസ്തമായ ഒരു കഥയുണ്ട്. ആഹാരത്തിന്റെ ആധിക്യം കാരണം ഒരു വിദേശരാജ്യത്തുള്ള വീട്ടിൽ രക്ഷിതാക്കളും കുട്ടികളും ചേർന്ന് ഇറച്ചി എറിഞ്ഞു കളിക്കുന്നതിനെക്കുറിച്ചാണ് അത്. നമ്മുടെ സമൂഹത്തിലെ ധാരാളിത്തത്തിന്റെയും ധൂർത്തിന്റേയും അത്യാർത്തിയുടെയും ഒക്കെ പ്രതീകമായാണ് ഇറച്ചിയേറ് ആ കഥയിൽ പ്രത്യക്ഷപ്പെടുന്നത്. ക്ഷമിക്കണം, ഇപ്പോഴത്തെ ഈ കാണിക്കയേറ് കാണുമ്പോൾ അറിയാതെ ഞാൻ ആ ഇറച്ചിയേറ് ഓർത്തുപോകും. രണ്ടും നമ്മുടെ ആധിക്യത്തിന്റെ പ്രതീകമാണ്. കഥയിൽ ആഹാരം ജീവിതത്തിൽ പണം.

ഭാരതീയ സങ്കല്പവും ദർശനവും അനുസരിച്ച് കാണിക്ക, ദക്ഷിണ, ദാനം, ഭിക്ഷ എന്നിവയൊക്കെ കൈതൊട്ട് നൽകണം എന്നാണ് വയ്പ്. നമ്മുടെ സഹാനുഭൂതിയും കരുണയും സ്നേഹവും നന്മയുമാണ് ഈ സ്പർശനത്തിലൂടെ പ്രകടമാക്കുന്നത് എന്നാവാം അതുകൊണ്ട് അർത്ഥമാക്കുന്നത്. അത്രയ്ക്ക് പുണ്യവും പവിത്രവുമായ കർമ്മവുമാണ് അത്. ഈശ്വരനു നൽകുമ്പോൾ അത് കൂടുതൽ പവിത്രമാകേണ്ടതുണ്ട്. കൂടുതൽ വിനീതമാകേണ്ടതുണ്ട്. എന്നാൽ അതിനെയാണ് നമ്മളിങ്ങനെ നമ്മുടെ അലസതയും തിരക്കും നടിച്ച് അശ്ലീലമാക്കിത്തീർക്കുന്നത്.

ഉഗ്രപ്രതാപിയായ ദൈവത്തിനോട് നാം ഇങ്ങനെയാണ് പ്രവർത്തിക്കുന്നതെങ്കിൽ നിസ്സാരനായ മനുഷ്യനോടുള്ള നമ്മുടെ മനോഭാവം എന്താവും എന്ന് ചിന്തിച്ചുപോകുന്നു. സമൂഹത്തിൽ ഇന്ന് കൊട്ടിഘോഷിക്കപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്ന പല ഭിക്ഷകളും ദാനങ്ങളും നമുക്ക് അശ്ലീലമായി തോന്നുന്നത് ഒരു പക്ഷേ അവയിൽ നന്മയുടെ സ്പർശമില്ലാത്തതുകൊണ്ടാവില്ലേ? അവ പുച്ഛത്തോടെയുള്ള വെറും എറിഞ്ഞുകൊടുപ്പായതുകൊണ്ടാവില്ലേ...?

നമ്മുടെ വിയർപ്പിന്റെ ഒരു പങ്കാണ് നാം ഭിക്ഷ കൊടുക്കേണ്ടത്. അപ്പോഴാണ് അതിൽ കരുണ കലരുന്നത്. പക്ഷേ, വിയർപ്പൊഴുക്കാത്ത പണം എറിഞ്ഞ് നമ്മുടെ ഗമ കാണിക്കാനുള്ള നടകളായി നാം അന്യന്റെ ജീവിതത്തെ കാണുമ്പോൾ അത് വെറും ഇറച്ചിയേറായി മാറുന്നു...!! ■



വിമർശനം



പ്രൊഫ. എ.റ്റി. ളാത്തറ

# ഒരു കാർട്ടൂൺ വിചാരം

**ഇ**ന്ന് നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ ശക്തി ഏതെന്ന് ചോദിച്ചാൽ അതിനുത്തരം ഒന്നേയുള്ളൂ, മതം.

മതത്തിന് ഇങ്ങനെയൊരു ശക്തി കൈവരുവാൻ കാരണം, ഈ ശക്തി നമ്മുടെ ഭരണഘടനയുടെ നട്ടെലിൽ ചുറ്റിപ്പിണഞ്ഞു കിടക്കുന്നു എന്നതുകൊണ്ടാണ്.

വിശ്വാസത്തിന്റെ വൈദ്യുതി പ്രവാഹത്തെ തൊട്ടുകളിക്കുന്നത് സൂക്ഷിച്ചുവേണം. തൊടുന്നവൻ തെറിച്ചുവീണ് മൃതപ്രായനാകുകയോ, മൃതനാകുകയോ ചെയ്യും.

വിശ്വാസമെന്നത്, ഒരു വ്യക്തിയിൽ സംഭവിക്കുന്ന സ്വകാര്യവികാരമാണ്. ഈ വികാരത്തിന് ബീജാവാപം ഉണ്ടാകുന്നതിന് ചില ബാഹ്യ ഇടപെടലുകൾ ഉണ്ടാകുമ്പോഴാണ്. വിശ്വാസം പലപ്പോഴും, പറഞ്ഞുറപ്പിക്കുന്ന ചില പാരമ്പര്യ വഴക്കങ്ങളുടെ, സൃഷ്ടിയാണ്. ക്രിസ്തുമതക്കാർക്ക് മറ്റു മതവിശ്വാസം സംഭവിക്കാത്തത് ഈ പാരമ്പര്യം ഹേതുവായാണ്. ഇതുതന്നെ ഹിന്ദുവിലും, മുസ്ലീം വിഭാഗത്തിലും സംഭവിക്കുന്നു. വിശ്വാസം യുക്തിയുടെ വഴിയിലല്ല സഞ്ചരിക്കുന്നത്, പാരമ്പര്യ വഴിയിലാണ്.

ഒരു വിശ്വാസിയും, സ്വന്തം വിശ്വാസം തെറ്റെന്ന് സമ്മതിച്ചുതരികയില്ല. അതുകൊണ്ട്, ദൈവത്തിന് എല്ലാ വിശ്വാസങ്ങളേയും ചോദ്യംചെയ്യാതെ, പഞ്ചപുച്ഛമടക്കി, കണ്ടുനില്ക്കാനേ കഴിയൂ.


വിശ്വാസം ആർക്കവേണ്ടി? മനുഷ്യനുവേണ്ടിയോ ദൈവത്തിനുവേണ്ടിയോ? ദൈവത്തിനുവേണ്ടിയാണ് വിശ്വാസമെങ്കിൽ, നാം ദൈവസംരക്ഷകരാകുന്നു.

നാം ദൈവസംരക്ഷകരോ, മനുഷ്യസംരക്ഷകരോ? ദൈവം, സ്വയം സംരക്ഷകനും, മനുഷ്യസംരക്ഷകനും ആണെന്ന് വിശ്വസിച്ച നമ്മുടെ ഒരു മുഖ്യമന്ത്രി, വളരെ ലളിതമായി, കുറിക്കുകൊള്ളുന്ന രീതിയിൽ അത് അവതരിപ്പിച്ചു – അത് ഇ. കെ. നായനാർ എന്ന മനീഷിയായിരുന്നു– അദ്ദേഹം ചോദിച്ചു "ഭഗവാന് എന്തിന് പാറാവ്?" എന്ന്.

മതവിശ്വാസം മനുഷ്യനന്മയ്ക്ക് വേണ്ടിയാണ് എന്നാണ് ഉത്തരമെങ്കിൽ, മതങ്ങൾ അനുവർത്തിച്ചുവരുന്ന വൈരുദ്ധ്യങ്ങൾക്ക് എന്താണൊരു പരിഹാരം?

ദൈവവും, മനുഷ്യനും ഒന്നാണ്, എന്ന വിശ്വാസം ഉറയ്ക്കുന്നിടത്താണ്, ദൈവം സ്നേഹമാകുന്നു, ശാന്തിയാകുന്നു എന്ന വിശ്വാസം ഉറയ്ക്കുന്നത്.

ഈ വിശ്വാസം പ്രാപിക്കുമ്പോൾ, വിശ്വാസികളുടെ ആൾക്കൂട്ടത്തിലേക്ക്, നാം ആരേയും,



മതംമാറ്റി എടുക്കേണ്ടതില്ല. ഈ വിശ്വാസം കരഗതമാകുമ്പോൾ, ആരുടെയും, മതവികാരം വ്രണപ്പെടുകയില്ല.

മതത്തെ ഒരാൾക്കൂട്ട വികാരമാക്കി കൊണ്ടുനടക്കുന്നതെന്തിന്. രാമനും, കൃഷ്ണനും ക്രിസ്തുവിനും, അള്ളാഹുവിനും, വ്യത്യസ്ത മതവിഭാഗങ്ങളിൽ, വ്യത്യസ്ത സ്വരൂപവും, വ്യത്യസ്ത ചെയ്വനകളുമാണുള്ളത്. രൂപത്തിലെ പൊരുത്തപ്പെടായ്ക ആചാരാനുഷ്ഠാനങ്ങളിലും പൊരുത്തക്കേടുകൾ ഉണ്ടാക്കുന്നു.

ഏതൊരു മതവും - അതിന്റെ തത്ത്വത്തിൽ- അർത്ഥപൂർണ്ണമാകണമെങ്കിൽ, അത് മനുഷ്യജീവിതത്തെ ഗുണപരമായി ചലിപ്പിക്കണം. നമ്മുടെ മതവിശ്വാസം ഇപ്പോൾ മനുഷ്യജീവിതത്തെ ചലിപ്പിക്കുകയല്ല ഛേദിക്കുകയാണ് ചെയ്യുന്നത്.

വെളിച്ചം വെളിച്ചമാകുന്നത് അത് ഒരുവന്റെ വഴി ഇരുളിമയിൽ പാതയെ കാണിച്ചുകൊടുക്കുമ്പോഴാണ്.

ഇപ്പോൾ, മതം അതിന്റെ അധഃപതനത്തിന്റെ നെല്ലിപ്പലകയെ മിനുക്കിക്കൊണ്ടിരിക്കുന്നു. വിശ്വാസത്തെയും ദൈവത്തേയും വിട്ട്, മതം പൗരോഹിത്യത്തെയും, മതചിഹ്നങ്ങളേയും സംപൂജ്യമാക്കിയിരിക്കുന്നു. ക്രിസ്തുവിനേയും, ക്രിസ്തുതത്ത്വങ്ങളേയും, മനുഷ്യനീതിയേയും, ചവിട്ടിയരച്ചാലും, മതപിരോഹിതരെ, പൂജാ ബിംബങ്ങളാക്കി മാറ്റുന്നു. മതവും ദൈവവും, വിശ്വാസവും എല്ലാം മതപുരോഹിതരിൽ ദർശമാകുന്ന അവസ്ഥയാണ് സമ്പൂർണ്ണ അധഃപതനം! മതബിംബങ്ങൾക്ക് മനുഷ്യനെന്തിന് പ്രാമുഖ്യം കൊടുക്കുന്നു?

സഹികെട്ട ഒരു കലാകാരൻ വരച്ച കാർട്ടൂണിൽ, മതചിഹ്നം കണ്ടുവത്രേ. തെറ്റിന്റെ പച്ചമരം പനപോലെ തഴയ്ക്ക; ഒരു തൂലി കപ്പുമൊട്ട്, ചവിട്ടിയരയ്ക്കാൻ എന്തു സുഖം. ■

ഡോ. വറുഗീസ് പി. പീറ്റർ

കവിത

# അമ്മമൊഴി

**ജ**ന്മാന്തരങ്ങളിലൂടെ യാത്ര ചെയ്തീ വഴിയെത്തുമ്പോൾ
ഹൃത്തിൽ ബിംബമായിരുന്നവ ശൂന്യമായി
നരനിവനുയർത്തിയ ബൗദ്ധികോന്നതി
ഭൂമിക്കിത്രനൊമ്പരമായല്ലോ!
ഞാനീയമ്മ വളർത്തി തളിർത്തുപൂത്ത
പൂക്കൾ കായ്കൾ പഴങ്ങൾ പച്ചപ്പുകൾ
നദികൾ പാറകൾ സ്നേഹിച്ചിരുന്ന പല
സ്വപ്ന സാമ്രാജ്യവും തെക്കോട്ടെടുത്തു
കുന്നിൻചെരിവുകൾ നിരപ്പാക്കി നിങ്ങൾ
ചുട്ടുപൊള്ളും പ്രകൃതി മാത്രം ബാക്കി
ഞാനീയമ്മ പാലൂട്ടിയ പലതുമിന്നന്യമായി
അരയാലുംമൂട്ടിൽ അരയാലില്ല
അരുവിയ്ക്കലരുവിക്കു ജീവനില്ല
ആലുംമൂട്ടിൽ ആൽമരം കണ്ടതില്ല
ഉതിമൂട്ടിലെ ഉതി പോയ് മറഞ്ഞു
കടുമീൻചിറയിലെ മീൻ നഞ്ചിനിട്ടു
കട്ടപ്പനയിലെ പനകളെല്ലാം കരിഞ്ഞു
കപ്പമാങ്കലിന്നു കപ്പമാവില്ല
കരിമ്പനാംകുഴിയിലെ കരിമ്പന വെട്ടിനീക്കി
കറുകച്ചാലിൽ കറുകയും ചാലുമില്ല
കാഞ്ഞിരത്തുംമൂട്ടിലെ കാഞ്ഞിരം എന്നേ മരിച്ചു
കുമ്പനാട്ടിലെ കൊമ്പനാനകൾ നാടുനീങ്ങി
ചാരുംമൂട്ടിലെ ചാർ കരിഞ്ഞുപോയി
ചെളിക്കുഴിയിലെ ചെളിവാരി കട്ടയാക്കി
ചേറ്റുകണ്ടത്തിൽ ചേറും കണ്ടവുമില്ല
തുമ്പമണ്ണിലെ തുമ്പ വെന്തുപോയി
തെങ്ങുംമൂട്ടിലെ തെങ്ങുകൾ ശൂന്യമായി
തേക്കുങ്കലാകട്ടെ തേക്കേയില്ല
നെല്ലിമൂട്ടിലെ നെല്ലി മുറിച്ചുമാറ്റി
പനയമ്പാലയിൽ പനയും പാലയുമില്ല
പുലിയപ്പാറയിലെ പുലിയും പാറയും പോയി
പ്ലാങ്കമണ്ണിലെ പ്ലാവ് വേരറ്റു തീർന്നു
മരുതിമൂട്ടിലെ മരുതി മണ്ണടിഞ്ഞു
വെട്ടിക്കുളത്തു വെട്ടിയും കുളവുമില്ല
ഭൂമിയമ്മയ്ക്കിങ്ങനെ പൊലിഞ്ഞ മക്കളെത്ര?
ഉത്തരം ഊറ്റിക്കുടിച്ചവനീ നരൻ നൽകണം
ആധുനികത കൊള്ളാം ആർത്തവൻ
സത്യമെന്ത്? ഇതധോഗതിയുടെ സ്പന്ദനം
കാത്തിരുന്നോളൂ തരും ഞാൻ സമ്മാനം
കോൾമയിർകൊള്ളേണ്ട കേളികൊട്ടാണിത്
അമ്മ കരഞ്ഞു, ചുടുചോര കണ്ണീരാണിത്
ആർത്തുവരും മെല്ലെ ദുർദിനരാവുകൾ ■

സമൂഹ്യം

**സഹകരണ സംഘങ്ങളുടെയും സ്വയംസഹായ സംഘങ്ങളുടെയും രൂപീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുകയും ആറുമാസക്കാലത്തിനുള്ളിൽ പ്രവർത്തനസജ്ജമാകും എന്ന് ഉറപ്പുവരുത്തുകയും ഏറ്റെടുക്കേണ്ട പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്താൽ വലിയ നേട്ടങ്ങൾ നേടിയെടുക്കുന്നതിനുവേണ്ട അടിത്തറ പാകാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ നമുക്ക് സാധിക്കും**

# കൂട്ടായ്മകളുടെ വേറിട്ട വഴികൾ



**കെ. വിജയകുമാർ**

ആഗോളീകരണ സാമ്പത്തിക നയങ്ങളും ഇടക്കാലത്ത് നമ്മെ ഗുരുതരമായി ബാധിച്ച നോട്ടുനിരോധനവും സാമ്പത്തിക നിലയെഎത്ര മാത്രം ഗുരുതരമായി ബാധിച്ചിരുന്നു എന്നത് വിവരിക്കേണ്ടതില്ല . ഇത്രയും വലിയ ഗുരുതരാവസ്ഥയിൽ നിന്ന് കേരള സംസ്ഥാനത്തെ രക്ഷിച്ചു നിർത്തുന്നതിൽ ഒരു പ്രധാന കവചമായി പ്രവർത്തിച്ചത് ഇവിടത്തെ സഹകരണ പ്രസ്ഥാനങ്ങളണെന്നുള്ള വസ്തുത നാം പലവട്ടം

വിലയിരുത്തിയിട്ടുള്ളതാണ് . കേരളീയ സമൂഹത്തിൽ സർവ്വതലസ്പർശിയായ സഹകരണ സ്ഥാപനങ്ങളെ തകർക്കുന്നതിനും അതിൻറെ വിശ്വസ്തത നഷ്ടപ്പെടുത്തുന്നതിനും വലിയ നുണപ്രചരണങ്ങളും കരിനിയമങ്ങളുമൊക്കെ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചിട്ടും തളരാതിരിക്കാൻ പ്രധാന കാരണം നമുക്ക് സഹകരണ പ്രസ്ഥാനങ്ങളോടുള്ള വിശ്വാസത്തെയാണ് സൂചിപ്പിക്കുന്നത് . സഹകരണ രംഗം കാത്തുസൂക്ഷിക്കുന്ന പരിപാവനമായ സുതാര്യതയും ആത്മാർത്ഥതയുമാണ്.

ഏകദേശം രണ്ടു ലക്ഷം കോടി രൂപയുടെ വിദേശനാണ്യ നിക്ഷേപമാണ് പ്രവാസികൾ സംസ്ഥാനത്തെ പൊതുമേഖലാ സ്വകാര്യ ബാങ്കുകളിലായി 20172018 ൽ നടത്തിയിട്ടുള്ളത് .ഒന്നര ലക്ഷം കോടിയിലധികം രൂപ നിക്ഷേപമുള്ള സഹകരണമേഖലയിലും പ്രവാസികളുടെ പങ്ക് വളരെ വലുതാണ് . മൊത്തം നിക്ഷേപത്തിൽ പകുതിയെങ്കിലും പ്രവാസികളോ അവരുടെ കുടുംബാംഗങ്ങളോ നിക്ഷേപിച്ചതാണ് എന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു .

എന്നാൽ 110 വർഷം പിന്നിടുന്ന സഹകരണ മേഖലയിൽ നിലവിലുള്ള സംഘങ്ങളിൽ 98 ശതമാനവും അംഗത്വം അനുവദിക്കലും നിക്ഷേപം സ്വീകരിക്കലും വായ്പനൽകലും എംഡിഎസ് നടപ്പാക്കലും എന്ന പാരമ്പര്യ സഹകരണ നിയമങ്ങളുടെയും ഉപ നിയമങ്ങളുടേയും കെണിയിൽ വട്ടം കറങ്ങുകയാണ് ചെയ്യുന്നത് . ബാക്കിപത്രപ്രകാരം മിക്കവാറും എല്ലാ സഹകരണസംഘങ്ങളും തന്നെ ലാഭകരമായിപ്രവർത്തിക്കുന്നതാണെന്ന് തെളിയിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടെന്നതും പരമാർത്ഥമാണുതാനും . എന്നാൽ പൊതു ജനങ്ങളുടെയോ അംഗങ്ങളുടേയോ ഉന്നമനത്തിനായി പുത്തൻ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും ഉള്ള ആത്മാർത്ഥത ഒട്ടുമിക്ക സഹകരണസംഘങ്ങളും കാണിക്കുന്നില്ല എന്നുള്ള വസ്തുത നിലനിൽക്കുന്നു .

എന്നാൽ ഇതിൽനിന്നെല്ലാം വ്യത്യസ്തമായി സാമൂഹ്യ പ്രതിബദ്ധതയോടെ ജനമനസ്സുകളിൽ ഇടം നേടുന്നതിനും സാധ്യമായ പദ്ധതികൾ കണ്ടെത്തി അവയെ പ്രായോഗികതലത്തിൽ എത്തിച്ച് സമൂഹത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണക്കാരായ കുറച്ച് സഹകരണസംഘങ്ങൾ നമ്മുടെ നാട്ടിലുണ്ട് .ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം , ഇ എം എസ് മെമ്മോറിയൽ സഹകരണ ആശുപത്രി , ഇന്ത്യൻ കോഫി ഹൗസ് തുടങ്ങി അമ്പതിൽപ്പരം സഹകരണസംഘങ്ങൾ നമ്മുടെ ചുറ്റുപാടും പ്രവർത്തിക്കുന്നത് കാണാതിരുന്നുകൂടാ . നിർമ്മാണ രംഗത്തും ആരോഗ്യരംഗത്തും ഐടി അധിഷ്ഠിത വ്യവസായ രംഗത്തും കാർഷികരംഗത്തും മൂല്യവർധിത ഉൽപ്പന്ന രംഗങ്ങളിലും ഒക്കെയായി ഇത്തരം സംഘങ്ങൾ ജനമനസ്സുകളിൽ ഇടം നേടി കഴിഞ്ഞിരിക്കുന്നു .

ഇപ്പറഞ്ഞ രണ്ടാംനിര സഹകരണമേഖലയാണ് പ്രധാനമായും കേരള പ്രവാസി സംഘം മാതൃകയായി ഏറ്റെടുക്കേണ്ടത് . സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം ബ്ലോക്ക് / മുനിസിപ്പൽ അടിസ്ഥാനത്തിൽ 250ൽപ്പരം സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനുള്ള യജ്ഞവുമായി നാം മുന്നോട്ടു പോവുകയാണല്ലോ .ഏകദേശം 68 സഹകരണ സംഘങ്ങളുടെ രൂപീകരണം ഇതിനകംതന്നെ പൂർത്തിയാക്കുകയും അമ്പതോളം സഹകരണസംഘങ്ങൾ പ്രവർത്തനപഥത്തിൽ എത്തുകയും ചെയ്തിട്ടുണ്ട് .എല്ലാ ജില്ലാ കമ്മിറ്റികളും അവരുടെ ഉത്തര

വാദിത്വം പ്രതിബദ്ധതയോടെ ഏറ്റെടുത്താൽ 2019 20സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പുതന്നെ ലക്ഷ്യത്തിലെത്താൻ നമുക്കാകും.

2011ൽ തുടക്കം കുറിക്കുകയും ചുരുക്കം ജില്ലകളിലായി പ്രവർത്തനമാരംഭിക്കുകയും ചെയ്ത നൂറുകണക്കിനു സ്വയംസഹായസംഘങ്ങൾ ഇന്നുണ്ട് .എന്നാൽ ഒട്ടു മിക്ക ജില്ലകളിലും അതിൻറെ പ്രവർത്തനങ്ങൾആരംഭിച്ചിട്ടില്ല എന്നത് ദു:ഖകരമാണെന്നേ പറയേണ്ടതുള്ളു . ഈ സാമ്പത്തിക വർഷം അവസാനിക്കുത്തിന് മുമ്പ് എല്ലാ ജില്ലകളിലുമായി 10000 സ്വയംസഹായസംഘങ്ങൾ എങ്കിലും രൂപീകരിക്കാൻ നമുക്കാകണം . കൂടാതെ ക്ലസ്റ്ററുകൾ , അഗ്രികൾച്ചർ അല്ലെങ്കിൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ , എൻജിനീയറിങ് യൂണിറ്റുകൾ , ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ഉൽപ്പന്ന സംരംഭങ്ങൾ , കൃഷി , ഭക്ഷ്യസംസ്കരണം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ, ക്ഷീരവികസനം , മൃഗസംരക്ഷണം , മത്സ്യ മേഖല , റബ്ബർ ,കാപ്പി തുടങ്ങിയവിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ എന്നിവയ്ക്ക് വൻ സാധ്യതകളാണ് നമുക്ക് മുന്നിൽ തുറന്ന് കിടക്കുന്നത് .സംസ്ഥാനാ ടിസ്ഥാനത്തിലുള്ള മാർക്കറ്റിങ്ങിന് പുറമേ കയറ്റുമതി സാധ്യത കണക്കിലെടുത്ത് 100% ശുദ്ധമായ ഉൽപ്പന്നങ്ങൾ ഒരു ട്രേഡ് മാർക്കിന് കീഴിൽ ലഭ്യമാക്കുന്നതിനു നമുക്ക് സാധിക്കണം .

സഹകരണ സംഘങ്ങളുടെയും സ്വയംസഹായ സംഘങ്ങളുടെയും രൂപീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുകയും ആറുമാസക്കാലത്തിനുള്ളിൽ പ്രവർത്തനസജ്ജമാകും എന്ന് ഉറപ്പുവരുത്തുകയും ഏറ്റെടുക്കേണ്ട പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്താൽ വലിയ നേട്ടങ്ങൾ നേടിയെടുക്കുന്നതിനുവേണ്ട അടിത്തറ പാകാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ നമുക്ക് സാധിക്കും എന്ന് തോന്നുന്നു.

ഒന്ന് . 2020 21 സാമ്പത്തികവർഷം സർക്കാർ പദ്ധതികളിൽ പ്രവാസി സഹകരണ സംഘങ്ങൾക്കും സംരംഭങ്ങൾക്കും മുന്തിയ പരിഗണനയും സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കും . സഹകരണ സംഘങ്ങൾ നേരിട്ടോ അംഗങ്ങൾക്ക് സ്വതന്ത്രമായോ അംഗങ്ങളുടെ കൂട്ടായ്മകൾക്കോ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും സാധിക്കും .

രണ്ട്. ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിദഗ്ധ പരിശീലനം നേടിയെടുക്കാനും സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ഈ ആറുമാസം അത്യധികം പ്രയോജനപ്രദമാക്കാം .മാർക്കറ്റിംഗ് സർവ്വേ വിപണനം എന്നീ കാര്യങ്ങളിലും ധാരണയിലെത്താൻ ഈ കാലഘട്ടം നമുക്ക് സഹായകമായി മാറും . ലൈസൻസ് , അത്യാവശ്യ രജിസ്ട്രേഷനുകൾ അടിസ്ഥാനസൗകര്യ വികസനങ്ങൾ എന്നിവയെല്ലാം ഇക്കാലയളവിൽ പൂർത്തിയാക്കാം .

മൂന്ന് . വിവിധമേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ദരുടെയും നോർക്ക റൂട്സ്, ക്ഷേമനിധി ബോർഡ് ഓഫീസറന്മാർ ,പ്രവാസി പ്രതിനിധികൾ എന്നിവരടങ്ങുന്ന ടാസ്ക് ഫോഴ്സിനു രൂപം നൽകാനും സംരംഭങ്ങൾക്ക് ആവശ്യമായ വിദഗ്ധ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭിക്കുവാൻ ഇത്തരമൊരു സമിതി ആവശ്യമാണെന്നുള്ളത് സർക്കാരുമായി ബന്ധപ്പെട്ട് അംഗീകരിപ്പിക്കാൻ നമുക്ക് സാധിക്കും . ഇക്കാര്യങ്ങൾക്കെല്ലാം നേതൃത്വപദമേറ്റെടുക്കാൻ ഇക്കാലയളവിൽ പ്രവാസി സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘവും യാഥാർത്ഥ്യമാകും .

(2018 ജൂലൈ സെപ്റ്റംബർ ലക്കത്തിൽ ഞാനെഴുതിയ 'പ്രവാസി ക്ഷേമ സഹകരണ സ്ഥാപനങ്ങൾ പ്രവാസി പുന:രധിവാസത്തിനും നാടിൻറെ പുരോഗതിക്കും ' എന്ന ലേഖനത്തിന് അനുബന്ധമായി ഈ കുറിപ്പിനെ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.) ■



കഥ

# സൈകതത്തിലെ കാക്കകൾ



സുലേഖ ജമാൽ

കിർർ........ കിർർർ.............

കിർർ................ കിർർർ.........

'ഹലോ'

'അതേയ്............... അബുദാബിയിൽ കാക്കയുണ്ടത്രെ!'

'എവിടെ'

'കോർണീഷിലാണത്രെ! ബ്രേക്ക് വാട്ടറിലാണെന്നും പറയുന്നുണ്ട്'.

അവള ഫോൺ താഴെവച്ച് ധൃതിയിൽ ബ്രേക്ക് വാട്ടറിലേക്ക് പുറപ്പെട്ടു.

അന്ന് അവൾ ഡയറിയിൽ എഴുതി.

നിനക്കോരു മുല്ലപ്പൂവ് തന്നതിനു ശേഷം അതിൽ ഒരൊറ്റ മുല്ലപ്പൂവു പോലും വിരിഞ്ഞില്ല' എന്ന് ഇന്നവൾക്ക് മാറ്റിയെഴുതേണ്ടിയിരിക്കുന്നു. അതിൽ നിറയെ മൊട്ടുകൾ വിരിഞ്ഞിട്ടുണ്ട്. ഇന്നും നാളെ യും മറ്റന്നാളുമൊക്കെയായി അവയെല്ലാം വിരിഞ്ഞു മണം പരത്തും. കുറെ ദിവസങ്ങൾക്കുശേഷം ഇന്നലെയാണ് അതിൽ ഒരു മുല്ലപ്പൂവ് വിരിഞ്ഞത്.

ഈ മുല്ലപ്പൂക്കളെല്ലാം വിരിഞ്ഞ് വാടി താഴെ വീണ് കിടക്കുന്നതു കാണാൻ അവൾക്കു ശക്തിയില്ല. ഒരു കുലയിൽ മുഴുവൻ പൂക്കളും വിരിയുകയാണെങ്കിൽ പറിച്ചെടുത്ത് മേശമേൽ വച്ചവെള്ളം അടക്കമുള്ള പൂപാത്രത്തിൽ വയ്ക്കും. വാടാതെ നാലഞ്ചു ദിവസത്തോളം ഇരിക്കും. വാടി വീഴുകയാണെങ്കിൽ തന്നെ മേശയുടെ മുകളിലാണല്ലൊ. ആ ചെടിയുടെ താഴെ മണ്ണിൽ വീണ് ചളി പുരണ്ട് കിടക്കേണ്ടല്ലൊ. മേശമേൽ നിന്നു തന്നെ വാടി വീണ മുല്ലപ്പൂക്കൾ എടുത്ത് അവൾ ഒരു കുഞ്ഞുകുടുക്കയിൽ കൊണ്ടിടും. ആ കുടുക്ക അവളുടെ ഒരു കൂട്ടുകാരി രാജസ്ഥാനിൽ നിന്ന് കൊണ്ടുകൊടുത്തതാണ്. ഇന്ന് അതിൽ നിറയെ കരിഞ്ഞ മുല്ലപ്പൂക്കളാണ്. അവളുടെ സ്വപ്നങ്ങളെപ്പോലെ.

വേണമെങ്കിൽ അപ്പോഴപ്പോൾ കൊണ്ടുപോയി കളയാമായിരുന്നു. അല്ലെങ്കിൽ പറിച്ചെടുക്കാതെ മണ്ണിൽ വീണലിയാൻ സമ്മതിക്കാമായിരുന്നു. അതിനൊന്നും ഇടം കൊടുക്കാതെ ഊതി കാച്ചിയ പൊന്നുപോലെ സൂക്ഷിച്ചു വച്ചിരിക്കുന്നു. മടയി, അവൾ എത്രനാളുകളായി അവന്റെ പദവിന്യാ സത്തിനായി കാതോർത്തിരിക്കാൻ തുടങ്ങിയിട്ട്. 'ഇതിൽ വിരിഞ്ഞതും വിരിയാത്തതുമായ മുല്ലപ്പൂക്കൾ കരിയാത്തതിനു മുൻപെയെങ്കിലും നീ വരില്ലേ?'.

അവൾ കണ്ണാടിയിൽ നോക്കി, അന്ന് കണ്ണാടിയിലൂടെ കണ്ടതവളോർത്തു. കവിളിൽ തണുത്ത പാടുകൾ. കഴുത്തിൽ നഖത്തിന്റെ പോറലുകൾ. ഒരിറ്റു കണ്ണുനീർ പോയിട്ട് ഒന്നു വിതുമ്പുക പോലും അവൾ ചെയ്തില്ല. അവൾ മുഖം തിരിച്ച് ജനാലയുടെ അടുത്തേക്ക് നീങ്ങി താഴത്തേക്ക് നോ ക്കി നിന്നു. അവിടെ ഒരു മൈന



കീറിയ പ്ലാസ്റ്റിക്ക് കവർ കൊത്തി പറിക്കുന്നു. കൊക്കി ലൊതുക്കി പറക്കാൻ ശ്രമിക്കുന്നു. കാറ്റിന്റെ കകളിൽ തട്ടി കുറച്ചു ദൂരത്തേക്ക് പറന്നു വീഴുന്നു ആ കവർ കൂടെ ചെന്ന് വീണ്ടും ശ്രമിക്കുന്നു. കുറച്ചു നേരത്തെ പരിശ്രമത്തിനുശേഷം മൈന എല്ലാം മതിയാക്കി അടുത്ത ബിൽഡിംഗിലേക്ക് പറന്നകന്നു. അന്ന് അവസാനമായി വന്ന ആ അവസരത്തിൽ അവൾ അവന് ഒരു മുല്ലപ്പൂവ് പൊട്ടിച്ചെടുത്ത് കൊടുത്തു. അവനതു വാങ്ങി സ്പർശിക്കാതെ ചുംബിച്ചു. നോവിക്കാതെ ചുംബിക്കാനും അവനറിയാമെന്ന് അവൾക്ക് മനസ്സിലായതും അന്നാണ്.

വന്നു കയറിയപ്പോൾ തന്നെ ചോദിച്ചു

'മുത്തേ..... എന്താ നിന്റെ കവിളിലീ പാട്? കഴുത്താകെ മുറിഞ്ഞിട്ടുണ്ടല്ലോ?'

'തഴുകി തലോടി കോരിതരിപ്പിക്കേണ്ട കൈകളുടെ ക്രിയവിക്രിയമാണെടാ കുട്ടാ.....'.

'നിന്റെ കൈയ്യിലിരിപ്പിന്റെ ഗുണം കൊണ്ടുതന്നെയായിരിക്കും'.

'അതെ നിങ്ങൾ പുരുഷവർഗ്ഗം ഇതു തന്നെ പറയു. ഒരുതരം അടക്കി ഭരിക്കാനുള്ള അഭിവാഞ്ജ. കീ കൊടുത്താൽ വർക്ക് ചെയ്യുന്ന പാവപോലെ. കാൽ കീഴിലിട്ട് ചവിട്ടി അരയ്ക്കാൻ ഒരു ജീവനുള്ള വസ്തു. ഒരു തെറ്റ് രണ്ടുപേരും ഒരേ പോലെ ചെയ്യുമ്പോൾ വിധി നിർണ്ണയിക്കുന്നതിൽ വകഭേദം. പ്രതികരിക്കുന്നതിലും പ്രതിഷേധിക്കുന്നതിലും വകഭേദം'.

'ഹൊ തുടങ്ങിയല്ലോ നിന്റെ വേദാന്തങ്ങൾ. രണ്ടുപേർക്കും നന്നായി ഈഗോ ഉണ്ട്. ആരും വിട്ടുകൊ ടുക്കില്ല. നിനക്ക് ഒന്നു വിട്ടുകൊടുത്താൽ എന്താ?'

'അതെ , അതുശരിയായിരിക്കാം. പക്ഷെ ഇന്നു ഞാൻ പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്നു. മൗനം പാലിച്ചിരുന്നെങ്കിൽ എന്റെ മുഖത്തീ പാടുകൾ ഉണ്ടാകുമായിരുന്നില്ല. പക്ഷെ എന്റെ മനസ്സിലെ പാടുകൾ കുന്നുപോലെ കൂമ്പാരമാകും. പണ്ട് ഞാനിങ്ങനെ ആയിരുന്നല്ലോ. ഇപ്പോഴെനിക്കു തോന്നുന്നു ഇതു പണ്ടേ ഞാൻ ചെയ്യേണ്ടതായിരുന്നുവെന്ന്. ഇന്നെനിക്ക് മുഖത്തെ പാടുകളുള്ളു, മനസ്സിലില്ല.'

'ആ...... അതൊക്കെ പോകട്ടെ. നീയിങ്ങോട്ട് അടുത്തേക്കിരി. എന്തിനാ വെറുതെ അതും ഇതും ഒക്കെ പറഞ്ഞ് നമ്മളുടെ മൂഡ് കളയുന്നത്?'

അവൾക്കവളോടു തന്നെ അറപ്പു തോന്നി. അവൾ മനസ്സിൽ ഒന്നുറപ്പിച്ചു. ഇത് അവസാനത്തേതായിരി ക്കും അവസാനത്തേത്.

മനുഷ്യ മനസ്സുകളെ വിശകലനം നടത്തിയാൽ അതൊരുരു ഊരാക്കുടുക്കാണെന്നേ കാണാൻ കഴിയൂ. സ്ത്രീയ്ക്കും പുരുഷനും ആകർഷിക്കപ്പെടുന്നത് ഹോർമോണുകളുടെ പ്രവർത്തനമാണത്രേ!. അതിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് വിളയാടുന്നു. പക്ഷെ ശരീരത്തിന്റെ മാത്രം ആവശ്യകതയെ മുൻ തൂക്കം നൽകുന്ന ഏതു ബന്ധവും അറപ്പുളവാക്കുന്നു. എന്നാൽ മനസ്സും ശരീരവും ഒന്നാകുന്നിടത്ത് എല്ലാം തളരുന്നു. ജീവിതം പിടിച്ചു നിറുത്താൻ ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകാൻ താലോ ലിക്കുന്ന ഇത്തരം സ്വപ്നങ്ങൾ അനിവാര്യമായിരിക്കുന്നു.

നിറുത്താതെയുള്ള ഫോണടി അവളുടെ രക്ഷക്കായി എത്തി, ഫോണിൽ സംസാരിച്ചു തിരിച്ചു വന്ന് അവൾ അവനോടു പറഞ്ഞു 'ഞാനെന്റെ മനസ്സിന്റെ കൂട്ടുകാരനുവേണ്ടി കാത്തിരിക്കുകയാണ്. നിനക്ക്...... നിനക്കോരിക്കലും അങ്ങിനെയാവാൻ കഴിയില്ല. നിനക്ക് ഞാനൊരു മുല്ലപ്പൂവ് തരാം. മൈന വീണ്ടും വന്നിരിക്കുന്നു. കറുത്ത പ്ലാസ്റ്റിക്ക് കവർ കുറെ ദൂരെ പാറിപ്പോയിരിക്കുന്നു. ബിൽഡിംഗുകളുടെ താഴെ പാദരക്ഷകൾ ഊരിവച്ച പോലെ വണ്ടികൾ നിറുത്തിയിട്ടിരിക്കുന്നു.

ഫോൺ ബെല്ല് മുഴങ്ങിയപ്പോൾ തിടുക്കപ്പെടാതെ ഫോണിന്റെയടുത്തേക്ക് നീങ്ങി അവൾ. ആ ചെറിയ കുടം കൊടുത്ത കൂട്ടുകാരിയായിരുന്നു വിളിച്ചത്. ഇടതു വശത്തുനിന്നും ഒരു ടാക്സി സിഗ്നലിടാതെ പെട്ടെന്നു കയറി, ബ്രേക്കിൽ പെട്ടെന്നു കാലുവച്ചു. പിന്നിൽ വളരെ അടുത്തായി വേറെ ഒരു ഫോർ വീലറും ഉണ്ട്. അവളുടെ വയറൊന്നു കാളി.

'ഹോ.... ഈ ടാക്സിക്കാർ......... ഒരു നിറം എവിടെയെങ്കിലും കണ്ടാൽ മതി അപ്പൊ ചവിട്ടും അവിടെ'. അവൾ പിറുപിറുത്തു.

അവരുടെ ജീവിത മാർഗ്ഗമാണത് എന്ന് ഓർക്കാറുണ്ടെങ്കിലും ഇടക്ക് ക്ഷമകെടും. 'എന്താണിവർക്ക് സിഗ്നലെങ്കിലും ഇട്ടുകൂടെ?'

റോഡിന്റെ ഇരുവശങ്ങളിലും പൂക്കൾ നിറഞ്ഞിരിക്കുന്നു. വലതുവശത്തായി സൈക്കിളിംഗിനും കാൽ നടയാത്രക്കാർക്കും പ്രത്യേകം സൗകര്യമുണ്ട്. സ്പോർട്ട് വെയർ ധരിച്ച ഒരു സ്ത്രീ നടക്കുന്നുണ്ട്, എന്നു തുടങ്ങിയതാണെന്നും ഇനി എത്രകാലം നടക്കേണ്ടി വരുമെന്നും ക്ലിപ്തമില്ല ആ തടി കണ്ടിട്ട് ചെടികൾ നനക്കുന്ന പട്ടാണിയുടെ കഴുത്ത് ഉളുക്കുമോ ആവോ?'

ബ്രേക്ക് വാട്ടറിന്റെ അറ്റത്തുള്ള പാർക്കിംഗിൽ കാർ നിറുത്തി. പുറത്തിറങ്ങി നോക്കി. കാക്കയെ കാ ണാനുള്ള തിടുക്കത്തിൽ. നാട്ടിൽ കാക്കകളെ ആട്ടിയോടിക്കുന്നവർ ഇവിടെ ഒരു കാക്കയെ കാണാ നുള്ള തിടുക്കം. പ്രവാസ ജീവിതത്തിൽ അനുഭവിക്കുന്ന ഗൃഹാതുരത്വത്തെ ഓർമ്മിപ്പിക്കുന്നു.

മാനത്ത് ഒരു പൊട്ടുപോലെ , ഒറ്റയായി, ഒരു പൊങ്ങുതടി പോൽ ഒരു കാക്ക, അത് കാക്ക തന്നെയായിരുന്നോ?

അവൾ തിരിച്ച് വീട്ടിലെക്ക് തന്നെ പുറപ്പെട്ടു. ഇടതു വശത്ത് പട്ടാണികൾ കൊറ്റിപോലെ...... എത്രനേരം വേണമെങ്കിലും അവർ ഇതേ ഇരുത്തം ഇരിക്കും. ഇടതു വശത്തേക്ക് സിഗ്നലിട്ട് അവൾ ഫ്ളാറ്റിലേക്കുള്ള വഴിയിലെക്ക് തിരിഞ്ഞു. അവളുടെ താമസസ്ഥലത്തിന്റെ നേരെ പിന്നിലായി അടച്ചിട്ട ഒരു മറവു സ്ഥലമുണ്ട്. ആ വഴിയിലൂടെ അവൾ നീങ്ങവെ അവളുടെ കണ്ണുകളെ പോലും വിശ്വസി ക്കാനാവാത്ത ആ കാഴ്ച അവൾ കണ്ടു. ആ മറവു സ്ഥലം വളച്ചുകെട്ടിയ മതിലിന്റെ അരികിലായി രണ്ടു കാക്കകൾ. അവൾ വണ്ടി പതുക്കെ ആക്കി ഓടിച്ചു പിന്നിൽ വണ്ടി ഉള്ളതിനാൽ നിറുത്താ നാവാതെ പോരേണ്ടി വന്നു.

പിന്നീട് പല തവണയും ആ വഴിയിലൂടെ സഞ്ചരിച്ചു. വീണ്ടും എന്നെങ്കിലുമൊരിക്കൽ ആ കാക്കകളെ കണ്ടുമുട്ടുമെന്നും, കാക്കകളെ കണ്ടതിന് സാക്ഷികളെ ഉണ്ടാക്കാൻ കഴിയുമെന്നും ഉള്ള വിചാര ത്തോടെ......

■





# പ്രവാസി സംഘം പഠനക്യാമ്പ് കാലിക പ്രാധാന്യം

**പി. കെ അബ്ദുള്ള**
*കൺവീനർ*
*പഠന പരിശീലന സബ്കമ്മിറ്റി*

**കേ**രള പ്രവാസി സംഘം സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം ജൂലൈ 15-16 തീയതികളിലായി തിരുവനന്തപുരം ഇ എം എസ് അക്കാദമിയിൽ പ്രവാസി സംഘം സംസ്ഥാന ജില്ലാ നേതാക്കൾക്ക് നൽകുന്ന പഠനം ഏറെ കാലിക പ്രസക്തമാണ് പ്രവാ സി ജീവിതം ഏറെ സങ്കീർണ്ണവും ദുസ്സഹമായതും അങ്ങേയറ്റം സംഘർഷഭരിതവുമായ കാലത്തു പ്രവാസികളെ നയിക്കുന്ന നേതൃത്വം ഒട്ടു വളരെ അവഗാഹമുള്ളവരും പരിണിത പ്രഞ്ജാരുമാവണം പ്രവാസി കലാ സാഹിത്യം സംസ്കാരം രാഷ്ട്രീയം സാമ്പത്തികമേഘലയിലൂന്നിയ ക്യാമ്പാണ് നേതാക്കൾക്ക് നൽകുന്നത് ചിരിയും ചിന്തയും സഹവാസ സമീപനം ഈ ക്യാമ്പ് മുന്നോട്ട് വെക്കുന്ന ആശയങ്ങൾ. കേരളത്തിലെ പ്രഗത്ഭരായ അധ്യാപകർ ക്ലാസ്സ് കൈകാര്യം ചെയ്യുന്നു സാംസ്കാരിക രംഗത്ത് പ്രഗത്ഭനായ സി പി ഐ എം പോളിറ്റ് ബ്യൂറോ അംഗമായ എം എ ബേബി ക്യാമ്പ് ഉദ്ഘാടനം ചെയ്യും. പ്ലാനിംഗ് ബോർഡ് അംഗം ഹരിലാൽ ഡോക്ടർ സിദ്ദിഖ് തുടങ്ങിയവർ ക്ലാസ്സ് കൈകാര്യം ചെയ്യും പ്രവാസി കലകളും സംസ്കാരവും സാഹിത്യത്തിലൂന്നിയ സാമ്പ ത്തിക രാഷ്ട്രീയം ഒട്ടേറെ വെല്ലുവിളി ഉയർത്തുന്ന ഇക്കാലത്തു ഇത്തരം വിഷയത്തിൽ നേതൃത്വം അവഗാഹമുള്ളവരായിരിക്കണം പ്രവാസി സമൂഹം നഷ്ടപ്പെടലിന്റെയും തിരി ച്ചു വരവിന്റെയും പടി വക്കത്താണ്. അരാഷ്ട്രീയ മാനസ ശരിയായ രാഷ്ട്രീയ കാഴ്ച പാടും പ്രവാസി സമൂഹത്തിന്റെ ഭാവി ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. 40 വർഷം പിന്നിടുന്ന ജമീലിന്റെ കത്ത് പാട്ടും ആധുനിക കാലത്ത് ബെന്യാമിന്റെ ആട് ജീവിതവും സമകാലിക പ്രവാസി ജീവിതത്തിലെ സത്യമായ നാളുകളെ വരച്ചു കാണിക്കുന്നു. സ്വയം സമർപ്പിച്ചു ജീവിതം ഉരുകി തീർത്തു സമൂഹത്തിനു സാമ്പത്തിക അഭിവൃദ്ധി നൽകി കഷ്ടത നിറഞ്ഞ കാലത്തെ വകഞ്ഞു മാറ്റി ചിരിയുടെ ലോകത്തേക്ക് സമൂഹത്തെ വളർത്തി എങ്കിലും പ്രവാസം വിട ചൊല്ലുമ്പോൾ കാൽകാശിന് വകയില്ലാതെ എല്ലാം കൈയയച്ചു പകുത്തു നൽകിയവരുടെ പുനരധിവാസം നാടിന്റെ കടമയാണ് ഈ കടമ നിർവഹിക്കാൻ അവരുടെ നിക്ഷേപം ശരിയായ വഴിക്ക് തിരിച്ചു വിടണം പ്രത്യുൽ പ്പാദന സുരക്ഷിത പാതയിൽ ഇവരുടെ നേതൃത്വമായ പ്രവാസി സംഘത്തിന്റെ നേതാ ക്കൾ ഒത്തു ചേരും സിനിമ കലാസാംസ്കാരിക സന്ധ്യ 15 ന് സംഘടിപ്പിക്കും ഇന്നലെ കളുടെ മൂടുപടം മുറിച്ചിട്ട് നാളെയുടെ പുലരിക്കായി 2002 മുതൽ ഇടതടവില്ലാതെ ജാതി, മതം, രാഷ്ട്രീയം അതുക്കും മേലെ മാനവിക മൂലയം മുറുകെ പിടിച്ചു ഇതിഹാസ തുല്യമായ നേട്ടം കൈവരിച്ചു പ്രവാസിക്ക് ആളും അർത്ഥവും നൽകി പ്രയാണം തുടരുമ്പോൾ നല്ല വഴികാട്ടിയാവും ഈ ത്രിദിന നേതൃത്വ പഠന ക്യാമ്പ്. ■



പ്രവാസം



എം.എം. നഈം
സൗദി അറേബ്യ

# വേണം നമുക്കും ഒരു പ്രവാസി അക്കാദമി

**കേ**രളത്തെ പോറ്റുന്നതിൽ കേരളത്തിന് പുറത്ത് ജോലിചെയ്യുന്നവരുടെ സംഭാവന വിവരിക്കേണ്ടതില്ല ല്ലോ. ജനസന്ദ്രതയുള്ള കേരളത്തിൽ ജോലിയുടെ അ വസരങ്ങൾ തുലോം വിരളമാണ്. അതുകൊണ്ട് തന്നെ കേരളത്തിന് പുറത്ത് ജോലി എന്നത് ഒരു മലയാളിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. അഭ്യസ് തവിദ്യക്കാരാൽ നിറഞ്ഞ് നിൽക്കുന്ന കേരളത്തിൽ ഇ ക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ വേണ്ടത്ര വന്നിട്ടില്ല എന്നതാണ് മറുവശം. കേരളത്തോളം വിദ്യാപരതയിൽ നിൽക്കുന്ന ഒരു സമൂഹം, ലോകത്തിന്റെ എല്ലാ ഭാഗ ത്തും വ്യാപിച്ചിരിക്കുന്ന മലയാളികൾ എന്നത് സാഹ ചര്യങ്ങളെ ഫലപ്രദമായി ഉപയോഗിക്കാവുന്ന അനുകൂ ല ഘടകങ്ങളാണ്.

നിലവിൽ ജോലിയാവശ്യാർത്ഥം വിദേശത്തേക്ക് പോകുന്നതിനു മലയാളികൾക്ക് ആശ്രയിക്കാവുന്ന ര ണ്ട് സ്ഥാപനമാണ് ഉള്ളത്. ഒഡാപ്പക്കും (Overseas Development and Employment Promotion Consultants) നോർക്ക റൂട്ട്സും, റിക്രൂട്ട്മന്റ് നടത്താൻ അനുവാ ദമുള്ള രണ്ട് സ്ഥാപനങ്ങൾ സർക്കാരിന്റെ സാമ്പ്രദായി ക രീതിയിൽ നിന്നും മാറി കാലഘട്ടം ആവശ്യപ്പെടുന്ന അവസരങ്ങളെ ജനങ്ങൾക്ക് മുന്നിൽ എത്തിക്കു ന്നതി ന് ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല എന്നതാണ് ഏ റെ ഖേദകരം.

കേരളത്തിലെ തൊഴില്ലായ്മ പരിഹരിക്കുന്നതിന് (തൊഴിൽ നൽകുന്നതിന്) നമുക്ക് ഏറെ പരിമിതികൾ ഉണ്ട്. ആ അവസരത്തിലാണ് ലോകത്തിന്റെ വിവിധ ഭാ ഗങ്ങളിൽ തൊഴിൽ അവസരങ്ങൾ മലയാളിയുടെ മു ന്നിൽ എത്തിച്ച് അവന്റെ തൊഴിൽരഹിത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നത്. അതിന് സാമ്പ്രദായിക മാർ ഗ്ഗങ്ങൾക്കപ്പുറം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ തൊഴിൽ സംസ്കാരവും, തൊഴിൽ മേഖലയിലെ ഡി മാന്റും അതി ലേക്ക് മലയാളിക്ക് എത്തിച്ചേരാൻ കഴിയു ന്ന നിപുണതയും നൽകാൻ കഴിയണം.

ഓരോ വ്യക്തിയും തന്നിഷ്ട പ്രകാരം ജോലി തേടി പോകുന്ന അവസ്തയിൽ നിന്നും സ്റ്റേറ്റ്, ലോക സാഹ ചര്യങ്ങളെ സസൂക്ഷ്മം പരിശോധിച്ച് അർഹിക്കുന്നവർ ക്ക് നൽ കാൻ കഴിയുന്ന രൂപത്തിൽ വളരണം. അതിനാ യി പ്രവാസി അക്കാദമി സ്ഥാപിക്കു കയും തൊഴിലധി ഷ്ഠിത വിദ്യാഭ്യാസത്തോടൊപ്പം സാർവ്വ ദേശീയ രംഗ ത്തെ സാധ്യത കളും ലോകതൊഴിൽ രംഗത്തെ സംഭവ ഗതികളും മാറി മാറി വരുന്ന അതാത് രാജ്യ ത്തെ സാ മ്പത്തിക വിനിമയ പരിഷ്കാരങ്ങളും സൂക്ഷമായി പരി ശോധിക്കാൻ കഴിയുന്ന പ്രവാസി അക്കാദമിയും ഉയർ ന്ന് വരേണ്ടതുണ്ട്.

ലോക വിപണി കീഴടക്കുന്ന പുതിയ ലോകക്രമ ത്തിൽ തൊഴിൽ മേഖലയിൽ ക്രിയാത്മകമായി ഇടപെ ടാൻ കഴിയുന്ന ഒരു സംസ്ഥാനമായി മാറാന് നമുക്ക് ക ഴിഞ്ഞാൽ അത് വഴി വലിയൊരു ശതമാനം യുവാക്കൾ ക്ക് ജീവിതം സുരക്ഷിതമാക്കാനും തുടർന്ന് സംസ്ഥാന ത്തിന് സാമ്പത്തിക പുരോഗതി കൈവ രിക്കാനും സാ ധിക്കും.

പ്രധാനമായും ഗൾഫ് തൊഴിലിനെ ആശ്രയിച്ചാണ് മലയാളിയുടെ പ്രവാസം ഇന്നാൾ വരെ ഉണ്ടായിട്ടുള്ള ത്. എന്നാൽ സ്വദേശിവൽ ക്കരണവും തൊഴിൽ പരിഷ് കരണവുമണ് മലയാളിയുടെ ഗൾഫ് സിൻഡ്രോമിന് മ ങ്ങലേറ്റിട്ടുള്ളത്. പുതിയ സാഹചര്യത്തിൽ പ്രവാസത്തി ന്റെ പുതിയ തലങ്ങൾ, പുതിയ മേഖലകൾ, പുതിയ തൊഴിലിടങ്ങൾ എന്നിവയെല്ലാം മലയാളിക്ക് പ്രാപ്യമാ കുന്ന അക്കാദമിയെകുറിച്ച് ചിന്തിക്കാൻ സമയമായി.■

ചരിത്രം



# ഇന്ത്യൻ ഭരണഘടനയിലെ മതനിരപേക്ഷത

പ്രൊഫ. ഡോ. ഓമന റസ്സൽ

ഇന്ത്യയുടെ ഹൃദയമിടിപ്പായി കരുതപ്പെടുന്ന 300 പേജോളം വരുന്ന ഇന്ത്യൻ ഭരണഘടന ലോകത്തിലെ ഏറ്റവും വലിയ ഭരണഘടനയെന്ന ഖ്യാതി നേടിയ ഭരണഘടനയാണ്. ഇന്ത്യൻ ജനതയുടെ ആദർശാഭിലാഷങ്ങളുടെ രൂപമായ ഈ ഭരണഘടന ഇന്ത്യാ മഹാരാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കാൻ ചുമതലയുള്ള ഗവൺമെന്റിന്റെ സംവിധാനത്തെപ്പറ്റിയുള്ള രേഖയാണ്. ഇന്ത്യൻ ഭരണഘടനയ്ക്ക് 22 ഭാഗങ്ങളും 395 വകുപ്പുകളും 12 പട്ടികകളും 103 ഭേദഗതികളും ഉണ്ട്.

മതം രാഷ്ട്രത്തിന്റെ ഐക്യം തകർക്കുകയും മതാടിസ്ഥാനത്തിൽ 1947 ൽ ഇന്ത്യയും പാക്കിസ്താനും പിറവിയെടുക്കുകയും ചെയ്ത പ്രത്യേക സാഹചര്യത്തിൽ പാക്കി സ്താൻ ഇസ്ലാമിക രാഷ്ട്രമായി മാറിയപ്പോൾ വേണമെങ്കിൽ ഹിന്ദുസ്ഥാൻ എന്ന പേരിൽ ഇന്ത്യയെ ഹൈന്ദവ രാഷ്ട്രമാക്കാമായിരുന്നു. എന്നാൽ ഭരണഘടന ശില്പിയും ധീക്ഷ ണാശാലിയും ആയിരുന്ന ഡോ. ഭീം റാവു റാംജി അംബ്ദ്കറുടെയും നെഹ്റുവിന്റെയും മറ്റും ദീർഘവീക്ഷണത്തിന്റെ ഫലമായിട്ടായിരുന്നു ഇന്ത്യ മതേതര രാഷ്ട്രമായി തീർന്നത്. ഇന്ത്യൻ ഭരണഘടനയിലെ 25-28 വരെ വകുപ്പുകളിൽ മത സ്വാതന്ത്ര്യത്തിനും മത പ്രചാരണത്തിനുമുള്ള അവകാശം പൗരന്മാർക്ക് നൽകിക്കൊണ്ട് ജനാധിപത്യമെന്ന മൂല്യം അർത്ഥസമ്പുഷ്ടമാക്കാനുള്ള യത്നമാണ് ഭരണഘടന നിർമ്മാതാക്കളിൽ നിന്നുമുണ്ടായത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പ്രഥമ നേട്ടമായി ചൂണ്ടിക്കാണിക്കാനുള്ളത് നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, എന്നീ ആദർശങ്ങളിലധിഷ്ഠിതമായ ഒരു ബൃഹത് ഭരണഘടനയുടെ നിർമ്മാണമാണ്. ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭരായ ഡോ. അംബേ ദ്കർ, ജവഹർലാൽ നെഹ്റു, ഡോ, രാജേന്ദ്രപ്രസാദ്, സർദാർ വല്ലഭായ് പട്ടേൽ തുടങ്ങി യ ധിഷണാശാലികളുടെ ദീർഘകാലത്തെ അക്ഷീണ പരിശ്രമഫലമായാണ് നമ്മുടെ ഭരണഘടന യാഥാർത്ഥ്യമായത്. 1947-ൽ ഇന്ത്യ സ്വതന്ത്രയാകുന്നതിനു മുമ്പ് ഇന്ത്യയെന്നും പാക്കിസ്ഥാനെന്നും വിഭജിച്ചു കൊണ്ട് രണ്ടു രാജ്യങ്ങൾ പിറവിയെടുത്തു.

1946-ലാണ് ഇന്ത്യയ്ക്ക് ഭരണഘടന എഴുതിയുണ്ടാക്കുന്നതിനുവേണ്ടി ഭരണഘടനാ നിർ മ്മാണ സഭ രൂപീകരിച്ചത്. ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകളിൽ നിന്നുള്ള 292 അംഗങ്ങളും നാട്ടുരാജ്യങ്ങളിലെ പ്രതിനിധികളായി 93 അംഗങ്ങളും കൂടി ആകെ 385 അംഗങ്ങളായി രുന്നു ഭരണഘടനാ നിർമ്മാണ സഭയിൽ ഉണ്ടായിരുന്നത്. ഈ ഭരണഘടനാ നിർമ്മാണ സഭയിൽ ഉണ്ടായിരുന്നത്. ഈ ഭരണഘടനാ നിർമ്മാണസഭ അക്കാലത്ത് ബ്രിട്ടീഷ് പാർലമെന്റിന്റെ പരമാധികാരത്തിന് വിധേയമായിരുന്നതിനാൽ പരമാധികാരമുള്ള ഒരു സഭയായിരുന്നില്ല. എന്നാൽ 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതോടു കൂടി ഇതൊരു പരമാധികാരമുള്ള ഭരണഘടനാ നിർമ്മാണ സഭയായി മാറി, ഭരണഘടനാ നിർമ്മാണ സഭയുടെ അദ്ധ്യക്ഷൻ ഡോ. രാജേന്ദ്ര പ്രസാദായിരുന്നു.

ഡോ. ബി ആർ അംബേദ്കർ അദ്ധ്യക്ഷനായുള്ള കരടെഴുത്തു കമ്മറ്റിയായിരുന്നു ഇ ന്ത്യൻ ഭരണഘടനയുടെ നക്കൽ തയ്യാറാക്കിയത്. അല്ലാടി കൃഷ്ണസ്വാമി അയ്യർ, കെ. എം.മുൻഷി, എൻ. ഗോപാലസ്വാമി അയ്യങ്കാർ. ടി.ടി.കൃഷ്ണമാചാരി തു

ടങ്ങിയ അംഗ ങ്ങൾ ഇന്ത്യൻ ഭരണഘടന എഴുതിയുണ്ടാക്കുന്നതിൽ അംബേദ്കറെ സഹായിച്ചു.

ഭരണഘടനാ നിർമ്മാണസഭയുടെ പ്രഥമ സമ്മേളനം 1946 ഡിസംബർ 9-ാം തീയതിയാ യിരുന്നു. അതിനുശേഷം ഭരണഘടന എഴുതിയുണ്ടാക്കി അന്തിമരൂപത്തിലാക്കാൻ 2 വർ ഷവും 11 മാസവും 17 ദിവസവും വേണ്ടി വന്നു. ഇതിനിടയിൽ 11 പ്രാവശ്യം സമ്മേളിച്ച് 165 ദിവസം ചർച്ചകൾ നടത്തുകയുണ്ടായി. ഭരണഘടന പാസ്സാക്കി അംഗീകരിച്ചത് 1949 നവംബർ 26-ാം തീയതി ചേർന്ന ഭരണഘടനാ നിർമ്മാണ സഭ സമ്മേളനത്തിൽ വച്ചായിരുന്നു. എന്നാൽ 1930 ജനുവരി 26-ാം തീയതി ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാസ്സാ ക്കിയ പൂർണ്ണ സ്വരാജ് ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രമേയത്തിന്റെ 20-ാം വാർഷിക ദിന മായ 1950 ജനുവരി 26-ാം തീയതിയാണ് ഭരണഘടന നിലവിൽ വന്നത്. അങ്ങനെ ഇന്ത്യ ഒരു പരമാധികാര ജനകീയ റിപ്പബ്ലിക്കായി.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

ഭരണഘടനയുടെ താക്കോൽ എന്നും തിരിച്ചറിയൽ കാർഡ് എന്നും ഹൃദയവും ആത്മാവുമെന്നും മറ്റും വിശേഷിപ്പിക്കപ്പെടുന്ന ആമുഖം മൗലിക മൂല്യങ്ങളായ സോഷ്യലിസം, മതേതരത്വം, ജനാധിപത്യം, തുല്യനീതി, സമത്വം, സാഹോദര്യം തുടങ്ങിയവയിൽ അധിഷ്ഠിതമാണെന്ന് കാണാം. "ഇന്ത്യയിലെ ജനങ്ങളായ ഞങ്ങൾ, ഇന്ത്യയെ ഒരു പരമാ ധികാരം സോഷ്യലിസ്റ്റ്, മത നിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംഘടിപ്പിക്കുന്ന തിനും, അതിലെ പൗരന്മാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിക്കും ചിന്തയ്ക്കും ആശയപ്രകാശനത്തിനും മത വിശ്വാസത്തിനും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും സ്ഥിതിസമത്വം, അവസര സമത്വം എന്നിവയും നേടിക്കൊടുക്കുന്ന തിനും എല്ലാവർക്കുമിടയിൽ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അവിഭാ ജ്യതയും ഉറപ്പു നൽകിക്കൊണ്ട് സാഹോദര്യം വളർത്തുന്നതിനും, ഇന്ന് 1949 നവംബർ ഇരുപത്തിയാറാം തീയതി ഞങ്ങളുടെ ഭരണഘടനാ നിർമ്മാണസഭയിൽ സഗൗരവം തീരുമാനിച്ചിട്ടുള്ളതനുസരിച്ച് ഇതിനാൽ ഈ ഭരണഘടന അംഗീകരിച്ചുകൊള്ളുകയും അത് നിയമമാക്കിത്തീർത്ത് ഞങ്ങൾ തന്നെ നൽകിക്കൊള്ളുകയും ചെയ്യുന്നു. 'ഭരണഘ ടനയുടെ 42-ാം ഭേദഗതി പ്രകാരം 1976-ൽ ആമുഖത്തിൽ സോഷ്യലിസവും മതനിരപേ ക്ഷതയും എന്ന ആശയങ്ങൾ കൂടി കൂട്ടിച്ചേർക്കപ്പെട്ടു.

ചില അടിസ്ഥാനതത്വങ്ങളെ ആസ്പ ദമാക്കി ഒരു ഭരണകൂടം കെട്ടിപ്പടുക്കാനാണ് ഓരോ ഭരണഘടനയും ശ്രമിക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറയായി നിലകൊ ള്ളുന്ന ഒരു ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളാണ് ജനങ്ങളുടെ പരമാധികാരം, സോഷ്യലിസം, മതനിരപേക്ഷത, മൗലികാവകാശങ്ങൾ, നിർദ്ദേശക തത്വങ്ങൾ, സ്വതന്ത്ര നീതിന്യായ വ്യവസ്ഥ, ഫെഡറൽ സമ്പ്രദായം മുതലായവ. ഈ അടിസ്ഥാന പ്രമാണ ങ്ങൾ രൂപപ്പെടുത്തുന്നതിൽ ഭരണഘടനാ ശില്പിയായ അംബേദ്കറുടെ ബഹുമുഖപ്ര തിഭ വലിയ സംഭാവനയാണ് നൽകിയത്. ■

KPJS
കാവിലുംപാറ പ്രവാസി ജനകീയ സൂപ്പർമാർക്കറ്റ്
തൊട്ടിൽപാലം
കാവിലുംപാറ പ്രവാസി
ജനകീയ സൂപ്പർ മാർക്കറ്റ്
ഫെഡറൽ ബാങ്ക് ബിൽഡിംഗ് തൊട്ടിൽപ്പാലം
9207 99 22 88



# "പതിനേഴാം ലോകസഭ തിരഞ്ഞെടുപ്പിന്റെ ബാക്കി പത്രം"

**സുരേഷ് പരുമല**

പതിനേഴാം ലോകസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ബി.ജെ.പി. ബഹുഭൂരിപക്ഷം സീറ്റുകളും കരഗതമാക്കി. രണ്ടാംഘട്ടവും ശ്രീ.നരേന്ദ്രമോദി ഇന്ത്യയുടെ പ്രധാനമന്ത്രിയായി. ഇന്ത്യയുടെ പ്രധാനമന്ത്രി പദത്തിന്റെ ആദ്യ ഊഴത്തിൽ അനുഭവിച്ച ദുരിതം എത്ര ഭയാനകവും ഭീതിജനകവുമായിരുന്നു. മതനിരപേക്ഷ ജനാധിപത്യത്തെ കശാപ്പു ചെയ്യുന്നതിൽ ഇവർ വിജയിച്ചു.

കോടികൾ മുടക്കി ഇന്ത്യൻ ജനാധിപത്യത്തെ വിലയ്ക്കു വാങ്ങാൻ ബി.ജെ.പി.ക്ക് സാധിച്ചു. ഭരണഘടന സ്ഥാപനങ്ങളെ നിഷ്ക്രിയമാക്കിയും, വോട്ടിംഗ് മെഷീനിൽ കൃത്രിമം കാട്ടിയും രണ്ടാമൂഴത്തിൽ ശ്രീ. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ എൻ.ഡി.എ. മുന്നണി അധികാരമേറ്റത്. ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കി മാറ്റുകയെന്ന ദൗത്യത്തിന് ഊർജ്ജം പകരുന്ന വിജയമാണ് ബി.ജെ.പി.ക്ക് ലഭിച്ചത്. അതിനടുത്ത് അതിശക്തമായ ഇടപെടലുകളാണ് ബി.ജെ.പി.യും പ്രധാനമന്ത്രിയും നിർവ്വഹിക്കുന്നതെന്ന് സമീപകാല സംഭവങ്ങൾ ബോധ്യപ്പെടുത്തുന്നത്.

'കോൺഗ്രസ്സ് വിരുദ്ധ ഭാരതം' ആണ് താങ്ങളുടെ ലക്ഷ്യമെന്ന് ബി.ജെ.പി. അദ്ധ്യക്ഷൻ ശ്രീ. അമിത് ഷായും (ഇപ്പോഴത്തെ ആഭ്യന്തര മന്ത്രി), പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയും പ്രഖ്യാപിച്ചത്. അത് പ്രാവർത്തികമാക്കാൻ ശ്രീ. അമിത് ഷായെ കേന്ദ്രത്തിൽ ആഭ്യന്തര മന്ത്രിയാക്കിയത്.

കോൺഗ്രസ്സ് ജനപ്രതിനിധികളെ പ്രലോഭനങ്ങൾ നല്കി വിലയ്ക്കു വാങ്ങാൻ കഴിയുമെന്ന് ബി.ജെ.പി.യ്ക്ക് ബോദ്ധ്യപ്പെട്ടിരുന്നു. മറ്റ് പാർട്ടികളിൽനിന്നും നേതാക്കന്മാരെ കൂട്ടത്തോടെ തങ്ങളിലേക്ക് കൊണ്ടുവരാൻ കഴിയുന്നുവെന്നതും ജനാധിപത്യത്തിന് അപമാനകരമാണ്.

ഭയലേശമെന്യേ തങ്ങളുയർത്തിയ ഹിന്ദുത്വ അജണ്ട വേഗം നടപ്പിലാക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ബി.ജെ.പി.ക്കുണ്ട്. സമീപഭാവിയിൽതന്നെ കർണ്ണാടകയും, രാജസ്ഥാനും, മദ്ധ്യപ്രദേശും, ബംഗാളും കീഴടക്കാൻ ബി.ജെ.പി.ക്ക് കഴിയുന്ന സാഹചര്യമാണുള്ളത്. എല്ലാ ജനാധിപത്യ വിരുദ്ധമാർഗ്ഗങ്ങൾ സ്വീകരിച്ച് കാലുമാറ്റവും കൂറുമാറ്റവും പ്രോത്സാഹിപ്പിച്ച് ഭരണം കൈപ്പിടിയിലൊതുക്കുന്നു. തീവ്രമായ വർഗ്ഗീയ വികാരമിളക്കി ജനങ്ങളെ ഭിന്നിപ്പിക്കുന്നു. ബഹുഭാഷാ സംസ്കാരവും, വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളും നിലനില്ക്കുന്ന വ്യത്യസ്ത ദേശീയതകൾ ഉൾക്കൊള്ളുന്ന രാജ്യത്തെ - 'നാനാത്വത്തിൽ ഏകത്വമായ നാടിനെ' ഏകാത്മക രാജ്യമാക്കാനുള്ള ശ്രമത്തിന് ശക്തി പകരുന്ന നയമാണ് ഭരണവർഗ്ഗം സ്വീകരിക്കുന്നത്. എല്ലാത്തിനേയും 'ഉൾക്കൊള്ളുകയെന്ന' കാഴ്ചപ്പാടിനന്ത്യം കുറിക്കുന്നു; പലതിനേയും "പുറന്തള്ളുകയെന്ന" നയം സ്വീകരിച്ച്, ഐക്യവും അഖണ്ഡതയും ഇല്ലാതാക്കുന്നു.

പാർലമെന്റിൽ പ്രിതപക്ഷ കക്ഷികൾ നാമമാത്രമാണുള്ളത്. ശക്തവും, ആർജ്ജവവുമുള്ള പ്രതിപക്ഷമില്ലാത്തതിനാൽ ഭരണപക്ഷം ഏകാധിപത്യത്തിലേക്കും, ഫാസ്സിസ്സത്തിലേക്കും അതിവേഗം കുതിക്കും. ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾ തിരസ്ക്കരിക്കുയും വൈകാരിക വിഷയങ്ങളുയർത്തി ജനശ്രദ്ധ തിരിച്ചുവിടുകയും ചെയ്യുന്നു.

മതനിരപേക്ഷ ജനാധിപത്യ പാർട്ടികൾ പാർലമെന്റിൽ ശോഷിച്ച സാഹചര്യമാണുള്ളത്. വലിയ ജനാധിപത്യപാർട്ടിയായ കോൺഗ്രസ്സിന്റെ സ്ഥിതി വളരെ പരിതാപകരമായിക്കൊണ്ടിരിക്കുന്നു. പ്രസിഡന്റ് രാജിവച്ചിട്ട് പകരമൊരു നേതാവിനെ പ്രസിഡന്റാക്കാൻ കഴിയുന്നില്ല.

നാഥനില്ലാത്ത അവസ്ഥ! വലിയ പാരമ്പര്യവും, ദേശീയ പ്രക്ഷോഭത്തിന്റെ ചാലകശക്തിയുമായ പാർട്ടി, ദശാബ്ദങ്ങളോളം ഇന്ത്യൻ ഭരണവർഗ്ഗമായ പാർട്ടി, അതിന്റെ അവസാന നാളുകളിലേക്ക് എത്തുന്നു. ബി.ജെ.പി.യേക്കാൾ, തീവ്ര ഹിന്ദു സമീപനം സ്വീകരിക്കുന്ന നേതാക്കന്മാരാണ് ഇപ്പോൾ കോൺഗ്രസ്സിനെ നയിക്കുന്നതും നിയന്ത്രിക്കുന്നതും. സ്വാതന്ത്ര്യ സമരത്തിലൂടെ ഉയർന്നുവന്ന ദേശീയതയും മതനിരപേക്ഷ ജനാധിപത്യവും വലിയ വെല്ലുവിളി നേരിടുന്നു. ഇത് താല്ക്കാലികമാകാം.

ഇന്ത്യയിലെ ബഹുഭൂരിപക്ഷം കർഷകരും, തൊഴിലാളികളും, ഇതര സാധാരണക്കാരും ഉൾക്കൊള്ളുന്ന ഒരു സമരൈക്യ - പ്രസ്ഥാനം രൂപംകൊള്ളാൻ സാധ്യതയുണ്ട്. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ രൂപംകൊള്ളുന്ന ഈ പ്രസ്ഥാനത്തിന്റെ രൂക്ഷമായ ബഹുജന പ്രക്ഷോഭങ്ങൾ ഇന്ത്യയുടെ ഭാവിനിർണ്ണയിക്കാം. ആഗോളവല്ക്കരണ - സ്വകാര്യവല്ക്കരണ നയങ്ങൾക്കും, കോർപ്പറേറ്റ് വല്ക്കരണത്തിനും എതിരായ പോരാട്ടം ശക്തിപ്പെടുത്തി ജനങ്ങളുടെ ഐക്യവും. ശക്തിയും വളർത്തിയെടുക്കണം. താല്ക്കാലികമായ യാതൊരു പരിഹാരവും ഫാസ്സിസ്സത്തിലില്ല. സുദൃഢവും സുദീർഘവുമായ കർഷക - തൊഴിലാഴി പ്രക്ഷോഭങ്ങളിലൂടെ വളരുന്ന സമരൈക്യപ്രസ്ഥാനത്തിന് ഇന്ത്യയിൽ ഭാവിയുണ്ട്. ■

# ലോക കേരള സഭ
# ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി അംഗങ്ങൾ

### തിരുവനന്തപുരം

**കെ. പി. ഇബ്രാഹിം**, ഷജീർ മൻസിൽ, കടമ്പ്ര, ഉഴനാട് പി. ഒ, തിരുവനന്തപുരം

**അനിതകുമാരി ഡി**, വടക്കേവിള വീട്, കീഴാവൂർ പി. ഒ, തിരുവനന്തപുരം

**പി. സി. വിനോദ്,** ടി.സി. 11/509, ഉല്ലാസം, എൻ.ആർ.എ-36, നന്തൻ നഗർ, നന്തങ്കോട്, കവടിയാർ പി. ഒ, തിരുവനന്തപുരം

### കൊല്ലം

**അബ്ദുൽ റഷീദ്,** ആർ. ആർ. മൻസിൽ,

കടപ്പ, മൈനാഗപ്പള്ളി പി. ഒ, കൊല്ലം.

**ആർ. ശ്രീകൃഷ്ണപിള്ള,** അരിനെല്ലൂർ വീട്, മെടുമ്പന പി. ഒ, കൊല്ലം-691576.

**നന്ദിനി ജി,** സന്ധ്യാസദനം, കാഞ്ഞവേലി പി. ഒ, കൊല്ലം-691602.

### പത്തനംതിട്ട

**പീറ്റർ മാത്യു,** വല്ല്യത്ത്, കല്ലുങ്കൽ പി. ഒ, തിരുവല്ല-689102

**സുധാരഞ്ചൻ,** ശ്രീമംഗലം, മല്ലശ്ശേരി പി. ഒ, പ്രമാടം, പത്തനംതിട്ട.

**സജി ജോൺസൺ,** ഇട്ടിയാം പറമ്പിൽ, ജിബേ വില്ല, വളഞ്ഞവട്ടം പി. ഒ, തിരുവല്ല. പത്തനംതിട്ട 689104

### ആലപ്പുഴ

**കെ എൻ. മോഹൻ കുമാർ,** തെക്കേമഠം, ഈരേഴതെക്ക്, ചെട്ടിക്കുളങ്ങര, മാവേലിക്കര, ആലപ്പുഴ.

**റീജാ ഷാജി,** ഉമാപറമ്പിൽ ഹൗസ്, സനാതനപുരം പി. ഒ, കൈതവന, ആലപ്പുഴ.

### കോട്ടയം

കെ. ജി. അജിത്ത്, കാഞ്ഞിരത്തറ വീട്, പള്ളം പി. ഒ, നാട്ടകം, കോട്ടയം - 686007.

**ഫാത്തിമ ഇബ്രാഹിം,** ഇല്ലിക്കൽ വീട്, കിളിരൂർ നോർത്ത് പി. ഒ, കോട്ടയം

**കെ. വി. പവിത്രൻ,** സാന്ദ്രാലയം, കിഴക്കേനട പി. ഒ, വൈക്കം, കോട്ടയം.

### ഇടുക്കി

**ഇ.കെ രാജപ്പൻ,** ഇളം പ്ലാക്കാട്ടിൽ, രാമക്കൽ മേട്, ഇടുക്കി

**രാജി ജോർജ്ജ്,** ചക്കാലകുന്നേൽ, ചേലച്ചുവട് പി. ഒ, ഇടുക്കി

**ടോമി തോമസ്,** വാഴചാരിക്കൽ വീട്, മറ്റത്തിപ്പാറ പി. ഒ, കരിങ്കുന്നം വഴി, തൊടുപുഴ, ഇടുക്കി

### കണ്ണൂർ

**ഇ.എം.പി അബൂബക്കർ,** ഇഎം പി വില്ല, പെരുമ്പ, പയ്യന്നൂർ പി.

**ജലജ പി. പി,** പുതുപറമ്പിൽ ഹൗസ്, മന്നംചേരി, കൊട്ടിയൂർ പി. ഒ, കണ്ണൂർ -670651

**വിജയൻ നണിയൂർ,** രമാലയം, ധർമ്മകിണർ, പപ്പിനിശ്ശേരി പി. ഒ, കണ്ണൂർ - 670651.

### കാസർഗോഡ്

**പി. കെ. അബ്ദുള്ള,** ജബീർ വില്ല, പൂച്ചക്കാട് പി. ഒ, കീക്കാൻ, കാസർഗോഡ്

**ശ്രീലത കെ,** സെഞ്ചുറി കിണാതിൽ, ഇടചാക്കെ പി. ഒ, കാസർഗോഡ് -671310

**അസൈനാർ നുള്ളിപ്പാടി,** നുള്ളിപ്പാടി ഹൗസ്, ഹിതായത്ത് നഗർ പി. ഒ, വിദ്യാനഗർ, കാസർഗോഡ് - 3

### മലപ്പുറം

**ടി. പി. ദിലീപ്,** ടി. പി. ഹൗസ്, ഗസ്റ്റ് ഹൗസിന് സമീപം, മലപ്പുറം

**സീനത്ത് ഇസ്മയിൽ,** ഇലംകുളത്ത് ഹൗസ്, ഇരിക്കാവൂർ പി. ഒ, തിരൂർ - 1

**വിജയകൃഷ്ണൻ ഏ. വി,** അഹം വീട്ടിൽ ഹൗസ്, നെടുവ പി. ഒ, പരപ്പനങ്ങാടി, മലപ്പുറം -673636

### വയനാട്

**മേരി രാജു,** വലിയകത്തിൽ, വാളവയൽ പി. ഒ, കേണിച്ചിറ.

**കെ. കെ. നാണു,** പ്രഭാസ്റ്റുഡിയോ, അമ്പലവയൽ പി. ഒ

**മുഹമ്മദ് ഉനൈസ് ടി,** തച്ചുറയ്ക്കൽ ഹൗസ്, കല്ലൂർ -66, നൂൽപുഴ പി ഒ സുൽത്താൻ ബത്തേരി, വയനാട് - 673592.

### കോഴിക്കോട്

**സി. വി. ഇക്ക്ബാൽ,** ചോരണ്ടി വീട്, നല്ലളം, കോഴിക്കോട് -27

**വിമല നാരായണൻ,** ബ്ലോസം, കണ്ണൂർക്കര, വടകര, കോഴിക്കോട്

**ഹംസ കെ. കെ,** കടയ്ക്കാടൻ ഹൗസ്, കമ്പാറ ബസാർ പി. ഒ, കൂടരഞ്ഞി (വഴി), കോഴിക്കോട് -673604.

### എറണാകുളം

**എം. യു അഷറഫ്,** പ്രവാസി മൻസിൽ, തങ്കളം, കോതമംഗലം പി. ഒ, എറണാകുളം.

**വിജില ശ്രീലാൽ,** നികത്തി ഹൗസ്, കെടാമംഗലം, നോർത്ത് പറവൂർ.

**തോമസ് കെ. തോമസ്,** 2-സി മാതർ ഇ എൽ കാസിൽ, ജവഹർ അവന്യു ജവഹർ നഗർ, കടവന്ത്ര, എറണാകുളം -682020

### തൃശ്ശൂർ

**എൻ എ ജോൺ,** ഞാലിയത്ത് വീട്,മന്നലൂർ പി. ഒ, തൃശ്ശൂർ -680581

**പി. എൽ. പ്രസന്ന,** ചെറുവത്തൂർ വീട്, പറപ്പൂർ പി. ഒ, തൃശ്ശൂർ -680552.

**വി എസ്. പ്രിൻസ്,** വലിയപറമ്പിൽ വീട്, അലഗപ്പ നഗർ പി. ഒ, തൃശ്ശൂർ - 680302

### പാലക്കാട്

**വി. കെ. ഉമ്മർ,** സബാന മൻസിൽ, കരയങ്കാട്, വടക്കാഞ്ചേരി പി. ഒ, പാലക്കാട്.

**കെ എ ഐഷാബി,** ടി. എം. എൻ ഹൗസ്, വി. കെ. നഗർ, മേപ്പറമ്പ്, പള്ളിപ്പുറം പി. ഒ, പാലക്കാട്.

**സതീഷ് എസ്,**

തായംകോട് ഹൗസ്, കണ്ണന്നൂർ പി. ഒ, പാലക്കാട്.

ക്രൈം



എ.സി. ആനന്ദൻ

# അരക്ഷിത ബാല്യം

ഉണ്ണി കൈക്കെടുക്കാനും, ഉണ്ണി വായ്ക്കുണ്ണാനും മാത്രമായാണ് പ്രകൃതി അതിന്റെ സർവ്വമാധുര്യവും തന്റെ കനികളിൽ നിറച്ചുവയ്ക്കുന്നത് എന്ന സത്യം, മാമ്പഴം എന്ന കവിതയിലൂടെ ദർശിച്ച വൈലോപ്പിള്ളി, ഇന്നുണ്ടായിരുന്നെങ്കിൽ, സഹ്യാദ്രിതോറും വന്നലയ്ക്കുന്ന ശിശുവിലാപങ്ങൾ കേട്ട് നടുങ്ങുമായിരുന്നു. ഏതൊരു ബാല്യത്തിനു മുന്നിലും പ്രകൃതി, അതിന്റെ സർവ്വ മധുരവും നിറച്ചുവയ്ക്കുമ്പോൾ സ്വന്തം കുഞ്ഞുങ്ങളോട്, ഒരു പുഴുവിനു കൊടുക്കുന്ന പരിഗണന പോലും നൽകാതെയാണ്, ചില മാതാപിതാക്കൾ ക്രൂരത കാണിക്കുന്നത്. പൈശാചികതയെ അതിന്റെ സർവ്വ ഭീകരതയിലും പരീക്ഷിച്ചു വികസിപ്പിച്ചെടുക്കുവാനുള്ള ഉപകരണമായി, അച്ഛനമ്മമാർ കുട്ടികളെ കാണുന്ന അവസ്ഥ ഇന്ന് കേരളത്തിൽ, വെടിമരുന്നിൽ തീ പടരുന്ന വേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

"ഒരു ജന്തുവിനും സ്വപുത്രരിൽ പരുഷത്വം വിധി നൽകിയില്ല താൻ" എന്ന്, മാതൃത്വത്തിന്റെ വിസ്മയ പ്രകൃതിയിൽ അത്ഭുതസ്മിതനായി നിന്നുപോകുന്ന കുമാരനാശാന്റെ നാടാണ്, ഇന്ന് ശൈശവരക്തം വീണ് ചുവന്നുപോകുന്നത്.

മാതാപിതാക്കളാൽ ശിക്ഷിക്കപ്പെടുമ്പോഴും, അവരെത്തന്നെ അഭയം തേടി കെട്ടിപ്പുണർന്നു വിലപിക്കുന്ന കുഞ്ഞുങ്ങളെ, നാം എവിടെയെല്ലാം കണ്ടിരിക്കുന്നു. വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും, അത്യഗാധമായ കാരുണ്യത്തിന്റെയും, തകർക്കാനാവാത്ത സംരക്ഷണമായിരിക്കണം ഏത് പിതാവിന്റെയും, മാതാവിന്റെയും മാറിടങ്ങൾ. എന്നാൽ ഇന്നത്, ഓരോ അണുവും പിളർന്നു ചാടുന്ന നരസിംഹമൂർത്തികൾക്കുള്ള മടകളായി മാറിയിരിക്കുന്നു; ചിലരിലെങ്കിലും.

തൊടുപുഴ കുമാരമംഗലത്ത്, ഭിത്തിയിലേക്ക് വാരിയടിച്ചാണ് പൂപോലെ ഓമനിക്കേണ്ട ശൈശവത്തെ ഒരച്ഛൻ ഛിന്നഭിന്നമാക്കിയത്. വൈദ്യശാസ്ത്രത്തിന്റെ മഹാസമുദ്രങ്ങൾ ആകെ കടഞ്ഞുനോക്കിയിട്ടും, ആ കുരുന്നുപ്രാണനെ രക്ഷിക്കാനുള്ള അമൃതകണിക, ലഭ്യമായില്ല. നോക്കൂ, ഒരു കുരുന്ന് പ്രാണൻ ആഴ്ന്നുപോയ ക്രൂരതയുടെ ആഴക്കയം!

തൊടുപുഴ മാത്രമല്ല, കേരളത്തിന്റെ ഏതു മുക്കിലും മൂലയിലും, ശിശുലോകത്തെ, കരുണയുടെ പുഴ വറ്റിവരണ്ടുകഴിഞ്ഞു.

അയ്യപ്പപ്പണിക്കർ ഇങ്ങനെ വിലപിക്കുന്നത് ചെവിയിൽ മുഴങ്ങുന്നു – "തനിക്കൊടുവിലായ്, ജനിച്ചൊരിപ്പൂതൻ, മനുഷ്യപുത്രനെന്നഹങ്കരിപ്പവൻ തിരിച്ചുതന്നതും, മരണപാത്രമോ.'

മനുഷ്യനീ ജന്മം മതിയായെന്നതോ? എന്നും കവി തലതിരിഞ്ഞ മനുഷ്യാവസ്ഥയെ കണ്ട്, അന്ധാളിക്കുന്നു.

ജന്തുലോകത്തെ ഏറ്റവും ദുർബ്ബ വിഭാഗമാണ് ശിശുക്കൾ. "രക്ഷിക്കാമോ? എന്നെ ജീവിപ്പിക്കാമോ?" എന്ന ആർദ്രമായ ചോദ്യത്തെ, ഒരു വിലാപത്തിലൂടെ ചോദിച്ചുകൊണ്ടാണ്, ഓരോ ശിശുവും, ഭൂജാതനാകുന്നത്. ഈ വിലാപം ദൈവത്തിന്റെ വിലാപവും, ദൈവത്തിന്റെ ചോദ്യവുമാണ്. ഒരു ശിശു അതിന്റെ ജനനാനന്തരം, കരച്ചിൽ നിർത്തുന്നതും, അത് സ്വന്തം മാതാവിന്റെയും പിതാവിന്റെയും ബന്ധുമിത്രാദികളുടെയും മുഖത്തു നോക്കി, പുഞ്ചിരിക്കുന്നതും മാതാപിതാക്കൾ ആ ശിശുവിന് കൊടുക്കുന്ന ഹൃദയംകൊണ്ടുള്ള സമ്മതവാഗ്ദാനം ഉള്ളത്തിൽ ഉൾക്കൊണ്ടുകഴിയുമ്പോൾ മാത്രമാണ്.

മനുഷ്യലോകം കൊടുക്കുന്ന ഈ വാഗ്ദാനം, അലംഘനീയമായി പാലിച്ചേ മതിയാകൂ. ഇതിന്റെ ലംഘനവും, അതിക്രമവും ശിശുലോകത്തോടും, പ്രകൃതിയോടും, പ്രപഞ്ചത്തോടും, ദൈവത്തോടും കാട്ടുന്ന പ്രതിജ്ഞാലംഘനമാണ്. ആ ലംഘനത്തിന് വിധി വിധിക്കുന്ന ശിക്ഷ സർവ്വനാശത്തോടുംകൂടിയ ഉന്മൂലനം മാത്രമായിരിക്കും! ■

അമേരിക്കൻ വിശേഷം

# ഡോ. ആനി പോളിന് ഡമോക്രാറ്റിക് പ്രൈമറിയിൽ വിജയം



ന്യൂയോർക്ക്. റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററായി മൂന്നാം തവണയും മത്സരിക്കു ന്ന ഡോ. ആനി പോൾ ഡെമോക്രാറ്റിക് പ്രൈമറിയിൽ വിജയിച്ചു. ഡെമോക്രാറ്റുകൾക്ക് ഭൂരിപക്ഷമുള്ള ഡിസ്ട്രിക്ട് 14 – ൽ ആനി പോൾ നവംബറിൽ വീണ്ടും വിജയം ആവർത്തിക്കുമെന്നു കരുതുന്നു.

കഴിഞ്ഞ തവണ എതിരില്ലാതെ ജയിച്ചുവെങ്കിലും ഇത്തവന മലയാളിയായ അജിൻ ആന്റ ണിയും അന്റോണിൻ അമിസിയാലും ശക്തമായ മത്സരവുമായി രംഗത്തുണ്ടായിരുന്നു. ഡോ. ആനി പോളിന് 70.49 ശതമാനം വോട്ട് ലഭിച്ചപ്പോൾ അജിൻ ആന്റണിക്ക് 17.73 ശതമാനവും അമിസിയാലിന് 9.87 ശതമാനവും വോട്ട് മാത്രമാണ് കിട്ടിയത്. അജിൻ ആന്റണി ഡെമോക്രാറ്റിക് പ്രൈമറിയിൽ തോറ്റെങ്കിലും റിപ്പബ്ലിക്കൻ പാർട്ടിയുടെ കൂടി പിന്തുണ ഉള്ളതിനാൽ നവംബറിലും എതിരാളിയായിരിക്കും.

ന്യൂയോർക്ക് സ്റ്റേറ്റിലെ ആദ്യത്തെ ഇന്ത്യൻ വനിതാ ലെജിസ്ലേറ്ററായ ഡോ. ആനി പോൾ മൂന്നാം പ്രാവസ്യവും റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററിലെ മജോറിറ്റി ലീഡറായി തുടരുന്നു. ഡോ. ആനി പോളിന്റെ സേവന സന്നദ്ധതയും ഉത്തമമായ പ്രവർത്തനങ്ങളും വിലയിരുത്തിയാണ് ഡെമോക്രാറ്റിക് കോക്കസ് മൂന്നാം പ്രാവശ്യവും ഈ സ്ഥാന ത്തേക്ക് തെരഞ്ഞെടുത്തത്. റോക്ക് ലാൻഡ് കൗണ്ടിയിലെ ലെജിസ്ലേറ്ററെന്ന നിലയിൽ ഡോ. ആനി പോളിന്റെ കഴിഞ്ഞ എട്ടുവർഷത്തെ പ്രവർത്തനങ്ങൾ മുഖ്യധാരയിലും ഇന്ത്യൻ സമൂഹത്തിലും ഏറെ അഭിനന്ദനം നേടിയിരുന്നു. ഓഗസ്റ്റ് മാസം ഇന്ത്യൻ ഹെറിറ്റേജ് മാസമായി ന്യൂയോർക്ക് സ്റ്റേറ്റ് പ്രഖ്യാപിച്ചതിന്റെ പിന്നിൽ ആനി പോളാണ് മുൻ കൈയെടുത്തു പ്രവർത്തിച്ചത്. സ്റ്റേറ്റ് അസംബ്ലിയും സെനറ്റും ഇന്ത്യൻ ഹെറിറ്റേജ് മാസം പ്രഖ്യാപിച്ചുള്ള പ്രമേയം പാസാക്കുകയും ഗവർണർ അത് ഒപ്പിട്ട് പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുന്നത് ഇന്ത്യൻ സമൂഹത്തിനുള്ള അംഗീകാരവുമായി. മൈനോറിറ്റി ആൻഡ് വിമൻ ഓൺഡ് ബിസിനസ് എന്റർപ്രൈസസ് (എംഡബ്ല്യുബിഇ) എന്ന സ്പെ ഷ്യൽ കമ്മിറ്റി രൂപീകരിച്ചത് ആനി പോളിന്റെ നിർദ്ദേശപ്രകാരമാണ്. ഇ-സിഗരറ്റ് മറ്റ് സിഗരറ്റുകളെപ്പോലെ ഹാനികരമാണെന്നും സിഗരറ്റിന്റെ നിയമങ്ങളോടൊപ്പം ഇ-സിഗര റ്റിനെയും ഉൾക്കോള്ളിക്കണമെന്നുള്ള റോക്ക് ലാൻഡ് കൗണ്ടിയിലെ ലോക്കൽ നിയമം കൊണ്ടുവന്നതിന്റെ പിന്നിലും ആനി പോളാണ് പ്രവർത്തിച്ചത്. പുക വലിക്കുന്നവരുടെ മിനിമം പ്രായം 18 ൽ നിന്ന് 21-ലേക്ക് ഉയർത്താൻ കഴിഞ്ഞതോടൊപ്പം തന്നെ ന്യൂയോർ ക്ക് സംസ്ഥാനം അതു നിയമമായി പ്രഖ്യാപിക്കുകയും ചെയ്തു. മൈനോറിറ്റി ആൻഡ് വിമൻ ഓൺഡ് ബിസിനസ് എന്റർപ്രൈസസ് കമ്മിറ്റി ചെയർ, മൾട്ടി സർവീസ് കമ്മിറ്റി വൈസ് ചെയർ, പബ്ലിക്ക് സേഫ്റ്റി കമ്മിറ്റി മെംബർ, പ്ലാനിംഗ് ആൻഡ് പബ്ലിക്ക് വർക്സ് കമ്മിറ്റി മംബർ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് കമ്മിറ്റി കമ്മീഷണർ എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു. നേഴ്സ് പ്രാക്ടീഷണർ സംഘടനയുടെ സാരഥികളിലൊരാൾ കൂടിയായ ഡോ. ആനി പോൾ മുൻ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയിൽ നിന്നു മികച്ച നേഴ്സിനുള്ള അവാർഡ് നേടിയിട്ടുണ്ട്.

# തിളക്കമാർന്ന വിജയവുമായി ഫിലിപ്പ് പാറയിൽ




മയാമി. പാംബീച്ച് കൗണ്ടി സ്കൂൾ ഡിസ്ട്രിക്ടിലെ പ്രശസ്തമായ സൺകോസ്റ്റ് ഹൈസ്കൂളിൽ നിന്ന് ഉയർന്ന മാർക്കോടു കൂടി ഫിലിപ്പ് പാറയിൽ വലിഡിക്റ്റോറിയൻ ആയി. പഠനത്തിൽ മാത്രമല്ല പഠ്യേതര വിഷയങ്ങളിലും പ്രതി തെളിയിച്ച ഈ മിടു ക്കനെ തേടി ഒട്ടനവധി സ്കോളർഷിപ്പുകളും അവർഡുകളും എത്തിയിട്ടുണ്ട്. സ്കൂളിലെ സ്പാനിഷ് ഹോണർ സൊസൈറ്റി പ്രസിഡണ്ടും നാഷനൽ ഹോണർ സാസൈറ്റിയുടെ ട്രഷററുമായും മൂ ആൽഫാ ബീറ്റാ ക്ലബ്ബിലൂടെയും തന്റെ നേതൃത്വവാസന തെളിയിച്ച ഫിലിപ്പ്, സൺകോറ്റ് റൈറ്റിംഗ് ലാബിലെ മികച്ച ട്യൂട്ടറായി മാത്സ്, ഫിസിക്സ്, ഗ്രാമർ എന്നീ വിഷയങ്ങളിൽ പഠനത്തിനു പിന്നോക്കം നിന്നിരുന്ന സഹപാഠികൾക്ക് പഠന വിഷയങ്ങൾ പറഞ്ഞുകൊടുത്ത് സഹായം ചെയ്യാൻ സമയം കണ്ടെത്തി മാതൃകയാ കാനും ഈ മിടുക്കനു കഴിഞ്ഞു. അമേരിക്കയിലെ പ്രശസ്തമായ നിരവധി യൂണിവേഴ്സിറ്റികളിൽ നിന്നും അഡ്മിഷൻ ലഭിച്ചെങ്കിലും ജോർജ്ജ് വാഷിങ്ടൺ യൂണിവേഴ്സിറ്റിയുടെ ഏഴു വർഷത്തെ ബി. എ. എം. ഡി പ്രോഗ്രാമിൽ ചേർന്ന് ഓർത്തോപീഡിക് ഡോക്ടറാകാനാണ് ഈ കൊച്ചുമിടുക്കൻ ആഗ്രഹിക്കുന്നത്. പാംബീച്ച് കൗണ്ടറിലെ വെല്ലിംങ്ടൺ നഗരത്തിൽ താമസി ക്കുന്ന പാല കൊഴുവനാൽ പാറയിൽ മാത്യു (സുനിൽ) ബിസിനസ്-ക്രിസ്റ്റി എം. പാറയിൽ (ഫാർമസിസ്റ്റ്)ന്റെയും സീമന്തപുത്രനാണ്.

# ജീവിതം രേഖപ്പെടുത്തുന്നതും രൂപപ്പെടുത്തുന്നതും സാഹിത്യ ധർമ്മമാണ്: എം. എൻ. കാരശ്ശേരി

*സുരേന്ദ്രൻ നായർ*

അതാതു കാലത്തെ ജീവിതയാഥാർത്ഥ്യങ്ങളെ രേഖപ്പെടുത്തിയും വിചാരണ ചെയ്തും ഭാവിസമൂഹത്തെ രൂപപ്പെടുത്താനുള്ള ധാർമ്മിക ഉത്തരവാദിത്വം ഓരോ സാഹിത്യകാരനുമുണ്ടെന്ന് പ്രമുഖ നിരൂപകനും സംവാദകനുമായ എം. എൻ. കാരശ്ശേരി.

മിഷിഗൺ മലയാളി ലിറ്ററി അസോസിയേഷൻ (മിലൻ) ഡിട്രോയിറ്റിൽ സംഘടിപ്പിച്ച സാഹിത്യ സംവാദത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു പ്രോഫ. കാരശ്ശേരി. ശരിയായ അർത്ഥത്തിൽ നിന്നും അന്യമാകുന്ന ഭാഷാപ്രയോഗങ്ങൾ പലപ്പോഴും എഴുത്തുകാരന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യാറുമുണ്ട്. ശ്രീരാമചന്ദ്രന്റെ രാജസഭയിൽ സധൈര്യം കടന്നുചെന്ന് സീതാ പരിത്യാഗത്തിന്റെ നീതിബോധത്തെ ചോദ്യം ചെയ്ത ആദികവി വാല്മീകിയും കൗമാരത്തിൽ കാലപുരി പുൽകിയ അഭി മന്യുവിന്റെ ദാരുണ മരണത്തെക്കുറിച്ച് യുദ്ധഭൂമിയിൽ വെച്ച് ഭഗവാൻ കൃഷ്ണനോട് ഗാന്ധാരിയി ലൂടെ ധർമ്മാധർമ്മ വിചാരണ നടത്തുന്ന വ്യാസനും ഉത്തമ സാഹിത്യകാരന്റെ ധർമ്മം എന്തെന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നു ഇദ്ദേഹം വിശദീകരിച്ചു. അഭിജ്ഞാന ശകുന്തളത്തിൽ കണ്വപുത്രി ശകുന്തളയിലൂടെയും രഘുവംശത്തിൽ ഉഴവുചാലിൽ നിന്നും ഉദയം ചെയ്ത സീതയെന്ന അനാഥപെണ്ണിലൂടെയും സ്ത്രീശക്തിയുടെ ഉത്തമ മാതൃകകളെ വിശ്വസാഹിത്യത്തിന് കാട്ടിക്കൊടുത്ത കാലാതീതനായ കവി കാളിദാസൻ കാലത്തിനു മുമ്പേ സഞ്ചരിച്ച പ്രതിഭയായിരുന്നുവെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.



യവന സാഹിത്യത്തിലെ ഇതിഹാസകാരൻ അന്ധനായ ഹോമർ, സ്വന്തമായി ഒരു വരിപോലും എഴുതാതെ ശിഷ്യനായ പ്ലേറ്റോവിലൂടെ തന്റെ ദർശനങ്ങളെ ജനഹൃദയങ്ങളിൽ എത്തിച്ച സോക്രട്ടീസ്, അന്തർധ്യാനത്തിന്റെയും നിസ്സംഗതയുടെയും ശക്തിയെ ആവഹിച്ച സൂഫിവര്യൻ ജലാലുദ്ദീൻ റൂമി, കരുത്തുറ്റ പാത്രസൃഷ്ടികളിലൂടെ നാടക സങ്കല്പങ്ങളെ മാറ്റിമറിച്ച വില്യം ഷേക്സ്പിയർ, മദ്യവും മദിരാക്ഷിയും ഊർജ്ജമാക്കി ജീവിതം ആഘോഷമാക്കിയ കഥാപാത്രങ്ങളെ അണിനിരത്തിയ ഒമർ ഖയാമിൻ തുടങ്ങി ലോകോത്തര സാഹിത്യകാരന്മാരുടെ വാതായനങ്ങൾ തുറന്ന പ്രഭാഷണം പി. കുഞ്ഞിരാമൻ നായരിലൂടെ ബഷീറും ഒ. വി. വിജയനും പിന്നിട്ട് ബൗദ്ധികവിമർശനങ്ങളിലൂടെ അടുത്തകാലം വരെ മലയാളിയെ സ്വാധീനിച്ചിരുന്നു സുകുമാർ അഴിക്കോട് വരെയുള്ള പ്രതിഭകളിലേക്കു പ്രകാശം ചൊരിഞ്ഞു.

മിലൻ പ്രസിഡ്ണ്ട് മാത്യു ചെരുവിലിന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച സംവാദത്തിൽ വൈസ് പ്രസിഡണ്ട് സുരേന്ദ്രൻ നായർ മോഡറേറ്ററായിരുന്നു.

# ഷാർജ ഭരണാധികാരിയുടെ മകൻ അന്തരിച്ചു

ഷാർജ ഭരണാധികാരിയുടെ മകൻ ഷെയ്ഖ് ഖാലിദ് ബിൻ സുൽത്താൻ അൽ ഖാസിമി നിര്യാതനായി. 39 വയസ്സായിരുന്നു. ഷെയ്ഖ് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയുടെ രണ്ടാമത്തെ മകനായ ഖാലിദ് ലണ്ടനിൽ തിങ്കളാഴ്ചയാണ് മരിച്ചതെന്ന് ഷാർജ മീഡിയ ഓഫീസ് അറിയിച്ചു. നഗരാസൂത്രണ കൗൺസിൽ ചെയർമാനായിരുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു ഷാർജ ആർകിടെക്ചർ പ്രദർശനം സംഘടിപ്പിച്ചിരുന്നത്.

മികച്ച ഫാഷൻ ഡിസൈനറായിരുന്ന ഷെയ്ഖ് ഖാലിദ് ബ്രിട്ടീഷ് ഫാഷൻ ലേബലിന്റെ സഹ സ്ഥാപകനുമായിരുന്നു. ലണ്ടനിലെ ടോൺബ്രിഡ്ജ് സ്കൂളിലും ലണ്ടൻ സർവകലാശാലയിലുമായിരുന്നു വിദ്യാഭ്യാസം. ആർകിടെക്ചറിൽ ബിരുദം കരസ്ഥമാക്കിയ അദ്ദേഹം ലണ്ടനിലെ സെയ്ന്റ് മാർടിനൽസ് കോളേജിൽ നിന്നും ബിഎ വിമൻസ്വിയർ കോഴ്സും വിജയകരമായി പൂർത്തിയാക്കിയ ശേഷമാണ് ഫാഷൻ ഡിസൈനിങ്ങിലേക്ക് കടന്നത്.



മൂത്ത സഹോദരൻ ഷെയ്ഖ് മുഹമ്മദ് 1999ൽ നിര്യാതനായി. യുഎഇയിൽ മൂന്നു ദിവസം പ്രസിഡന്റ് ഷെയ്ഖ് ഖലീഫ ദു:ഖാചരണം പ്രഖ്യാപിച്ചു.

യുഎഇ ഷാർജാ ഭരണാധികാരിയുടെ കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

# സംഹാരാത്മകമല്ല, സംവാദാത്മകമാണ് ഇന്ത്യൻ സംസ്കാരം: പി ശ്രീരാമകൃഷ്ണൻ




റിയാദ്: ജനാധിപത്യ വിശ്വാസികൾക്ക് ഒരിക്കലും പ്രതീക്ഷിക്കാൻ കഴിയാത്ത, ജനാധിപത്യത്തെ മാറ്റിമറിക്കുന്ന പുതിയ രീതികളുടെ വഴിത്തിരിവിലൂടെയാണ് ഇന്ത്യൻ ജനാധിപത്യം ഇന്ന് കടന്നു പോയിക്കൊണ്ടിരിക്കുന്നത് എന്ന് കേരള നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. റിയാദിൽ കേളി കലാസാംസ്കാരിക വേദി നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഞങ്ങൾ പറയുന്നതും നിശ്ചയിക്കുന്നതും മാത്രമാണ് അവസാനവാക്ക് എന്ന നിലപാടെടുക്കുന്നവരുടെ കൈകളിലാണ് ഇന്ത്യൻ ജനാധിപത്യം എത്തി നിൽക്കുന്നത്. നിങ്ങൾ എന്ത് കഴിക്കണം, എന്ത് ധരിക്കണം, എന്ത് സംസാരിക്കണം എന്ന് അവർ തീരുമാനിക്കുന്നു. ഇന്ത്യ എന്ന ആശയം തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ ഇന്ത്യ എന്ന ആശയത്തിന്റെ നിലനിൽപ്പിനായി പ്രതിരോധം തീർക്കുന്നവരുടെ സമരമാണ് ഇന്ത്യൻ ജനാധിപത്യം ഇന്ന് സാക്ഷ്യം വഹിക്കുന്നതെന്നും, ഭാരതത്തിൽ സംവാദത്തിന്റെയും ജനാധിപത്യത്തിന്റെയും സംസ്കാരം ആരുടേയും ഔദാര്യമല്ലെന്നും ആ സംസ്കാരത്തിന്റെ പ്രാതിനിധ്യത്തെ നിലനിർത്തുകയെന്നതാണ് നമ്മൾ ഓരോരുത്തരുടെയും കടമ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേളി വൈസ് പ്രസിഡണ്ട് സുധാകരൻ കല്യാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന സ്വീകരണയോഗത്തിൽ ജോ.സെക്രട്ടറി ഷമീർ കുന്നുമ്മൽ ആമുഖ പ്രഭാഷണം നടത്തി. സെക്രട്ടറി ഷൌക്കത്ത് നിലമ്പൂർ സ്വാഗതം ആശംസിച്ചു. കേളി മുഖ്യ രക്ഷാധികാരി സമിതിക്ക് വേണ്ടി ആക്ടിംഗ് കൺവീനർ കെ.പി.എം സാദിക്ക്, കേന്ദ്ര കമ്മിറ്റിക്ക് വേണ്ടി സെക്രട്ടറി ഷൌക്കത്ത് നിലമ്പൂർ, കുടുംബവേദിക്ക് വേണ്ടി പ്രസിഡണ്ട് പ്രിയ, സെക്രട്ടറി സീബ, ഖസീം പ്രവാസി സംഘത്തിനു വേണ്ടി രക്ഷാധികാരി കൺവീനർ ഷാജി വയനാട് എന്നിവർ ബൊക്കെ നൽകി സ്വീകരിച്ചു.

കേളി മുഖ്യ രക്ഷാധികാരി സമിതി അംഗങ്ങളായ ബി.പി രാജീവൻ, സതീഷ്കുമാർ, സജീവൻ ചൊവ്വ, റിയാദ് വില്ലാസ് ഡയരക്ടർ സൂരജ് പാണയിൽ, പ്രവാസി ക്ഷേമനിധി ബോർഡ് ഡയരക്ടർ ജോർജ്ജ് വർഗീസ്, ദമ്മാം നവോദയ സെക്രട്ടറി നയീം, ഖസീം പ്രവാസി സംഘം സെക്രട്ടറി പർവേസ്, എന്നിവർ സന്നിഹിതരായിരുന്നു. കേളിയുടെ വിവിധ ഏരിയകളിൽ നിന്നുള്ള പ്രവർത്തകർ, കുടുംബവേദി പ്രവർത്തകർ തുടങ്ങി നിരവധിയാളുകൾ പരിപാടിയിൽ സന്നിഹിതരായിരുന്നു.

## കേളി ഇഎംഎസ് എകെജി അനുസ്മരണം സംഘടിപ്പിച്ചു

റിയാദ്: കേളി കലാസാംസ്കാരികവേദി ഇഎംഎസ് എകെജി അനുസ്മരണം സംഘടിപ്പിച്ചു. സഖാക്കൾ ഇ.എം.എസും, എകെ.ജിയും ആ കാലഘട്ടങ്ങളിൽ ഉയർത്തിയ മുദ്രാവാക്യങ്ങൾ കൂടുതൽ പ്രസക്തമാകുന്ന, രാഷ്ട്രീയം അത്രമേൽ കലുഷിതവും സങ്കീർണ്ണവുമായ ഒരു ദശാസന്ധിയെയാണ് നാം ഇന്ന് നേരിടുന്നത്. കോർപ്പറേറ്റ് അനുകൂല സാമ്പത്തീക നയങ്ങളും വർഗീയ ഫാസിസ്റ്റ് രീതിയും മുറുകെപിടിക്കുന്ന ബിജെപ്പിക്കും, കോൺഗ്രസിനും ബദലായി ജനാധിപത്യ മതേതര ഫെഡറൽ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു സർക്കാർ സംവിധാനം നിലവിൽ വരേണ്ടത് ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ജനാധിപത്യ വിശ്വാസികളായ ജനങ്ങളെ സംബധിച്ചിടത്തോളം അത്യന്താപേക്ഷിതമായിരിക്കുകയാണ്. രാജ്യം വീണ്ടും ഒരു പൊതു തിരഞ്ഞെടുപ്പിനെ നേരിടാനോരുങ്ങുമ്പോൾ ഫാസിസ്റ്റ് സമീപനങ്ങളും വർഗ്ഗീയതയും അഴിമതിയും അടക്കം രാജ്യം ഇന്നു നേരിടുന്ന വെല്ലുവിളികളെ ജനകീയ താൽപര്യങ്ങൾക്കനുസൃതമായി ഇടതുപക്ഷ ജനാധിപത്യ മതനിരപേക്ഷ ശക്തികളുടെ കൂട്ടായ്മയിലൂടെ ഫലപ്രദമായി നേരിട്ട് പരാജയപ്പെടുത്താനുള്ള പോരാട്ടങ്ങളിൽ ഇടതുപക്ഷത്തോടൊപ്പം പങ്കുചേരണമെന്ന് റിയാദ് കേളി കലാ സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ നടന്ന ഇഎംഎസ് എകെജി അനുസ്മരണ പരിപാടികളിൽ അവതരിപ്പിച്ച അനുസ്മരണ പ്രമേയത്തിലൂടെ അഭ്യർത്ഥിച്ചു.

ബത്ത ക്ലാസിക് ഓഡിറ്റൊറിയത്തിൽ കേളി മുഖ്യരക്ഷാധികാരി സമിതി ആക്ടിംഗ് കൺവീനർ സതീഷ് കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന അനുസ്മരണ യോഗത്തിൽ കേളി സെക്രട്ടറി ഷൌക്കത്ത് നിലമ്പൂർ സ്വാഗതം ആശംസിച്ചു. കേളി പ്രസിഡണ്ട് ദയാനന്ദൻ മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി. രക്ഷാധികാരി സമിതി അംഗം ബി.പി രാജീവൻ അനുസ്മരണ പ്രമേയം അവതരിപ്പിച്ചു. കേളി കേന്ദ്ര സെക്രട്ടറിയേറ്റ് അംഗം റഷീദ് മേലേതിൽ, കേന്ദ്ര സാംസ്കാരിക വിഭാഗം കൺവീനർ ടി.ആർ.സുബ്രഹ്മണ്യൻ, കുടുംബവേദി സെക്രട്ടറി സീബ അനിരുദ്ധൻ, ദസ്തക്കീർ എന്നിവർ സംസാരിച്ചു.

# കേരള പ്രവാസി സംഘം സംസ്ഥാന ഭാരവാഹികൾ



**പി.റ്റി. കുഞ്ഞുമുഹമ്മദ്**
(Ex-MLA)9847720011
പ്രസിഡന്റ്



**കെ.വി. അബ്ദുൾ ഖാദർ**
(MLA), 9847640404,
ജനറൽ സെക്രട്ടറി



**ബാദുഷ കടലുണ്ടി**
9895220621,
ട്രഷറാർ



**കെ.വിജയകുമാർ**
9387736145
വൈസ് പ്രസിഡന്റ്




**എം.സി.അംബു**
08086104884,
വൈസ് പ്രസിഡന്റ്



**പി.കെ.അബ്ദുള്ള**
09495615526,
വൈസ് പ്രസിഡന്റ്



**എ.കെ. മൂസ മാസ്റ്റർ**
09744772001,
വൈസ് പ്രസിഡന്റ്



**പി.സെയിദാലിക്കുട്ടി**
09388033416
സെക്രട്ടറി




**ആർ. ശ്രീകൃഷ്ണ പിള്ള**
9446797278,
സെക്രട്ടറി



**എ.സി. അനന്തൻ**
9947888800
സെക്രട്ടറി



**സി.കെ. കൃഷ്ണദാസ്**
09447499904
എക്സിക്യൂട്ടീവ് മെമ്പർ



**കെ.സി. സജീവ് തൈക്കാട്**
09447477739
എക്സിക്യൂട്ടീവ് മെമ്പർ



**ഇ.എൻ.പി. അബുബക്കർ**
9447020491
എക്സിക്യൂട്ടീവ് മെമ്പർ



**പീറ്റർ മാത്യു തിരുവല്ല**
09526047177
എക്സിക്യൂട്ടീവ് മെമ്പർ

## കമ്മറ്റി അംഗങ്ങൾ

കെ.പി. ഇബ്രാഹിം, 9526580360
കെ. പ്രതീപ്കുമാർ, 9446176815
ഡി. അനിതകുമാരി, 9048666559
ആർ. രാധാകൃഷ്ണൻ, 09447497168
നന്ദിനി ജി, 0474 2704075, 08907058180
നാസർ അബ്ദുള്ള കുഞ്ഞ്, 9526320369
ശശിധരൻ, 9895453635
സുരേഷ് പരുമല, 09447201931
രഘുനാഥ് ഇടത്തിട്ട, 09745633874
കെ.എൻ. മോഹൻകുമാർ, 9946934246
പി.റ്റി. മഹേന്ദ്രൻ, 9947554607
അജിത്, കെ.ജി, 9947122797
അനിൽ. എസ്, 9447641700
രാജപ്പൻ ഇ.കെ., 9447981517
എം.യു.അഷറഫ്, 09846179717
സി.ഇ. നാസർ, 9895939052
ഇ.ഡി.ജോയി, 9562852175
വിജി ശ്രീലാൽ, 7356823439
എം.കെ.ശശിധരൻ, 09847620433
എൻ.എ. ജോൺ, 9446294993
സുലേഖ ജമാൽ, 9961428127
സി.പി. അബ്ദു റസാഖ്, 9995320280
റ്റി.പി. ദിലീപ്, 9447626996
അഡ്വ. ഗഫൂർ പി. ലില്ലീസ്, 9747210000
പ്രീതി കെ.കെ., 9745113339
വി.കെ. ഉമ്മർ, 04922255853
എ.ഡി.കെ.മജീദ്, 9747327313
എം,എ.നാസർ, 9447366536

പി.വി.നബീസ ടീച്ചർ, 9072713001
മഞ്ഞക്കുളം നാരായണൻ, 9447949964
സി.വി.മുഹമ്മദ് ഇക്ബാൽ 9072595050
മാഞ്ചോട്ടിൽ സുരേന്ദ്രൻ 09846230424
കെ.റ്റി.കെ. ഭാസ്ക്കരൻ, 9846716336
ജോഹർ എം., 9744499999
ഷാഫിജ, 7034288530
കെ.കെ.നാനു, 9946568412
എം.വി. ബാലകൃഷ്ണൻ, 9947215548
റ്റി.പി. നാരായണൻ, 9446901545
കെ. രാജേന്ദ്രൻ, 08943095855
പി. ചന്ദ്രൻ, 7559957770
പി.കെ.ജലീൽ, 9048614433
പ്രശാന്ത് കൂട്ടംമ്പള്ളി, 9446150351
ഉസ്മാൻ പൂലക്കോട്ട്, 9846887288
കെ.കെ.രാജേന്ദ്രൻ, 9447597280

# കേരള പ്രവാസി സംഘം സബ്കമ്മിറ്റികൾ

**1) സംഘടന** പി. റ്റി. കുഞ്ഞുമുഹമ്മദ് എക്സ് എം. എൽ. എ, കെ. വി. അബ്ദുൾ ഖാദർ എം. എൽ എ, പി. സെയ്താലിക്കുട്ടി, ആർ. ശ്രീകൃഷ്ണപിള്ള, പി. കെ അബ്ദുള്ള.

**2) സാമ്പത്തികം** ബാദുഷകടലുണ്ടി (കൺവീനർ), എ. കെ. മൂസ്സമാസ്റ്റർ, സി. കെ. കൃഷ്ണദാസ്, ഇ. എം. പി. അബുബേക്കർ, ഗഫൂർ പി. ലില്ലീസ്, നിസ്സാർ അംബലം കുന്ന്, എം. യു. അഷറഫ്

**3) സഹകരണസംഘം** പി. സെയ്താലിക്കുട്ടി (കൺവീണർ), പി. കെ. അബ്ദുള്ള, കെ. വിജയകുമാർ, എം. കെ.ശസിധരൻ, രഘുനാഥ് ഇടത്തിട്ട, പി ചന്ദ്രൻ

**4) സ്വയം സഹായസംഘം** കെ. വിജയകുമാർ (കൺവീനർ), ഇ. എം. പി. അബുബേക്കർ, വി. കെ.ഉമ്മർ, എൻ. എ. ജോൺ, ഇ. കെ. രാജപ്പൻ, കെ. എൻ. മോഹൻ കുമാർ, ആർ രാധാകൃഷ്ണൻ.

**5) വനിത** ആർ ശ്രീകൃഷ്ണപിള്ള (കൺവീനർ), ഡി. അനിതാകുമാരി, പി. വി. നബീസ്സടീച്ചർ, സുലേഖ ജമാൽ, ജി നന്ദിനി, ഷാഫിജ, പ്രീതി, വിജിശ്രീലാൽ.

**6) മീഡിയ** എ. സി ആനന്ദർ (കൺവീനർ) പിറ്റി. കുുഞ്ഞുമുഹമ്മദ് എക്സ് എം. എൽ എ, കെ. വി. അബ്ദുൾഖാദർ, പീറ്റർമാത്യു.

**7) പ്രസിദ്ധീകരണം** പീറ്റർ മാത്യു (കൺവീനർ), എം സി. അബു, ആർ. ശ്രീകൃഷ്ണപിള്ള, എം വി ബാലകൃഷ്ണൻ മഞ്ഞക്കുളം നാരായണൻ, കെ. ജി അജിത്ത്.

**8) പഠനം** പി. കെ. അബ്ദുള്ള (കൺവീനർ) കെ. വിജയകുമാർ, കെ സി സജീവ് തൈക്കാട്, ഡി അനിതാ കുമാരി, സി. പി. അബ്ദുൾ റസാഖ്. സി. വി. ഇക്ബാൽ, സുരേഷ് പരുമല.

**9) ലീഗൽ എയ്ഡ്സ്** പി. സെയ്താലിക്കുട്ടി (കൺവീനർ) അഡ്വ. ഗഫൂർ പി. ലില്ലീസ്, അഡ്വ കെ. മജീദ്, സുരേഷ് പരുമല.

**10) ലെയിസൺ** എ. കെ. മൂസ്സമാസ്റ്റർ (കൺവീനർ), കെ, സി. സജീവ് തൈക്കാട്, സി. ഇ നാസ്സർ, എം. സുരേന്ദ്രൻ, റ്റി. പി. ദിലീപ്, കെ,കെ നാണു.

**11) വിദേശസംഘടന** സി. കെ. കൃഷ്ണദാസ് (കൺവീനർ) ബാദുഷകടലുണ്ടി, എ. സി. ആനന്ദൻ, എ, കെ. മൂസ്സമാസ്റ്റർ, കെ. വിജയകുമാർ, എൻ.എ. ജോൺ

**12) ഓഡിറ്റ്** മൂസ്സമാസ്റ്റർ (കൺവീനർ) കെ. പി. ഇബ്രാഹിം. ടി. പി. നാരായണൻ




*പ്രാവാസി സംഘം കൊട്ടിയം ഏരിയാ കമ്മറ്റിയുടെ വകയായ സാമ്പത്തിക സഹായം മയ്യനാട് സ്വദേശി രമയുടെ കുടുംബം സംസ്ഥാന സെക്രട്ടറി ആർ. ശ്രീകൃഷ്ണപിള്ളയിൽ നിന്നും ഏറ്റുവാങ്ങുന്നു.*



*കേരളാ പ്രവാസി സംഘം പത്തനാപുരം ഏരിയാ പ്രസിഡന്റായിരുന്ന ബോസ് എം. തോപ്പിലിന്റെ നിര്യാണത്തിൽ സംഘത്തിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.*

നിരീക്ഷണം





# വീട് മലയാളിയുടെ വികാരം

**എം. മുകേഷ് എം.എൽ.എ**

സ്വന്തമായി ഒരു വീട് എന്നത് ഓരോ മലയാളിയുടെയും വലിയ സ്വപ്നമാണ്. വീടുണ്ടാക്കാൻ തീരുമാനിച്ചാൽ നമ്മൾ ആദ്യം അന്വേഷിക്കുന്നത് നല്ല മരഉരുപ്പടികൾ എവിടെ ലഭിക്കും എന്നാണ്. ഞാൻ എം.എൽ.എ ആയതിനുശേഷമുണ്ടായ ഒരു സംഭവമാണിവിടെ പറയുന്നത്. കുറച്ച് മരഉരുപ്പടികൾ വാങ്ങിക്കാനായി കൊല്ലത്തെ ഒരു സോമില്ലുമായി ബന്ധപ്പെടുകയുണ്ടായി. ആ മിൽ നടത്തിയിരുന്ന വ്യക്തി മലയാളി ആയിരുന്നില്ല; അദ്ദേഹവുമായി ഞാൻ പരിചയപ്പെട്ടു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു എനിക്ക് തടിയെക്കുറിച്ച് അറിയില്ല. നല്ല തടി ഏറ്റവും കുറഞ്ഞവിലയിൽ വേണം തരാൻ. എനിക്ക് തരുന്ന വിലയിൽ താഴ്ത്തി ജില്ലയിൽ ആർക്കെങ്കിലും തടി കൊടുത്തതായി അറിയഞ്ഞാൽ ഞാൻ ഒരു വരവുവരും എന്നൊക്കെ, അദ്ദേഹം സമ്മതിച്ചു. എന്നെ സാധാരണക്കാരനായാണൊ പരിഗണിച്ചിരിക്കുന്നതെന്ന് അറിയില്ല.

എന്തായാലും ഒരു മലയാളിയെ സംബന്ധിച്ചിടത്തോളം വീട് വയ്ക്കുക. ചെറുപ്പകാലത്ത് ജോലി അന്വേഷിക്കുക എന്നിവയൊക്കെയാണ് സാധാരണയായി കണ്ടുവരുന്നത്. ഒരു ജോലി എന്നാൽ സർക്കാർ ജോലിയാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അതിനായി ഒട്ടേറെപേർ പരിശ്രമം നടത്തിക്കൊണ്ടേയിരിക്കയാണ്. വളരെ കുറച്ചു പേർ മാത്രമാണ് കലാ സാംസ്കാരിക മേഖലകളിലേക്ക് തിരിയുന്നത്. അതിലും കുറച്ചുപേരാണ് ബിസിനസ് മേഖലയിലേക്ക് മാറുന്നത്.

ജോലികിട്ടിയാൽ ഒരാൾ എന്തു ചെയ്യുമെന്നു ചോദിച്ചാൽ ആദ്യത്തെ മറുപടി ജോലികിട്ടിയിട്ടുവേണം ഒരു വീടുണ്ടാക്കാൻ എന്നായിരിക്കും ഉത്തരം. വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്ന പ്രവാസികളുടെ പ്രഥമ പരിഗണന വീടു പണിയുക എന്നുള്ളതാണ്. അത് മലയാളിയുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ്. സ്വന്തം വീട്ടിൽ കിടന്നു മരിക്കുക എന്നതാണ് ഓരോ മലയാളി കാരണവൻമാരുടെയും ആഗ്രഹം. നാല് ചുവര് എന്നൊക്കെ ഭയങ്കര ഇമോഷനോടെയാണ് മലയാളി കാണുന്നത്.

കേരളം വിട്ട് ഞാൻ ചെന്നൈയിലും ഒക്കെ ഒട്ടേറെ കാലം താമസിച്ചിട്ടുണ്ട്. ഞാൻ താമസിച്ചിരുന്ന സ്ഥലത്തിനു സമീപം ഒരു അപ്പാർട്ട്മെന്റുണ്ടായിരുന്നു. അവിടെ ഒരാൾ താമസിക്കുന്നുണ്ടായിരുന്നു. അയാളെ കാണാനായി ഒരു ദിവസം ഒട്ടേറെ പേർ വരുമായിരുന്നു. കോടീശ്വരനായ ഒരു സ്റ്റീൽ വ്യാപാരി. ഒരു ദിവസം ഞാൻ എന്റെ അയൽവാസിയായ കോടീശ്വരനെ ഒന്നു നേരിൽ കാണണമെന്ന് തീരുമാനിച്ചു. ഞാൻ അതിരാവിലെ അവിടെ എത്തി. ഞാൻ സ്വയം പരിചയപ്പെടുത്തി, കേരളത്തിലെ ഒരു സിനിമാ നടനാണ് അടുത്ത ഫ്ളാറ്റിലെ താമസക്കാരനാണ് എന്ന്. അദ്ദേഹത്തോട് ഞാൻ ചോദിച്ചു നിങ്ങൾ ഇതല്ലാതെ ചെന്നൈയിലോ സ്വന്തം നാട്ടിലോ വേറെ വീടുകളുണ്ടോ എന്ന്. ഇല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇത്രയും വലിയ ബിസിനസുകാരനായ താങ്കൾക്ക് വീടില്ലേ? അപ്പോൾ അദ്ദേഹം പറഞ്ഞു. ഇതുപോലും വാടകയ്ക്കാണ്. അപ്പോൾ കുടുംബം? കുടുംബം വടക്കേ ഇന്ത്യയിലാണ്, ഒരു ഗ്രാമത്തിൽ. ഇവിടെ ഞാൻ മാത്രമേ ഉള്ളൂ. നമ്മൾ വീടു വയ്ക്കുന്നത് വലിയ മണ്ടത്തരമാണ് ബുദ്ധിയില്ലാത്തവരാണ് ഡെഡ് ഇൻവെസ്റ്റുമെന്റായിട്ട് വീടായി ചിലവഴിക്കുന്നത്. ഇതു നമുക്ക് കൊണ്ടുപോകാൻ കഴിയില്ല. മക്കൾക്ക് വേണ്ടിയാണെങ്കിൽ അവൻ വച്ചോളും. നമ്മൾ ഈ വാടക വീട്ടിൽ താമസിച്ച് ആ പണം കൂടി ബിസിനസിൽ ഇൻവെസ്റ്റ് ചെയ്യും. ഇതു കേട്ട ഞാൻ പറഞ്ഞു, നിങ്ങളുടെ കണക്കുകളെല്ലാം ശരിയാണ്. പക്ഷേ, കേരളത്തിൽ വന്ന് ആരോടെങ്കിലും ഈ കണക്കു പറഞ്ഞേക്കരുത്, അവർ താങ്കളെ തല്ലിയെന്നു വരും. ■

സൗന്ദര്യം





ഡോ. എലിസബത്ത് ചാക്കോ

# സൗന്ദര്യത്തിനായി അഞ്ച് സൂത്രവിദ്യകൾ

പ്രത്യേകം പരിചരണം നൽകേണ്ട വരണ്ട ചർമ്മമാണോ നിങ്ങളുടേത്? അതോ ക്ഷീണിച്ച കണ്ണുകളാണോ? അതുമല്ലെങ്കിൽ മുഖക്കുരു രൂപപ്പെടുന്ന കൊഴുപ്പു കൂടിയ ചർമ്മമാണോ?

ഇതിനെല്ലാം പരിഹാരമുണ്ട്. കാലാവസ്ഥയും സാഹചര്യങ്ങളും മാറിക്കോണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജീവിക്കുമ്പോൾ ധാരാളം പ്രശ്നങ്ങളെ നേരിടേണ്ടതായി വരും. ഇവ പരിഹരിക്കാൻ പ്രകൃതിദത്ത മാർഗങ്ങൾ ഉപയോഗിക്കാം.

**1. എണ്ണമയമുള്ള ചർമ്മം**

എണ്ണമയമുള്ള ചർമ്മത്തിൽ മുഖക്കുരു ഉണ്ടാവാനുള്ള സാധ്യത ഏറെയാണ്. മുഖക്കുരുവിൽ നിന്ന് രക്ഷ നേടാൻ അൽപം പഞ്ചസാര ചേർത്ത യോഗർട്ടുപയോഗിച്ച് ചർമ്മം മസ്സാജ് ചെയ്യാം. അതുപോലെ നാരങ്ങ രണ്ടായി മുറിച്ച് അതിന്റെ അല്ലികൾ ഉടയും വരെ ചർമ്മത്തിൽ ഉരസിയ ശേഷം തണുത്ത വെള്ളത്തിൽ മുഖം കഴുകുക.

**2 ക്ഷീണിച്ച ചർമ്മം**

നിങ്ങൾക്ക് ക്ഷീണമുണ്ടോ എന്ന ചോദ്യം പലപ്പോഴും നമ്മെ അസ്വസ്ഥരാക്കാറുണ്ട്. ഇതിന് കാരണം മനസ്സിനുള്ളിൽ നാം ക്ഷീണിച്ചിട്ടില്ല എന്നതാണ്. ചർമ്മത്തിന് ക്ഷീണം തോന്നുന്നത് ഒഴിവാ ക്കാൻ ഏറ്റവും നല്ല മാർഗ്ഗം പപ്പായ ആണ്. പപ്പായയുടെ പൾപ്പെടുത്ത് മുഖത്ത് പുരട്ടി 20 മിനിറ്റിനുശേഷം ശുദ്ധജലത്തിൽ കഴുകാം. അതു പോലെ ഓട്ട്സും തേനും അൽപം തണുത്ത പാൽ ചേർത്ത് ചർമ്മത്തിൽ പുരട്ടുന്നതും ഗുണം ചെയ്യും.

**3. പാറിപ്പറന്ന തലമുടി**

പാറിപ്പറന്ന, വരണ്ട തലമുടിയാണോ പ്രശ്നം? തിളക്കമേറിയ മുടി സ്വന്തമാക്കാൻ ഇതാ ഒരു സൂത്രവിദ്യ. ഒരുചെറുനാരങ്ങ മുറിച്ച് രണ്ട് കപ്പ് വെള്ളം നന്നായി ചൂടാക്കുക. തണുത്തശേഷം ഈ വെള്ളം ഒരു കുപ്പിയിൽ നിറച്ച് മുടിയിൽ സ്പ്രേ ചെയ്യണം. പറക്കുന്ന തലമുടി ഒതുങ്ങി പ്രകൃതിദത്തമായ തിളക്കം കൈവരിക്കാം.

**4. ചർമ്മം മൃദുവാകാൻ**

ഒരു കപ്പ് കടലുപ്പ് അരക്കപ്പ് ഒലിവ് ഓയിലും അഞ്ച് തുള്ളി ചന്ദനത്തൈലവുമായി യോജിപ്പിച്ച് ചർമ്മത്തിൽ പുരട്ടാം. 20 മിനിറ്റിനു ശേഷം തണുത്ത ടവൽ കൊണ്ട് തുടക്കാം. തിളക്കമേറിയ മൃദുചർമ്മം സ്വന്തമാക്കാൻ ഈ വിദ്യ ഉപകരിക്കും.

**5. കൺതടങ്ങളിലെ കറുപ്പ് അകറ്റാൻ**

വെള്ളരിക്ക, ഉരുളക്കിഴങ്ങ് എന്നിവയിൽ ഏതെങ്കിലും കനം കുറച്ച് വട്ടത്തിലരിഞ്ഞ ശേഷം കൺതടങ്ങളിൽ വെയ്ക്കാം. കണ്ണുകളുടെ ക്ഷീണവും കൺതടങ്ങളിലെ കറുപ്പും അകറ്റാൻ ഇതിലും എളുപ്പ മാർഗ്ഗമില്ല.

സുന്ദരിയും ആരോഗ്യവതിയുമായി നിലനിൽക്കാൻ ആഗ്രഹിക്കുന്ന വർക്ക് ധൈര്യമായി ഈ വിദ്യകൾ പരീക്ഷിക്കാം...

പാചകം

രാജം റെയ്ചൽ മാത്യു



## അടമാങ്ങാ തീയൽ

**ചേരുവകൾ**

| | | |
|---|---|---|
| ഉണങ്ങിയ മാങ്ങ (ഉപ്പു പുരട്ടി വെയിലത്ത് ഉണക്കിയത്) | – | 100 ഗ്രാം |
| ചുവന്നുള്ളി | – | 50 ഗ്രാം |
| പച്ചമുളക് | – | 4 എണ്ണം |
| മഞ്ഞൾപൊടി | – | ഒരു നുള്ള് |
| തേങ്ങ ചിരകിയത് | – | 1 തേങ്ങയുടേത് |
| മുളകുപൊടി | – | 1 ടീസ്പൂൺ |
| മല്ലിപ്പൊടി | – | ½ ടീസ്പൂൺ |
| ഉലുവപ്പൊടി | – | 1 നുള്ള് |
| കറിവേപ്പില | – | രണ്ട് തണ്ട് |
| ഉപ്പ് | – | ആവശ്യത്തിന് |

**പാകം ചെയ്യുന്നവിധം**

മാങ്ങ 10 മിനിറ്റ് വെള്ളത്തിൽ കുതിർക്കുക. അതിനുശേഷം മാങ്ങ മഞ്ഞൾപ്പൊടി, ചുവന്നുള്ളി, പച്ചമുളക്, കറിവേപ്പില, വെള്ളം എന്നിവ ചേർത്ത് വേവിക്കുക. ചിരകിയ തേങ്ങ അഞ്ചോ ആറോ കഷണം ചുവന്നുള്ളിയും ചേർത്ത് ചെറുതീയിൽ ബ്രൗൺനിറം ആകുന്നിടം വരെ വറുക്കുക. ഇത് മുളകുപൊടി, മല്ലിപ്പൊടി എന്നിവ ചേർത്തു വീണ്ടും ചൂടാക്കി അരച്ചെടുക്കുക. നല്ലതുപോലെ അരച്ച കൂട്ട് വേവിച്ചു വെച്ചിരിക്കുന്ന മാങ്ങയിലേക്കു ചേർക്കുക. തിളയ്ക്കുമ്പോൾ ഒരു നുള്ള് ഉലുവപ്പൊടി ചേർക്കുക. വാങ്ങിവച്ച് കടുകു താളിച്ച് ഉപയോഗിക്കുക.

## മാങ്ങാത്തൊലി തോരൻ

**ചേരുവകൾ**

| | | |
|---|---|---|
| പാകമായ 2 മാങ്ങയുടെ തൊലി ചെത്തി എടുത്തത് | – | 1 കപ്പ് |
| തേങ്ങ ചിരകിയത് | – | ½ കപ്പ് |
| ചുവന്നുള്ളി അരിഞ്ഞത് | – | ¼ കപ്പ് |
| കറിവേപ്പില | – | 1 കതിർപ്പ് |
| പച്ചമുളക് | – | 2 എണ്ണം |
| ഉലുവപ്പൊടി | – | ഒരു നുള്ള് |
| വെളിച്ചെണ്ണ | | |
| കടുക് | | |
| ഉപ്പ് | – | ആവശ്യത്തിന് |

**പാകം ചെയ്യുന്നവിധം**

രണ്ടു മാങ്ങായുടെ തൊലി നീളത്തിൽ ചെറുതായി അരിഞ്ഞതു ഉള്ളി, പച്ചമുളക് എന്നിവ ചേർത്ത് നല്ലതുപോലെ യോജിപ്പിച്ച് മൂന്നുമിനിറ്റ് വെയ്ക്കുക. ഒരു പാനോ ചെറിയ ചീനച്ചട്ടിയോ സ്റ്റൗവിൽ വെച്ച് ചൂടാക്കുക. ഒന്നോ രണ്ടോ സ്പൂൺ വെളിച്ചെണ്ണ ഒഴിച്ച് കടുകു പൊട്ടിക്കഴിയുമ്പോൾ ഉലുവപ്പൊടി ചേർക്കുക. ഇതിലേക്ക് യോജിപ്പിച്ചു വെച്ചിരിക്കുന്ന മാങ്ങയും ഉപ്പും കറിവേപ്പിലയും ചേർത്ത് ഇളക്കി അടച്ചു വെയ്ക്കുക. മൂന്നു മിനിറ്റിനുശേഷം തീ അണച്ച് ഒന്നുകൂടി ഇളക്കി വെയ്ക്കുക. (താല്പര്യമെങ്കിൽ ഇതിൽ ഉണക്കകൊഞ്ചോ, ഉണക്കമീനോ ചേർത്തും തയ്യാറാക്കാവുന്നതാണ്.)

## പച്ചമാങ്ങ ജ്യൂസ്


**ചേരുവകൾ**

| | | |
|---|---|---|
| മാങ്ങ | – | 2 എണ്ണം |
| വെള്ളം | – | 1 ലിറ്റർ |
| പഞ്ചസാര | – | 4 ടീസ്പൂൺ |

**പാകം ചെയ്യുന്നവിധം**

മാങ്ങ തൊലി കളഞ്ഞ് ചെറിയ കഷണങ്ങളാക്കി 1 ലിറ്റർ വെള്ളത്തിൽ തിളപ്പിക്കുക. അതിനുശേഷം മിക്സിയിൽ ഇട്ട് നല്ലതുപോലെ അടിക്കുക. ഇതിൽ പഞ്ചസാര ചേർത്ത് യോജിപ്പിക്കുക. അരിച്ചെടുത്തതിനുശേഷം ഐസ് ക്യൂബ് ഇട്ടോ, ഫ്രിസ്ജിൽ വച്ച് തണുപ്പിച്ചോ ഉപയോഗിക്കുക. ഏകദേശം 4 ഗ്ലാസ് ജ്യൂസ് ലഭിക്കും. ■




100%
Vegetarian
Swami's
Udupi
Restaurant
Rivera Complex, Post Office Road
Mananthavady, Wayanad - 670 645
Tel: 04935-240765 (Hotel), 240322 (Office)
BIJU MATHEW M: 9656273242




Printed and Published by M.C. Abu for Kerala Pravasi Sangam.